
# മലങ്കരസഭ

നവംബർ 1999



പ.പരുമലതിരുമേനി
ഓർമ്മപ്പെരുന്നാൾ നവം.2

## പരുമലപെരുന്നാൾ വിശേഷാൽപ്പതിപ്പ്

## പഠനത്തോടൊപ്പം സമ്പാദ്യം

അദ്ധ്വാനം കുറവ്... വരുമാനം വലുത്

നിങ്ങൾ പഠിക്കുകയാണോ?

അതോ ചെറിയ ജോലിയും ചെറിയ ശമ്പളവും മാത്രമേ ഉള്ളോ? എങ്കിലിതാ ഒരസുലഭാവസരം

**മലങ്കരസഭയുടെ ഏജന്റാവുക**

**എല്ലാ മാസവും ഒരു നിശ്ചിത തുക ലഭിക്കുന്നു.**

*വിശദവിവരങ്ങൾക്ക് എഴുതുക:*

**മാനേജിംഗ് എഡിറ്റർ, മലങ്കര സഭ, ദേവലോകം, കോട്ടയം-38**


പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ



Vineetha Monsy
Kunnamkulam



K.M. Varghese & Family
Puthencavu



താമസിച്ചതിന് ക്ഷമാപണം
Babu Thomas



Moncy Abraham



ജോസ് കുര്യനും കുടുംബവും
പായിൽ, കോട്ടയം-4



Renju Abrham
Nagpur



J.K. Varghese
Pushpak





Sorry for delay
Sini Varghese, Delhi







Excuse for the delay
A. Firm believer, U.S.A.



St. George
Nursury School
Primary School,
Chetpet



St. Mary's Nursury
Primary School
Chennai



വി. യൂദാശ്ലീഹാ
ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമേ
ഒരു വിശ്വാസി



P.J. Varghese, Barbil


# മലങ്കരസഭ

**ദേവലോകം കോട്ടയം-686 038**
**ലക്കം: 11 പുസ്തകം 55**
**നവംബർ 1999**




PATRON SAINT


## പത്രാധിപസമിതി

*പ്രസിഡന്റ്*
**ഫീലിപ്പോസ് മാർ യൗസേബിയോസ്**
ഫോൺ: 0473-322243 (Off) 325942 (Res)

*വൈസ് പ്രസിഡന്റ്*
**പൗലൂസ് മാർ മിലിത്തിയോസ്**
ഫോൺ: 0488-523001

*ചീഫ് എഡിറ്റർ*
**ഫാ. ഡോ. ജേക്കബ് കുര്യൻ**
ഫോൺ: 0481-568046

*അംഗങ്ങൾ*
**ഫാ. റ്റി.ജെ. ജോഷ്വ**
**ഫാ. കെ.എം. ജോർജ്ജ്**
**ഫാ. ജോസഫ് സാമുവൽ കറുകയിൽ**
**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**
**എ.കെ. തോമസ് (സഭാ സെക്രട്ടറി)**
**ഡോ. സാമുവേൽ ചന്ദനപ്പള്ളി**
**അഡ്വ. പി.സി. മാത്യു, പുലിക്കോട്ടിൽ**
**പോൾ മണലിൽ**
**കെ.വി. മാമ്മൻ**

*മാനേജർ*
**ഫാ. റ്റി.ജി. സഖറിയ**
ഫോൺ: 0481-578234

*മാനേജിംഗ് എഡിറ്റർ*
**ഫാ. റ്റി.എ. ഇടയാടി**
ഫോൺ: 0473-360421 (Res.)

*സർക്കുലേഷൻ കൺസൾട്ടന്റ്*
**ഒ.ജി. തരകൻ**
*ബിസിനസ്സ് മാനേജർ*
**ഡീക്കൻ. ഷൈജു കുര്യൻ**

*ഡി.റ്റി.പി.*
**എം.എസ്. ഗ്രാഫിക്സ്, ദേവലോകം**


## ഉൾത്തുടിപ്പുകൾ


**എഡിറ്റോറിയൽ**
4 ആരാധനക്രമങ്ങളെ സംബന്ധിച്ച് ഒരു നയരൂപീ........
ഫാ. ഡോ. ജേക്കബ് കുര്യൻ
5 മഹാപുരോഹിത സന്ദേശം
**ധ്യാനപംക്തി**
6 സുവിശേഷ സന്ദേശം
ഫാ. കുര്യൻ ഡാനിയേൽ
**ബൈബിൾപഠനം**
11 തിമോഥെയോസിന്റെ ലേഖനം
ഫാ. ഒ.പി. വർഗ്ഗീസ്
**ബാലസഭ**
13 പൂങ്കാറ്റിൻ കഥയും പരുമല തിരുമേനിയും
ജോയൻ, കുമരകം
**കൗൺസലറുടെ പംക്തി**
19 മദ്യപാനിയായ ഭർത്താവിന്റെ കൂടെ എങ്ങനെ....
ഫാ. ഡോ. ഒ. തോമസ്
**ലേഖനങ്ങൾ**
16 വലിയ ഇടയൻ
കുഞ്ഞുമോൻ വാരിക്കാട്
21 മതവും ദേശീയതയും
റിട്ട. ജസ്റ്റീസ് ജോൺ മാത്യു
27 കോപിപ്പിൻ, പാപം ചെയ്യാതിരിപ്പിൻ
ഫാ. സജി യോഹന്നാൻ, ചണ്ഡീഗഡ്
33 വിശ്വാസത്തിന്റെ പാറ; വിശുദ്ധിയുടെ പരിമള....
ഫാ. ജോർജ്ജ് കോശി
35 ആധുനിക ബാർ എബ്രായ.....
തോമസ് മാർ അത്താനാസ്യോസ്
38 THE IMPLICATION OF MARRIAGE CERMONY
DN. GEORGE T.
41 തലകുനിക്കണം
കേണൽ ഡി. വർഗ്ഗീസ്
**വീക്ഷണവേദി**
23 സഭ ഇരുപതാം നൂറ്റാണ്ടിൽ എന്റെ കാഴ്ചപ്പാട്
ഡേവിഡ് ഡാനിയേൽ, ന്യൂഡൽഹി
24 മലങ്കരസഭ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ
സി.എം. വർഗീസ്
**മറ മാറുമ്പോൾ-6**
29 വൈസ് പ്രസിഡന്റ് വട തിന്നാൽ മതി
വെള്ളിക്കോൽ
**കവിത**
15 പുണ്യപിതാവ്
സഭാകവി സി.പി. ചാണ്ടി
19 ഹൃദയരാഗം
ഇ.വൈ. കോശി, വെൺമണി
24 കാവൽ നീ മാത്രമേ
സൂസൻ ജോസ്, പുതുപ്പറമ്പിൽ
38 ദിവ്യതേജസ്സ്
ജോർജ്ജ് പ്രസാദ്, കിഴക്കുപ്പുറം
43 **വാർത്തകൾ**
ഫാ. അരുൾദാസ്........
എന്നേ ക്ഷമിച്ചു......
വാധ്വാ കമ്മിഷൻ.........

എഡിറ്റോറിയൽ

# ആരാധനക്രമങ്ങളെ സംബന്ധിച്ച് ഒരു നയരൂപീകരണം ആവശ്യം

## ഫാ. ഡോ. ജേക്കബ് കുര്യൻ

ആരാധനാജീവിതം ശക്തമാകുമ്പോഴേ സഭാജീവിതം ചൈതന്യമുള്ളതാകൂ. ആരാധനയ്ക്കുപയോഗിക്കുന്ന ക്രമങ്ങൾ ഉള്ളടക്കത്തിലും, ഭാഷയിലും, ശൈലിയിലും കുറ്റമറ്റതാക്കുവാനുള്ള ചുമതല "വിശ്വാസ, പട്ടത്വ" അധികാരസ്ഥാനങ്ങൾക്കുണ്ട്. ഒരു ആരാധനാ പരിഷ്ക്കരണസമിതിയെ നിയോഗിച്ച് അവർ അല്പം ചില ചെത്തിമിനുക്കലുകൾ നടത്തിയാൽ മാത്രം ഈ ചുമതല നിർവ്വഹിക്കപ്പെടുന്നില്ല. സമിതികൾ ഏതുണ്ടായാലും അവയ്ക്ക് ഒരു പ്രായോഗിക സംവിധാനം കാര്യക്ഷമമായി ഇല്ലാത്തതിനാൽ അവയിൽ പലതും ചാപിള്ളകളായി മാറുന്നു എന്ന് ഇതേ പംക്തിയിൽ സൂചിപ്പിച്ചിരുന്നു. അവയിൽ ചിലതെങ്കിലും നാമമാത്രമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയുടെ ദുരവസ്ഥകളിൽ പ്രധാനം, വ്യക്തമായ ഒരു നയരൂപീകരണത്തിന്റെ അഭാവമാണ്. ആരാധനാ പരിഷ്ക്കരണസമിതിയെക്കുറിച്ച് ഇത് വളരെ പ്രസക്തമാണ്.

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് സ്വന്തമായതും ആകമാന ഓർത്തഡോക്സ് പാരമ്പര്യത്തോട് മൗലികമായി നീതി പുലർത്തുന്നതുമായ ഒരു ആരാധനാസാഹിത്യം ഉണ്ടാകണമോ അതോ, സുറിയാനി ആരാധനക്രമങ്ങളുടെ പരിഭാഷകളിൽ ചെത്തിമിനുക്കലുകൾ വരുത്തിയാൽ മതിയോ എന്ന കാര്യത്തിൽ നയപരമായ ഒരു തീരുമാനം ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഇവയിൽ ആദ്യത്തെ ആവശ്യം ആയിരിക്കും ആത്മാഭിമാനമുള്ള ഏതൊരു സഭാംഗത്തിനും സ്വീകാര്യമായിരിക്കുന്നത്. മാത്രമല്ല, അതിനുള്ള ആദ്ധ്യാത്മിക, വൈജ്ഞാനിക, പ്രായോഗിക സാധ്യതകൾ നമുക്കിന്നുണ്ട്. ആരാധനയുടെ അടിസ്ഥാനതത്വങ്ങളെയും, വികാസപരിണാമങ്ങളെയും കുറിച്ച് അറിയാവുന്നവരും പറയാവുന്നവരുമായി ആഗോളതലത്തിൽ അധികാരികളായി സ്വീകാര്യത ലഭിച്ചിട്ടുള്ളവർ മലങ്കര സഭയ്ക്കിന്നുണ്ട്. അതിലും ഉപരിയായി, ആരാധനാനുഭവം ആത്മാവിന്റെ സുഗന്ധമായി മാറിയിട്ടുള്ളവർ (സ്വയം അങ്ങനെ അവകാശപ്പെടുവാൻ ആഗ്രഹിക്കാത്തവരാണവർ) ഇന്നും ഈ സഭയിലുണ്ട്. അവരെ ഉപയോഗിച്ച് ഒരു ആരാധനാസാഹിത്യസംബന്ധമായ നയരൂപീകരണം ഉണ്ടായാലേ, ആരാധനാപരിഷ്ക്കരണം അർത്ഥപൂർണ്ണവും ഫലപ്രദവും ആകൂ.

നയരൂപീകരണത്തിൽ വ്യക്തമായ ഉത്തരം കണ്ടെത്തേണ്ട ചോദ്യങ്ങൾ ചിലതുണ്ട്:

1. ക്രൈസ്തവാരാധനയുടെ അടിസ്ഥാനതത്വങ്ങൾ ഏവ? അവയെ ഉൾക്കൊള്ളുവാൻ ഇന്നു നിലവിലുള്ള ആരാധനസാഹിത്യത്തിനു കഴിഞ്ഞിട്ടുണ്ടോ?
2. പൗരസ്ത്യവും, സുറിയാനി അടിസ്ഥാനത്തിലുള്ളതുമായ ഇന്നത്തെ ആരാധനാ ശൈലിയുടെ സവിശേഷതകൾ എന്തൊക്കെ? അവയെ നിലനിർത്തിക്കൊണ്ടുതന്നെ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഒരു ആരാധനസാഹിത്യം സ്വതന്ത്രമായിട്ടുണ്ടാക്കുവാൻ കഴിയില്ലേ?
3. ഭാരതത്തിലെ ഒരു സഭയെന്ന നിലയിൽ, എത്രത്തോളം ഭാരതീയമായ സങ്കേതങ്ങളെ ആരാധനപാരമ്പര്യത്തിൽ ഉൾക്കൊള്ളുവാൻ കഴിയും?
4. എല്ലാക്കാലത്തും സഭയുടെ വേദശാസ്ത്രപരമായ ഒരു പ്രധാന സ്രോതസ് ആരാധനസാഹിത്യമാണ്. നിലവിലുള്ള ആരാധനസാഹിത്യത്തിൽ എന്തുകൊണ്ടോ ഉൾപ്പെടാതെപോയതോ വ്യക്തമാക്കാതെപോയതോ ആയ വേദശാസ്ത്ര വീക്ഷണങ്ങൾ ഏവ?
5. ആരാധനഭാഷയുടെ സംവേദനക്ഷമത എന്നു പറഞ്ഞാൽ എന്താണർത്ഥമാക്കേണ്ടത്? "പള്ളിഭാഷ" എന്ന നിലയിൽ രൂപപ്പെട്ടിട്ടുള്ള ശൈലികളും പ്രയോഗങ്ങളും തുടരുകയാണോ, അതോ സാധാരണക്കാർക്ക്, പ്രത്യേകിച്ച് ഇളംതലമുറയ്ക്ക്, സംവേദനക്ഷമമായ ഭാഷാശൈലി രൂപപ്പെടുത്തുകയാണോ വേണ്ടത്?
6. പരിചയിച്ചുപോയതുകൊണ്ട് മാറ്റംവരുത്തുവാൻ വിമുഖത കാണിക്കുന്നതിന്റെയും, പുതിയത് പരിചയപ്പെട്ടുവരുന്നതുവരെ ഉണ്ടാകുന്ന വൈഷമ്യത്തിന്റെയും മനഃശാസ്ത്രപരമായ യാഥാർത്ഥ്യങ്ങൾ ഏവ? ഈ യാഥാർത്ഥ്യങ്ങളെ ബോധപൂർവ്വം അതിജീവിക്കുവാൻ പര്യാപ്തമായ ഒരു തയ്യാറെടുപ്പെങ്ങനെ?
7. ഭാരതത്തിലെ ചില ക്രിസ്തീയ വിഭാഗങ്ങളിൽ നടന്നിട്ടുള്ള ആരാധനപരിഷ്ക്കരണങ്ങളിൽനിന്ന് പഠിക്കേണ്ട പ്രായോഗിക പാഠങ്ങൾ ഏവ?

ഇവകൂടാതെ മറ്റു പല ചോദ്യങ്ങളും പഠിച്ച്, സുചിന്തിതമായ ഒരു ആരാധനനയരൂപീകരണവും, തദനുസൃതമായ ധൈര്യമായ നടപടികളും ഉണ്ടാകുവാൻ ദൈവംതമ്പുരാൻ നമ്മെ സഹായിക്കട്ടെ.





# മഹാപുരോഹിത സന്ദേശം

വാത്സല്യമുള്ള മക്കളെ,

നമ്മുടെ സഭയിലെ പ്രഖ്യാപിത പരിശുദ്ധനായ പരുമല കൊച്ചുതിരുമേനിയുടെ 97–ാം ഓർമ്മപ്പെരുന്നാൾ നാം ഈ വർഷം നവംബർ 2–ാം തീയതി കൊണ്ടാടുകയാണല്ലോ. ഈ അവസരത്തിൽ ആ പരിശുദ്ധനെക്കുറിച്ചുള്ള നമ്മുടെ ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ നാം ആഗ്രഹിക്കുന്നു.

1848 ജൂൺ 15–ാം തീയതി മുളന്തുരുത്തിയിലെ ചാത്തുരുത്തി കുടുംബത്തിൽ കൊച്ചുമത്തായി, മറിയ എന്നിവരുടെ മകനായി ജനിച്ച ആ പുണ്യപിതാവ് 1902 നവംബർ 2–ാം തീയതി തന്റെ 54–ാം വയസ്സിലാണ് ഈ ലോകംവെടിഞ്ഞത്. തന്റെ 29–ാം വയസ്സിൽ മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയ അദ്ദേഹം 25 വർഷത്തോളം സഭാഭരണം നടത്തുകയും സത്യവിശ്വാസത്തിൽ ജനങ്ങളെ ഉറപ്പിക്കുകയും ചെയ്തു.

ആ പരിശുദ്ധന്റെ കബർ സ്ഥിതിചെയ്യുന്ന പുണ്യഭൂമിയാണു പരുമല. അനേകർക്കു ആശ്വാസം പകരുന്ന ഈ ആത്മീയ ശക്തികേന്ദ്രം മലങ്കരയിലെ യറുശലേമത്രെ. പരുമല തിരുമേനിയുടെ നാമത്തിൽ ഭാരതത്തിൽ മാത്രമല്ല പുറത്തു പേർഷ്യൻ ഗൾഫിലും യൂറോപ്പിലും അമേരിക്കയിലും കാനഡായിലും പള്ളികൾ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞു. അത്ഭുതങ്ങളുടെ ഉറവിടമായ പരുമലയിലെ കബറും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയും ഓർമ്മപ്പെരുന്നാളും ഇന്നു ആഗോള പ്രശസ്തി ആർജ്ജിച്ചിരിക്കുന്നു.

ആത്മശുദ്ധികൊണ്ടും അത്ഭുതസിദ്ധികൊണ്ടും ഏവർക്കും ആരാധ്യനായിത്തീർന്ന ഒരു പുണ്യപുരുഷനായിരുന്നു പരുമല മാർ ഗ്രീഗോറിയോസ്. കേരളത്തിന്റെ സാമൂഹ്യ, വിദ്യാഭ്യാസ, ആദ്ധ്യാത്മിക രംഗങ്ങളിലേക്കു കടന്നിറങ്ങി വിപ്ലവാത്മകമായ പല പരിവർത്തനങ്ങൾക്കും ബീജവാപംചെയ്ത മഹാനുഭാവനാണു പരുമലതിരുമേനി. കേവലം ദേവാലയഭിത്തിക്കുള്ളിൽ ധ്യാനത്തിനും പ്രാർത്ഥനയിലും മാത്രം ഒതുങ്ങിനിന്ന ഒരു ജീവിതമായിരുന്നില്ല അദ്ദേഹത്തിന്റേത്. പ്രത്യുത അവശതകളും ആവശ്യങ്ങളും മനസ്സിലാക്കി അതനുസരിച്ചു പ്രവർത്തിച്ച ഒരു സാമൂഹ്യ പരിഷ്കർത്താവായിരുന്നു തിരുമേനി.

സമൂഹത്തിലെ പുരോഗതി അതിലെ ജനങ്ങളുടെ വിജ്ഞാനത്തെ അനുസരിച്ചാണു നിലകൊള്ളുന്നതെന്ന സത്യം മനസ്സിലാക്കി വിദ്യാഭ്യാസരംഗത്തും ദീർഘദൃഷ്ടിയോടെ തിരുമേനി തന്റെ ശ്രദ്ധ ചെലുത്തി. തിരുവല്ല, തുമ്പമൺ, കുന്നംകുളം എന്നീ സ്ഥലങ്ങളിലെ സ്കൂളുകൾക്കു ആരംഭമിട്ടതു കൊച്ചുതിരുമേനിയാണ്.

മലങ്കരയുടെ പവിത്രമായ പാരമ്പര്യം അണുവിടപോലും വ്യതിചലിക്കാതെ അവയെ പരിരക്ഷിച്ചതു ഈ പരിശുദ്ധനായിരുന്നു. അദ്ദേഹം ഉപയോഗിച്ച പുസ്തകങ്ങളും അദ്ദേഹം പരിശീലിച്ചിരുന്ന പാരമ്പര്യങ്ങളുമാണു നമുക്കു ഇപ്പോഴും ആധാരമായിട്ടുള്ളത്.

മൺമറഞ്ഞിട്ടു വർഷങ്ങൾ പലതുകഴിഞ്ഞിട്ടും ഇന്നും ആ പരിശുദ്ധൻ മലങ്കരയിലെ മഹാജനങ്ങളുടെയിടയിൽ ജീവിക്കുന്നു. തന്റെ മക്കൾക്ക് ആശ്വാസവും വാഴ്വും ചൊരിഞ്ഞുകൊണ്ടു തിരുമേനി ദൈവസന്നിധിയിൽ, മരണത്തിനപ്പുറമുള്ള ജീവിതം ഒരു യാഥാർത്ഥ്യമാണെന്നു തെളിയിച്ചുകൊണ്ടു നിലകൊള്ളുന്നു.

നമ്മെപ്പോലെ ജനിച്ചു നമ്മെപ്പോലെയുള്ള സാഹചര്യത്തിൽ വളർന്ന ഒരു വ്യക്തിയാണു തിരുമേനി. തന്റെ ജീവിതവിശുദ്ധികൊണ്ടും പ്രാർത്ഥനാജീവിതംകൊണ്ടും പരിശുദ്ധ പദവിയിലേയ്ക്കു അദ്ദേഹം ഉയർത്തപ്പെട്ടു. ആ പദവി ഏതു മനുഷ്യനും പ്രാപിക്കാമെന്നു പരുമല തിരുമേനിയുടെ ജീവിതം നമ്മെപഠിപ്പിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതം അനുകരിക്കുക. ആ ജീവിതനിലവാരത്തിലേക്കു ഉയരുവാൻ സാധിക്കും.

പരുമലതിരുമേനിയുടെ ജീവിതം നമുക്കു മാതൃകയായിരിക്കട്ടെ. അവിടുത്തെ മദ്ധ്യസ്ഥതയിൽ നമുക്കു ശരണപ്പെടാം.

സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹങ്ങളും കൃപകളും നിങ്ങളെല്ലാവരോടുംകൂടെ സദാവർദ്ധിച്ചിരിക്കുമാറാകട്ടെ.

1999 ഒക്ടോബർ 1–ാം തീയതി കാതോലിക്കേറ്റ് അരമനയിൽനിന്ന്

ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ

# സുവിശേഷസന്ദേശം



## ഫാ. കുര്യൻ ഡാനിയേൽ

*കഴിഞ്ഞ ഒരുവർഷമായി ധ്യാനപംക്തി കൈകാര്യം ചെയ്തിരുന്നത് ബഹു. ടി.ജെ. ജോഷാച്ചനായിരുന്നു. അദ്ദേഹത്തോടുള്ള നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു. അടുത്ത ഒരുവർഷത്തേക്ക് ധ്യാനപംക്തി കൈകാര്യം ചെയ്യുന്നത് നിരണം ഭദ്രാസനാംഗവും പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് പ്രൊഫസറുമായ ഫാ. കുര്യൻ ഡാനിയേലാണ്.*

**നവംബർ 14. പുരോഹിതനായ സെഖര്യാവിനോടുള്ള അറിയിപ്പിന്റെ ഞായർ.**
**വേദഭാഗം. വി. ലൂക്കോസ് 1:5–25**

ആചാര്യനായ സെഖര്യാവിനോടുള്ള അറിയിപ്പിന്റെ ഞായറാകുന്ന ഈ ദിവസത്തെ സഭ ഗണിച്ചിരിക്കുന്നത് രക്ഷാകർത്ത്യ ദിനമായിട്ടാണ് (Parents' Day). പൗരോഹിത്യ പാരമ്പര്യത്തിലും ഗണത്തിലുംപെട്ട സെഖര്യാ എലിശബെത്ത് ദമ്പതികളെ അനുകരണീയ മാതൃകയുൾക്കൊള്ളുന്നവരും ഉത്തമ രക്ഷകർത്താക്കളുമായിട്ടാണ് തിരുവചനം സാക്ഷിക്കുന്നത്.

രാജാവും നിബിയുമായ ദാവീദ് പുരോഹിതന്മാരെ 24 ഗണങ്ങളായി തിരിച്ചിട്ടുള്ളത് ദിനവൃത്താന്തം ഒന്നാം പുസ്തകം 24–ാം അദ്ധ്യായത്തിൽ നാം കാണുന്നു. അഹരോന്റെ പിൻതുടർച്ചക്കാരനും പൗരോഹിത്യഗണത്തിൽ 8–ാം ഗണത്തിന്റെ തലവനുമായിരുന്നു അബിയാ (Abijah). സെഖര്യാവ് അബിയായുടെ ഗണത്തിൽപ്പെട്ട ഒരു പുരോഹിതനായിരുന്നു. അബിയാ എന്ന പേരിന് "യഹോവ പിതാവ്" എന്നും സെഖര്യാവ് എന്ന പേരിന് "യഹോവ ഓർക്കുന്നു'' എന്നുമാണ് അർത്ഥം. സെഖര്യാവിന്റെ ഭാര്യ എലിശബെത്തും പൗരോഹിത്യപാരമ്പര്യത്തിൽപ്പെട്ട ഒരു വനിതാ രത്നമായിരുന്നു. തിരുവചനം ഇവരെപ്പറ്റി എന്താണ് പറയുന്നത്? "ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരുമായിരുന്നു" (ലൂക്കോസ് 1:6) സന്തോഷകരമായിരിക്കേണ്ട അവരുടെ കുടുംബജീവിതത്തിൽ ദുഃഖത്തിന്റെയും ദൈവനിഷേധത്തിന്റെയും കരിനിഴൽ വീഴ്ത്താമായിരുന്ന ഒരു സംഗതിയാണ് തൊട്ടടുത്ത വാക്യത്തിൽ വായിക്കാവുന്നത്. വാക്യം 7 "എലിശബെത്ത് മച്ചിയാകകൊണ്ട് അവർക്ക് സന്തതി ഇല്ലായിരുന്നു."

ദൈവം നല്കുന്ന വലിയ സ്വത്തായിട്ടാണ് മക്കളെ ഗണിച്ചിരുന്നത്. മക്കളില്ലാതിരിക്കുക എന്നത് അപമാനമായും അനുഗ്രഹത്തിനു കുറവായും പരിഗണിക്കപ്പെട്ടിരുന്നു. അതുകൊണ്ടുതന്നെ അവർക്ക് അനുഭവപ്പെട്ടിരുന്ന മനോവേദന ഊഹിക്കാവുന്നതേയുള്ളു. ദൈവീകപദ്ധതിയ്ക്കനുസൃതമായി ഗർഭവതിയായ എലിശബെത്ത് താനനുഭവിച്ചിരുന്ന വേദന വെളിവാക്കുന്നുണ്ട്. (ലൂക്കോസ് 1:25) "മനുഷ്യരുടെയിടയിൽ എനിക്കുണ്ടായിരുന്ന നിന്ദ നീക്കുവാൻ കർത്താവ് എന്നെ കടാക്ഷിച്ച നാളിൽ ഇങ്ങനെ എനിയ്ക്കു ചെയ്തുതന്നിരിക്കുന്നു."

നാം എത്രതന്നെ ആത്മീയരായിരുന്നാലും പ്രതിസന്ധികൾ ജീവിതത്തിലുണ്ടായെന്നിരിക്കും. ലോകപ്രകാരം അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങളും നിന്ദകളും ജീവിതത്തിന്റെ ഭാഗംതന്നെയാണ്. എന്നാൽ ദൈവകൃപ കണ്ടു സന്തോഷിക്കുന്ന ഉത്തമ കുടുംബജീവിതത്തിന് രക്ഷകർത്താക്കളുടെ പങ്ക് മനസ്സിലാക്കുവാൻ ഈ പുരോഹിത ദമ്പതികളെ ശ്രദ്ധിച്ചുനോക്കേണ്ടിയിരിക്കുന്നു. അനുകരണീയ മാതൃകകൾ ഏവയെന്നു നോക്കാം.

1. നല്ല പൈതൃകം: തങ്ങൾക്കു ലഭിച്ച നല്ല പൈതൃകം ഉത്തമരക്ഷാകർത്തൃത്വത്തിന് സെഖര്യാ–എലിശബെത്ത് ദമ്പതികൾക്ക് സഹായകമായി. വരുംതലമുറകൾക്ക് നല്ല പൈതൃകം ലഭ്യമാകാൻ ശ്രമം നടക്കേണ്ടത് വർത്തമാന കാലത്തിലാണ്. പ്രകൃതികവി വേർഡ്സ്‌വത്ത് പറഞ്ഞിരിക്കുന്നു "Child is the father of man" (ശിശുവാണ് മനുഷ്യന്റെ പിതാവ്) ഭൂതകാലം ചൊവ്വുള്ളതല്ലായിരുന്നുവെന്ന് തോന്നുന്നുവെങ്കിൽ അവയിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളുക. ഭാവിയാണ് പ്രധാനം വരും തലമുറകൾക്ക്.

2. ഒരുമയുള്ള ജീവിതം: ബന്ധങ്ങൾ ഇന്ന് പല രംഗങ്ങളിലും നാം ഉദ്ദേശിക്കുന്നതിലധികം വഷളാണ്. ഇതുകൊണ്ടുതന്നെ കുടുംബബന്ധങ്ങളിലും കൂട്ടായ്മകളിലും ഇമ്പമല്ല മറിച്ച് കമ്പമാണുണ്ടാവുക. പരസ്പരമുള്ള അംഗീകരണവും സഹവർത്തിത്വവും കുടുംബജീവിതത്തിൽ വളരെയാവശ്യമാണ്. സെഖര്യാ–എലിശബെത്ത് ദമ്പതികളെപ്പറ്റി അവരിരുവരും എന്നാണല്ലോ പറയപ്പെട്ടിട്ടുള്ളത്.

3. നിരന്തരമായ പ്രാർത്ഥന: ദീർഘകാലം മക്കളില്ലാതെയിരുന്നിട്ട് ഉത്തമസന്തതികൾക്ക് ജന്മംനല്കിയ മാതാക്കളെയും അവരുടെ മക്കളെയും തിരുവചനത്തിൽ കാണുന്നുണ്ട്. യിസ്ഹാക്ക്, യാക്കോബ്, യൗസേഫ്, ശിംശോൻ, ശവുവേൽ, യോഹന്നാൻ മാംദാന എന്നിവരൊക്കെയും ഈ ഗണത്തിൽപ്പെടുന്ന മക്കളാണ്. നിരന്തരമായ പ്രാർത്ഥനയിലൂടെ പവിത്രമാക്കപ്പെട്ട ഒരു രക്ഷാകർത്തൃത്വം ഇവർക്കൊക്കെ അവകാശപ്പെട്ടിരുന്നു. സെഖര്യാ–എലിശബെത്ത് ദമ്പതികൾ രക്ഷാകർത്തൃത്വത്തിന്റെ മഹിമ നിരന്തരമായ പ്രാർത്ഥനകൊണ്ട് ഉജ്ജ്വലമാക്കി. അവർ ദൈവത്തോട് വിധേയപ്പെടുകയും ദൈവശിക്ഷ സ്വീകരിപ്പാൻ മനസ്സുവയ്ക്കുകയുംചെയ്തു. ഇതാണ് പ്രാർത്ഥന.

4. അനുഗ്രഹിക്കപ്പെട്ട സന്തതി: "സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവനില്ല'' എന്നു കർത്താവുതന്നെ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് നമുക്കറിയാം. "ജ്വലിച്ചു പ്രകാശിച്ച വിളക്കെന്ന്" മറ്റൊരവസരത്തിൽ യേശു യോഹന്നാനെക്കുറിച്ച് കല്പിച്ചു. സാക്ഷ്യജീവിതമുള്ള മക്കളാണ് ഉത്തമരക്ഷാകർത്തൃത്വത്തിന്റെ പ്രകടമായ ഭാവം. വൃക്ഷത്തെ ഫലംകൊണ്ടറിയാം എന്നാണല്ലോ.

സഭ രക്ഷാകർത്തൃദിനമായി വേർതിരിച്ചിരിക്കുന്ന ഇന്ന് നമ്മുടെ മാതാപിതാക്കളെയും പൈതൃകവും ഓർക്കാം. നാം ഉത്തമ മാതാപിതാക്കളോ എന്നു പരിശോധിക്കാം. വരുംതലമുറയ്ക്ക് നല്ല പൈതൃകം നല്കുവാൻ തക്കവണ്ണം നമുക്ക് യത്നിക്കാം.





**നവംബർ 21. ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായർ.**
**വേദഭാഗം. വി.ലൂക്കോസ്. 1:26–38.**

ചരിത്രപുരുഷനായ യേശുവിന്റെ ചരിത്രത്തിലേക്കുള്ള ഭൗതിക ആഗമനം സുസാദ്ധ്യമാക്കിത്തീർത്ത ദൈവീക പദ്ധതിയ്ക്ക് മുഖാന്തിരമായ കന്യകയാണ് വി. മറിയാം. യേശുവെന്ന നല്ല മനുഷ്യന്റെ അമ്മയായിട്ടല്ല മറിച്ച് ദൈവമാതാവായിട്ടുതന്നെയാണ് സഭയുടെ ആദിമകാലം മുതൽ മറിയാം വാഴ്ത്തപ്പെട്ടിട്ടുള്ളത്. ദൈവസന്നിധിയിൽനിന്ന് അയയ്ക്കപ്പെട്ട മാലാഖാ ദൈവത്തിന്റെ രക്ഷാപദ്ധതിയെപ്പറ്റിയുള്ള അറിയിപ്പ് ഉൾക്കൊള്ളുന്ന സംഭവമാണ് സഭ ഇന്ന് സ്മരിക്കുന്നത്.

തന്റെ ചാർച്ചക്കാരിയായ എലിശബെത്ത് ഗർഭവതിയായതിന്റെ ആറാം മാസം കന്യകയായ വി. മറിയാമിന് ഗബ്രിയേൽ മാലാഖയുടെ ദർശനമുണ്ടാകുന്നു. ഈ സമയം ദാവീദിന്റെ കുലത്തിലുള്ള യൗസേഫിന് മറിയാം വിവാഹം നിശ്ചയിക്കപ്പെട്ടിരുന്നു. അതിശയകരമായ നിലയിൽ അപ്രതീക്ഷിതമായി അനുഭവപ്പെട്ട ഈ ദിവ്യദർശനം വലിയ ഒരു പ്രവചന നിവൃത്തിയായിട്ടാണ് തിരുവചനവെളിച്ചത്തിൽ കാണുവാൻ സാധിക്കുക.

ദേവദാരുകൊണ്ടുള്ള അരമനയിൽവസിച്ച ദാവീദ് രാജാവ് നാഥാൻ പ്രവാചകനോട് ദൈവത്തിന്റെ പെട്ടകം തിരശ്ശീലയ്ക്കകത്ത് ഇരിക്കുന്ന അനുഭവത്തെക്കുറിച്ച് ദുഃഖത്തോടെ സംസാരിക്കുകയും ഒരു ആലയം പണിയുവാൻ മനസ്സുവയ്ക്കുകയും ചെയ്തു. അപ്പോൾ പ്രവാചകനിലൂടെ യഹോവ അരുൾചെയ്തു. "യഹോവ നിനക്ക് ഒരു ഗൃഹമുണ്ടാക്കും. നിന്റെ ഉദരത്തിൽനിന്നു പുറപ്പെടുവാനിരിക്കുന്ന സന്തതിയെ നിന്റെ ആയുഷ്ക്കാലം തികഞ്ഞിട്ട് നിന്റെ പിതാക്കന്മാരോടുകൂടി നീ നിദ്രകൊള്ളുമ്പോൾ ഞാൻ നിനക്ക് പിന്തുടർച്ചയായി സ്ഥിരപ്പെടുത്തുകയും അവന്റെ രാജത്വം ഉറപ്പാക്കുകയും ചെയ്യും" 2 ശമുവേൽ 7:2–12 വരെയുള്ള ഭാഗത്ത് ദർശിക്കാവുന്ന ഈ മ്ശിഹൈക പ്രവചനത്തിനു തത്തുല്യമായിട്ടാണ് വി. ലൂക്കോസ് 1:31–33 വരെയുള്ള വേദഭാഗം നമുക്ക് ദർശിക്കാനാവുക.

ഗബ്രിയേൽ മാലാഖ മുഖാന്തിരമായി മറിയാമിനു ലഭ്യമായ തിരുവചനങ്ങളുടെ അന്തഃസത്തയും അതുൾക്കൊള്ളുവാൻ പാകമായിരുന്ന മറിയാമിന്റെ നിർമ്മലമനസ്സും പഠിക്കുവാൻ ഗബ്രിയേൽ–മറിയാം സംഭാഷണമദ്ധ്യേ മറിയാമിന്റെ ചിന്തയിൽനിന്നും അധരത്തിൽനിന്നുമുയർന്ന ചില വാക്കുകൾ പരിശോധിക്കാം.

1. ഇത് എന്തൊരു വന്ദനം: ഓർക്കാപ്പുറത്തുണ്ടായ ദർശനത്തിലും കൃപ ലഭിച്ചവളേ നിനക്കു വന്ദനം എന്ന സംബോധനയിലും കർത്താവു നിന്നോടുകൂടെയുണ്ട് എന്ന പ്രഖ്യാപനത്തിലും സംഭ്രമംനിറഞ്ഞ മറിയാമിന്റെ മനസ്സിലുണ്ടായ വിചാരമാണിത്. യിസ്രയേലിന്റെ രക്ഷകനും വീണ്ടെടുപ്പുകാരനുമായ മശിഹായുടെ വരവിനുവേണ്ടി ജനതതി നോക്കിപ്പാർക്കുന്ന സമയവും ആത്മീയതയുടെ ഉപരിഭാവങ്ങൾ അറിഞ്ഞ കന്യകകൾ കർത്താവിന്റെ അമ്മയാകാനുള്ള ഭാഗ്യം പ്രതീക്ഷിച്ചുകൊണ്ടിരുന്ന സമയവുമാണെന്നോർക്കണം. ഇവിടെയിതാ തന്നിൽ അസാധാരണത്വം

**ദൈവകൃപ നാം അന്വേഷിച്ചുപോകുന്നതല്ല നമ്മെ തേടിയെത്തുന്നതാണ്. സ്വതസിദ്ധവും തന്മയത്വമുള്ളതുമായ ഒരുക്കം ജീവിതത്തിലുണ്ടാവുമ്പോൾ അതിശയിപ്പിക്കുന്ന ജീവിതദർശനങ്ങൾ ഉയരത്തിൽനിന്നു നമുക്കുണ്ടാവുക തന്നെ ചെയ്യും**

യാതൊന്നുംതന്നെ സ്വയം ആരോപിക്കാനാഗ്രഹിക്കാതെ നിർമ്മലയായ കന്യകമറിയാം. വിശുദ്ധിയുടെ ഈ ലക്ഷണംതന്നെയാണ് ഇങ്ങനെയൊരു വിചാരം മറിയാമിലുണ്ടാക്കിയത്. ദൈവകൃപ നാം അന്വേഷിച്ചുപോകുന്നതല്ല നമ്മെ തേടിയെത്തുന്നതാണ്. സ്വതസിദ്ധവും തന്മയത്വമുള്ളതുമായ ഒരുക്കം ജീവിതത്തിലുണ്ടാവുമ്പോൾ അതിശയിപ്പിക്കുന്ന ജീവിതദർശനങ്ങൾ ഉയരത്തിൽനിന്നു നമുക്കുണ്ടാവുക തന്നെ ചെയ്യും.

2. ഇത് എങ്ങനെ സംഭവിക്കും? അസ്വാഭാവികമായ നിലയിൽ തന്നിലുരുവാകുന്ന അത്യുന്നതന്റെ പുത്രനും എന്നേക്കും രാജാവായിരിക്കുന്നവനുമായ യേശുവിനെക്കുറിച്ചുള്ള അറിയിപ്പ് പ്രാപിച്ച മറിയാം സ്വാഭാവികമായ തന്റെ സംശയത്തിന് നിവാരണം തേടുകയാണ് ഈ ചോദ്യത്തിലൂടെ ചെയ്യുന്നത്. ഇവിടെ മറിയാമിന് ലഭ്യമാകുന്ന മറുപടിയിലൂടെ യേശു ദൈവപുത്രനെന്ന സ്ഥിരീകരണമുണ്ടാവുന്നു. "ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും" ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലായെന്ന സന്ദേശവും ഗബ്രിയേൽ ദൂതനിൽനിന്ന് മറിയാം പ്രാപിക്കുന്നു. ഇവിടെ എന്താണ് നമുക്ക് ദർശിക്കാവുന്നത്? യുക്തിയെ മറികടക്കുന്ന ഭക്തിയുടെ വിജയമാണ്.

3. ഇതാ ഞാൻ കർത്താവിന്റെ ദാസി: ദൈവയിഷ്ടത്തിനു വിധേയപ്പെടുത്തിക്കൊണ്ട് മറുതലിപ്പുകൂടാതെയുള്ള സമർപ്പണമാണ് മറിയാമിൽ കാണുവാൻ സാധിക്കുക. ഭീതിദമായ ഒട്ടുവളരെ കാര്യങ്ങൾ മറിയാമിനെ അലട്ടുന്നുണ്ടായിരുന്നിരിക്കാം. പുരുഷബന്ധം കൂടാതെയുള്ള ഗർഭധാരണം, ലോകത്തിന്റെ മുമ്പാകെ അപമാനിതയാകേണ്ടവരുന്ന അനുഭവം ഇത്തരത്തിലുള്ള ചിന്തകളെയെല്ലാം അപ്പാടെ തിരസ്കരിച്ചുകൊണ്ടുള്ള വിധേയത്വവും സമർപ്പണവുമാണിവിടെ.

ഭൗമിക ജീവിതത്തിൽ തന്റെ കൈവശം ഇണങ്ങിയ ആയുധമെന്ന നിലയിൽ ദൈവം മനുഷ്യനെ മനസ്സിലാക്കുമ്പോൾ ഒരുപക്ഷേ, സ്വാഭാവികതയ്ക്കു നിരക്കാത്തത് ദൈവം മനുഷ്യനോട് നിർദ്ദേശിച്ചുവെന്നിരിക്കും. യാതൊന്നും അസാദ്ധ്യമല്ലാത്ത ജഗന്നിയന്താവിന് സമ്പൂർണ്ണമായി വിധേയപ്പെടുകയല്ലാതെ ബലഹീനനായ മനുഷ്യന് തരമില്ല.

**നവംബർ 28: ഏലീശ്ബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായർ.**
**വേദഭാഗം. വി. ലൂക്കോസ്. 1:39–56.**

മാനവകുലത്തിന്റെ രക്ഷയ്ക്കും വീണ്ടെടുപ്പിനുമായി ജഡമെടുത്ത പുത്രനാം ദൈവം തനിക്ക് ഇറങ്ങിവസിക്കുവാൻ തിരഞ്ഞെടുത്ത ജഡീകരഥമാണ് വി. കന്യകമറിയാം. കർത്താവിന് വഴിയൊരുക്കുവാൻ മാനസാന്തരസ്നാനത്തിന്റെ മഹാവലിയ സന്ദേശവുമായി ദൈവനിയോഗപ്രകാരമുദിച്ച യോഹന്നാൻ സ്നാപകന്റെ മാതാവാണ് എലിശബെത്ത്. ജീവിതായോ

ധനത്തിൽ ഒരു പ്രത്യേക സാഹചര്യത്തിൽ ഇവർ തമ്മിൽ അഭിവാദ്യം ചെയ്യുന്ന സൗഹൃദം പങ്കുവയ്ക്കുന്ന ശ്രദ്ധേയമായ അനുഭവമെത്രെ ഇന്നത്തെ ചിന്ത. ഈ ഞായറാഴ്ച സഭ വനിതാദിനമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. ഇന്നത്തെ വേദഭാഗത്ത് മറിയാമിന്റെ പാട്ട് അഥവാ മാഗ്നിഫിക്കാറ്റ് (Magnificat) എന്ന പേരിൽ അറിയപ്പെടുന്ന ഭാഗം (ലൂക്കോസ്. 1:46–55) ഏറെ പ്രസിദ്ധവും ശ്രദ്ധേയവുമാണ്.

മലനാട്ടിൽ ഒരു യഹൂദ്യപട്ടണത്തിൽ ആചാര്യനായ സെഖർയ്യാവിനോടൊത്ത് താമസിച്ചിരുന്ന എലിശബെത്തിനെ നസ്രത്ത് എന്ന ഗലീല പട്ടണത്തിൽ ദാവീദ് ഗൃഹത്തിലുള്ള ജോസഫിനോടൊത്ത് താമസിച്ചിരുന്ന മറിയാം അഭിമുഖീകരിക്കുന്ന ഒരു കേവല സന്ദർശനമായിട്ടല്ല ഇതിനെ ഗണിക്കാവുന്നത്. തന്റെ ചാർച്ചക്കാരിയും കൂടിയായ എലിശബെത്തിനെ മറിയാം സന്ദർശിക്കുമ്പോൾ മൂന്നു പ്രത്യേകതകൾ ഈ വനിതകളുടെ സമാഗമനത്തിന്റെ അത്മീയഭാവത്തിനു മിഴിവേകുന്നു.

1. സന്ദർശനപശ്ചാത്തലം: കർത്താവിന്റെ ദൂതൻ ബലിപീഠത്തിന്റെ വലത്തുഭാഗത്തുനിന്നുകൊണ്ട് സെഖർയ്യാവിന് യോഹന്നാനെക്കുറിച്ചുള്ള ദർശനം നല്കിയിട്ട് ആറുമാസമായിരിക്കുന്നു. എലിശബെത്ത് ഇന്ന് ആറുമാസം ഗർഭവതിയാണ്. ഈ അത്യത്ഭുതകരമായ സംഭവം ഗബ്രിയേൽ മാലാഖ മറിയാമിനെ അറിയിച്ചതാണ് സന്ദർശനപശ്ചാത്തലം. ഗർഭവതിയായ എലിശബെത്ത് അഞ്ചുമാസക്കാലം ഒളിച്ചു പാർത്തു എന്നതിനാലാവണം ഈ അത്ഭുതസംഗതി പുറംലോകം അറിയാതെയിരുന്നത്. ഏതായിരുന്നാലും തന്റെ ഉള്ളിൽ പ്രകടമായ സന്തോഷവും അസ്വാഭാവികമായ ഈ ഗർഭധാരണം എലിശബെത്തിനെ നേരിൽക്കണ്ട് സ്ഥിരീകരിക്കാനുള്ള ആഗ്രഹവുമാണ് യഹൂദ്യമലനാട്ടിലേക്ക് മറിയമിനെ പ്രേരിപ്പിച്ചത് എന്നു നമുക്ക് ഊഹിയ്ക്കാം. എന്നാൽ ഈ രണ്ടു സ്ത്രീകളുടെ സംഗമവേളയിൽ ഉളവായ അത്ഭുതസംഭവങ്ങൾ ഈ സന്ദർശനത്തിനു പിന്നിലുണ്ടായിരുന്ന ദൈവനിയോഗത്തെപ്പറ്റിയും നമ്മെ ബോധമുള്ളവരാക്കേണ്ടതല്ലേ?

2. സന്ദർശനവിധം: ലൂക്കോസ് 1:39–40. എന്നീ വാക്യങ്ങളിൽ "ആ നാളുകളിൽ മറിയ എഴുന്നേറ്റു", "ബദ്ധപ്പെട്ടു ചെന്നു", "എലിശബെത്തിനെ വന്ദിച്ചു" എന്നൊക്കെ പരാമർശിച്ചിരിക്കുന്നത് പ്രാധാന്യമർഹിക്കുന്നു. തന്റെ പരിചരണം എലിശബെത്തിന് ഏറ്റം ആവശ്യമായിരുന്ന മൂന്നുമാസക്കാലം അവർ ഒരുമിച്ചു താമസിച്ചുവെന്ന് തിരുവചനം സാക്ഷിക്കുന്നുണ്ട്. എലിശബെത്തിന്റെ ക്ഷണപ്രകാരമല്ല മറിയാം അവിടേയ്ക്കുചെന്നത് എന്നോർക്കണം. മനുഷ്യബന്ധങ്ങൾ മര്യാദയുടെ അതിരുകൾ ലംഘിച്ച് വികലമാക്കപ്പെട്ടിരിക്കുന്ന ഈ നാളുകളിൽ ബന്ധങ്ങൾ സുദൃഢമാക്കുവാൻ, ദൈവകൃപയും സന്തോഷവും പങ്കുവയ്ക്കുവാൻ മറിയാം ഏറ്റെടുക്കുന്ന ബദ്ധപ്പാടുകൾ നമുക്ക് അനുകരണീയമാണ്. Mary went with haste (മറിയാം ബദ്ധപ്പെട്ടു ചെന്നു) എന്നാണ് നാം വായിക്കുന്നത്. ദൈവകൃപയുടെ സന്തോഷമനുഭവിക്കുവാനുള്ള ഒരു തിടുക്കം സമസൃഷ്ടി, പ്രകൃതി ബന്ധങ്ങളിൽ നാം കാണിക്കേണ്ടതാണ്. ലൂക്കോസ് 2:16–ൽ യേശുവിന്റെ ജനനത്തെപ്പറ്റി സ്വർഗ്ഗീയ ദർശനം ലഭിച്ച ഇടയന്മാരെക്കുറിച്ച് പറഞ്ഞിരിക്കുന്നതും ഇപ്രകാരമാണ് They went with haste (അവർ ബദ്ധപ്പെട്ടു ചെന്നു) മറിയാമിനെയും ജോസഫിനെയും പശുത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ട് സമാധാനവും സന്തോഷവും അനുഭവിക്കാൻ അവർക്കും സാധിക്കുന്നു. സ്വർഗ്ഗീയ ദർശനങ്ങൾ സൗഹൃദത്തിനായുള്ള തിടുക്കങ്ങൾ നമുക്ക് നല്കണം അതാണിന്നാവശ്യം.

3. സൗഹൃദസംഭാഷണം: പരിശുദ്ധാത്മ നിറവിൽ ബഹുമാനപുരസ്സരം പരസ്പരം അറിഞ്ഞു നടക്കുന്ന എലിശബെത്ത്–മറിയാം സംഭാഷണം കാലികബന്ധങ്ങളെ ചിന്തിപ്പിക്കുവാനും വിസ്മയിപ്പിക്കുവാനും മതിയാകുന്നതാണ്. മറിയയുടെ വന്ദനംകേട്ട് എലിശബെത്തിന്റെ ഉദരത്തിൽ ശിശു ആനന്ദനൃത്തമാടുന്നു. സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളെന്നും കർത്താവിന്റെ അമ്മയെന്നും ഭാഗ്യവതിയെന്നും എലിശബെത്ത് മറിയാമിനെ സംബോധന ചെയ്യുന്നു. മറിയാം തന്റെയടുക്കൽ വന്നത് തനിക്ക് അഭിമാനമായെന്ന് എലിശബെത്ത് സാക്ഷിക്കുന്നു. പരസ്പരം അംഗീകരിക്കുവാനും മരണകരമായ അസൂയവെടിഞ്ഞ് പരസ്പര ഉൽകർഷത്തിനായി ആഗ്രഹിക്കുവാനും ഇരുവർക്കും കഴിയുന്നു. ഇന്ന് സാമൂഹ്യ കുടുംബബന്ധങ്ങളെ ദോഷകരമായി സ്വാധീനിച്ചിരിക്കുന്ന വികലമനോഭാവങ്ങൾ നാം കണ്ടറിയണം. നാവ് ഒരു വലിയ ആയുധമാണെന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നുണ്ടല്ലോ. നമ്മുടെ സംഭാഷണങ്ങൾ നിർദ്ദോഷവും സൗഹൃദപരവുമാണോ എന്നു പരിശോധിക്കുവാൻ ശ്രമിക്കേണ്ടതാണ്.

വനിതാദിനമാകുന്ന ഇന്ന് ലോകവനിതകൾക്കുവേണ്ടിയും വിശിഷ്യ സഭയിലെ വനിതകൾക്കുവേണ്ടിയും പ്രാർത്ഥിക്കാം. സ്ത്രീ, സമൂഹത്തിനും കുടുംബത്തിനും വിളക്കാണ്. അവൾ അമ്മയാണ്, അമ്മൂമ്മയാണ്, സഹോദരിയാണ്, മകളാണ്, മരുമകളാണ്, അമ്മാവിയമ്മയാണ്. വാക്കുകളിലും ഭാവങ്ങളിലും ഉദാത്തത കൈവരിക്കാൻ സാധിച്ചാൽ അവൾക്ക് അഭിമാനിക്കാൻ വകയുണ്ട്; സഭയിലും ദൈവസന്നിധിയിലും.

**ഡിസംബർ 5. യോഹന്നാൻ മാംദോനയുടെ ജനനത്തിന്റെ ഞായർ**
**വേദഭാഗം: വി. ലൂക്കോസ് 1:57–80.**

വേദചരിത്രത്തിൽ പഴമയുടെയും പുതുമയുടെയും സംഗമസ്ഥലത്ത് "ജ്വലിച്ചു പ്രകാശിച്ച വിളക്കാ"യിരുന്നു. വി. യോഹന്നാൻ മാംദോനോ. സെഖര്യാവ്–എലിശ്ബാ ദമ്പതികളുടെ നിരന്തരമായ പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും ഫലമായി ദൈവനിയോഗപ്രകാരം ജന്മംകൊണ്ട യോഹന്നാനെ നമ്മുടെ കർത്താവിന്റെ ശിഷ്യന്മാരിലൊരുവനായ യോഹന്നാനിൽനിന്നും വേർതിരിച്ചു കാണിക്കുവാൻ തക്കവണ്ണം പറയപ്പെട്ടിരുന്ന വിശേഷണമാണ് മാംദോനോ എന്നത് (മാംദോനോ എന്നത് സുറിയാനി വാക്കാണ്. സ്നാനം കഴിപ്പിക്കുന്നവൻ എന്ന അർത്ഥം മാത്രമാണ് ഈ വാക്കിനുള്ളത്) യോഹന്നാൻ എന്ന പേരിന്നർത്ഥം യഹോവ കരുണയുള്ളവൻ എന്നാണ്.

യോഹന്നാൻ മാംദോനോയുടെ ജനനത്തിന്റെ ഈ ഞായർ ശിശുദിനമെന്ന നിലയിൽ സഭയിൽ ഗണിക്കപ്പെടുന്നു. "പൈതൽ വളർന്നു, ആത്മാവിൽ ബലപ്പെട്ടു അവൻ യിസ്രായേലിനു തന്നെത്താൻ കാണിക്കും നാൾവരെ മരുഭൂമിയിൽ ആയിരുന്നു'' എന്ന് യോഹന്നാനെക്കുറിച്ച് ലൂക്കോസ് 1:80–ൽ നാം വായിക്കുന്നു. ഹെരോദ്യയുടെ മകളുടെ നൃത്തത്തിൽ സംപ്രീതനായ ഹെരോദാരാജാവ് ഹെരോദ്യയുടെ ആഗ്രഹത്തിനു വഴങ്ങി യോഹന്നാനെ ശിരഃഛേദം ചെയ്യിക്കുന്നതുവരെയും വിളിക്കനുസരണമായി കർത്തവ്യബോധത്തോടെ ജീവിക്കുവാനും അനുകരണീയമായ ജീവിതമാതൃകകൊണ്ട് ബാല്യകൗമാരയൗവന അവസ്ഥകളിൽ ഉത്തമ





സാക്ഷ്യം നിർവഹിക്കുവാനും യോഹന്നാൻ മാംദോനോയ്ക്ക് സാധിച്ചുവെന്ന് നാം ഓർക്കണം.

ഈ ഭൂമിയിൽ പിറന്നുവീഴുന്ന ഓരോ ശിശുവും ദൈവത്തിന്റെ ദാനമാണ്. ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹം അറ്റുപോയിട്ടില്ലയെന്നതിന് ഏറ്റവും വലിയ തെളിവാണ്. എന്നാൽ നല്ല മാതൃകയിൽ അവർ വളർത്തപ്പെടുന്നുണ്ടോ ഉത്തമലക്ഷ്യത്തോടെ ജീവിതായോധനത്തിൽ മുന്നേറാൻ അവർക്കു സാധിക്കുന്നുണ്ടോ എന്നതാണ് പരമപ്രധാനമായ കാര്യം. "ഉണ്ണിയെക്കണ്ടും മാമ്പൂകണ്ടും പുകഴരുത്" എന്ന് മലയാളത്തിൽ ഒരു ചൊല്ലുണ്ടല്ലോ. നിറയെ പൂത്തുനിൽക്കുന്ന മാവിന്റെ പല പൂക്കളും ഫലപൂർണ്ണതയിലേക്കുവരുന്നില്ല. കാറ്റും മഴയും പ്രകൃതിയുടെ വികൃതികളും അനേക പൂക്കൾ കൊഴിഞ്ഞുപോകാൻ കാരണമാകുന്നു. ഫലമാകുന്ന പൂക്കൾ തന്നെ ക്ഷുദ്രജീവികളാൽ നശിപ്പിക്കപ്പെടുന്നു. നിർഭാഗ്യവശാൽ പല ശിശുക്കൾക്കും അവരുടെ ശൈശവ നൈർമല്യവും വിശുദ്ധിയും പരിപാലിക്കാൻ സാധിക്കാതെ പോകുന്നു എന്ന ഒരു ദുഃഖസത്യമുണ്ട്. തിരുവചനത്തിൽ യോഹന്നാൻ മാംദോനോയുമായി ബന്ധപ്പെട്ട വേദഭാഗങ്ങൾ ചിന്തിക്കുമ്പോൾ വളർച്ചയുടെ ഗതിയിൽ തനിക്കു മിഴിവേകിയ മൂന്ന് അനുഭവങ്ങൾ ശ്രദ്ധേയമത്രെ.

1. താൻ സ്വയം പേരാഗ്രഹിക്കാതെ ദൈവകുഞ്ഞാടിന്റെ ബന്ധത്തിൽ അറിയുവാനാഗ്രഹിച്ചു. (He was nameless). മാനസാന്തരസ്നാനം പ്രസംഗിക്കയും സ്നാനപ്പെടുത്തുകയും ചെയ്ത യോഹന്നാനോട് അവൻ ആരാകുന്നുവെന്ന് ജനം ചോദിച്ചു. യോഹന്നാന്റെ മറുപടി ശ്രദ്ധിക്കുക. "ഞാൻ ക്രിസ്തുവല്ല"... "മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം ഞാനാകുന്നു" (യോഹന്നാൻ 1:20, 23) "എന്നിലും ബലവാനായവൻ വരുന്നു. അവന്റെ ചെരിപ്പിന്റെ വാറഴിപ്പാൻ ഞാൻ യോഗ്യനല്ല" (ലൂക്കോസ് 3:16).

2. താൻ സ്വയം പെരുമയാഗ്രഹിക്കാതെ ദൈവകുഞ്ഞാടിനെ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിച്ചു. (He was selfless). തന്റെ ശിഷ്യന്മാരുമായി നിൽക്കുന്ന യോഹന്നാൻ കടന്നുപോകുന്ന യേശുവിനെ നോക്കി സാക്ഷിച്ചു "ഇതാ ദൈവത്തിന്റെ കുഞ്ഞാട്" (യോഹന്നാൻ 1:36) സ്വജീവിതത്തിൽനിന്ന് സാക്ഷ്യമുൾക്കൊണ്ട് യോഹന്നാൻ നടത്തുന്ന പ്രസ്താവനകൾ ശ്രദ്ധിക്കൂ "രണ്ടു വസ്ത്രമുള്ളവൻ ഇല്ലാത്തവനു കൊടുക്കട്ടെ, ഭക്ഷണസാധനങ്ങൾ ഉള്ളവനും അങ്ങനെതന്നെ ചെയ്യട്ടെ" (ലൂക്കോസ് 3:11) "ഞാനോ കുറയേണം അവനോ വളരേണം" എന്നതായിരുന്നുവല്ലോ യോഹന്നാന്റെ തത്വശാസ്ത്രം.

3. അധാർമ്മികതയ്ക്കെതിരെ താൻ ഭയംകൂടാതെ വർത്തിച്ചു (He was fearless). അധർമ്മവും ദുഷ്ടതയും പ്രവൃത്തിച്ച ഹോരോദാവിനോട് അവന്റെ അസാന്മാർഗികതയെപ്പറ്റി രോഷത്തോടെ സംസാരിച്ചു. ചുങ്കക്കാരും ശാസ്ത്രിമാരും തന്റെ നിശിത വിമർശനങ്ങൾക്ക് പാത്രീഭൂതരായി ധർമ്മ സംരക്ഷണത്തിന് തനിക്കു നഷ്ടമായത് സ്വന്തം ശിരസ്സാണ്.

സഭയുടെ ശിശുദിനമാകുന്ന ഇന്ന് നമ്മുടെ പൈതങ്ങൾ സൺഡേസ്കൂളിലും മറ്റും ആത്മീയ ഉദ്ബോധനങ്ങൾ പ്രാപിച്ച് നല്ല മാതൃകയുള്ളവരായി വളർന്നുവരുവാൻ പ്രാർത്ഥിക്കണം.

**ഈ ഭൂമിയിൽ പിറന്നുവീഴുന്ന ഓരോ ശിശുവും ദൈവത്തിന്റെ ദാനമാണ്. ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹം അറ്റുപോയിട്ടില്ലയെന്നതിന് ഏറ്റവും വലിയ തെളിവാണ്**

ലൂക്കോസ് 1:64 "ഉടനെ അവന്റെ വായും നാവും തുറന്നു അവൻ സംസാരിച്ചു ദൈവത്തെ സ്തുതിച്ചു" ഇത് ദൈവീകപദ്ധതിയാൽ ഊമനായിരുന്ന സെഖര്യാവിന് യോഹന്നാൻ മാംദോനോയുടെ ജനനത്തിങ്കൽ സംഭവിച്ചതാണ്. ബനഡിക്ട്സ് (Benedictus) എന്നപേരിൽ അറിയപ്പെടുന്ന "സെഖര്യാവിന്റെ പാട്ട് " ലൂക്കോസ് 1:67–80 വരെയുള്ള ഭാഗത്ത് കാണാം. മക്കൾ പലരും മാതാപിതാക്കളെ മിണ്ടടക്കിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് രക്ഷകർത്താക്കൾക്ക് അഭിമാനമുണ്ടാക്കുന്ന ശിശുക്കൾ ലഭിക്കുവാൻ പ്രാർത്ഥിക്കാം.

**ഡിസംബർ 12. യൗസേഫിനുണ്ടായ വെളിപാടിന്റെ ഞായർ.**
**വേദഭാഗം: വി. മത്തായി 1:18–25**

ദൈവീകബന്ധം പവിത്രമായും പരിശുദ്ധമായും കാത്തുസൂക്ഷിക്കുവാൻ യത്നിച്ച മഹദ്വ്യക്തികൾക്ക് ദൈവീക ഉദ്ദേശ്യം വെളിപ്പെടുത്തപ്പെട്ട മുഖാന്തിരങ്ങളായാണ് സുവിശേഷത്തിൽ ദർശനങ്ങൾ അഥവാ വെളിപാടുകളെ കാണുവാൻ സാധിക്കുന്നത്. വി. മത്തായിയുടെ സുവിശേഷത്തിൽ ഇത്തരം ആറ് വെളിപാടുകൾ ഉണ്ട്. ഇവയിലെല്ലാം ഒരു മുന്നറിയിപ്പോ ഒരു ഉപദേശമോ ഉണ്ട്. ഇവയിൽ ആദ്യത്തെ വെളിപാടായിട്ടാണ് ജോസഫിനുണ്ടായ വെളിപാട് വി. മത്തായി 1:20–ൽ രേഖപ്പെടുത്തിയിട്ടുള്ളത്.

നസ്രത്തിൽ ശാന്തമായ ജീവിതം നയിച്ചിരുന്നവനും ദാവീദിന്റെ കുലത്തിൽ ഉൾപ്പെട്ടവനുമായ ഒരു മരപ്പണിക്കാരനായിരുന്നു ജോസഫ്. മറിയമിനെ ഭാര്യയായി വിവാഹം നിശ്ചയിക്കപ്പെടുവാൻ തക്കവണ്ണമുള്ള അവസരം ജോസഫിനെ തേടിയെത്തിയ അത്യസാധാരണമായ ദൈവികഭാഗ്യമാണ്. ലോകത്തെ രക്ഷിക്കുന്ന ദൈവത്തിന്റെ മഹാവലിയ പദ്ധതിയിൽ ജോസഫിനെയും പങ്കുകാരനാക്കുന്ന വലിയ ദർശനമാണ് സ്വപ്നത്തിൽ ജോസഫിനുണ്ടാകുന്നത്. (മത്തായി 1:20, 21) "ദാവീദിന്റെ മകനായ യൗസേഫേ നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിയ്ക്കേണ്ട. അവളിൽ ഉല്പാദിതമായത് പരിശുദ്ധാത്മാവിനാലാകുന്നു, അവൾ ഒരു മകനെ പ്രസവിക്കും. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നും രക്ഷിപ്പാനിരിക്കകൊണ്ട് നീ അവന് യേശു എന്ന് പേരിടേണം" ഈ ദർശനത്തിന് ഒരു പ്രത്യേക പശ്ചാത്തലമുണ്ടെന്ന് നമുക്കറിയാം. പലസ്തീനിയൻ ചിന്തയിലും ആചാരത്തിലും വിവാഹനിശ്ചയം വിവാഹംപോലെ തന്നെ പവിത്രവും പരിപാവനവുമായി ഗണിച്ചിരുന്നു. വിവാഹബന്ധം കൂടാതെ കന്യകമറിയാം ഗർഭവതിയായത് യൗസേഫിന് അത്യധികമായ വ്യസനത്തിന് കാരണമായി. കഠിനമെങ്കിലും ഒഴിച്ചുകൂടാനാവാത്ത വേർപിരിയലിന് യൗസേഫ് സന്നദ്ധനായിരിക്കുമ്പോഴാണ് കർത്താവിന്റെ ദൂതൻ പ്രത്യക്ഷനാവുന്നത്.

ദൈവസന്നിധിയിൽ വിലമതിക്കപ്പെട്ടതായി ചില ശ്രേഷ്ഠ ഗുണങ്ങൾ യൗസേഫിനുണ്ടായിരുന്നു.

## ധ്യാനപംക്തി

1. യൗസേഫ് നീതിമാനായിരുന്നു (He was rightous) മറിയമിന്റെ ഗർഭധാരണം ലോകപ്രകാരം നീതിയ്ക്കുനിരക്കാത്തതും പ്രമാണമനുസരിച്ച് വലിയ ശിക്ഷയർഹിക്കുന്നതുമായിരുന്നു. ഇതു മനസ്സിലാക്കിയ യൗസേഫ് തന്റെ സർവ്വസ്വവുമായിരുന്ന മറിയമിനെ ഉപേക്ഷിക്കുവാൻ സന്നദ്ധനായിയെന്നതാണ് തന്റെ നീതിയെ വ്യക്തമാക്കുന്ന സംഗതി.

2. യൗസേഫിന്റെ നന്മനിറഞ്ഞ വ്യക്തിത്വം. (Virteous Personality) മറിയാം ശിക്ഷയർഹിക്കുന്നുവെങ്കിലും അവൾക്ക് ലോകാപവാദമുണ്ടാകാതെ നീതി നടപ്പാക്കുവാൻ വേണ്ടിയാണ് രഹസ്യമായി ഉപേക്ഷിക്കുവാൻ യൗസേഫ് തീരുമാനിച്ചത്. മാനസികമായി തനിക്കു വ്യഥകൾ വരുത്തിവയ്ക്കുന്ന വ്യക്തിത്വങ്ങൾപോലും പരിഹസിക്കപ്പെടരുതെന്ന ആഗ്രഹം അനുകരണീയംതന്നെ.

നീതിയും നന്മയും നിറഞ്ഞ ഈ നിഷ്കളങ്ക ജീവിതത്തെയാണ് കർത്താവിന്റെ ദൂതൻ സന്ദർശിക്കുന്നത്. ഈ വെളിപാടിന്റെ അനന്തരഫലമോ യൗസേഫിന് ലഭ്യമായ ഉണർവും ഉത്തേജനവുമാണ്. (മത്തായി 1:24) "യൗസേഫ് ഉറക്കമുണർന്നു. കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ ചെയ്തു" നിഷ്കളങ്കമായ നീതിയും നന്മയും നിറഞ്ഞ ആ ജീവിതത്തിന് ലഭിച്ച ഉണർവാണ് മറിയമിനെയും കൂട്ടി ബേത്‌ലഹേമിലേക്കു യാത്രയാവാൻ യൗസേഫിനെ പ്രേരിപ്പിച്ചത്. ആട്ടിടയൻ സന്ദർശനവേളയിൽ ദൈവപുത്രനെ യൗസേഫിനോടും മറിയമിനോടുമൊപ്പം കണ്ടു. ഹേരോദാവ് ശിശുഹത്യയ്ക്ക് പദ്ധതിയിട്ടപ്പോൾ മറിയമിനെയുംകൊണ്ട് യേശുവിനോടൊപ്പം ഈജിപ്തിലേക്ക് പോകുവാനും രാജാവിന്റെ മരണശേഷം തിരികെ നസ്രത്തിൽ വന്നു പാർക്കുവാനും യൗസേഫ് മുൻകൈയെടുത്തു. ക്രിസ്തുവിന്റെ ക്രൂശാരോഹണത്തിനു മുമ്പ് യൗസേഫ് മരിച്ചുവെന്നുവേണം വിചാരിക്കുവാൻ. എന്നാൽ പൈതലായ യേശുവിനെ ദേവാലയത്തിൽ സമർപ്പിക്കുവാനും ബാലനായ യേശുവിനെ യരുശലേം ദേവാലയത്തിൽ കൊണ്ടുപോകുവാനും, അങ്ങനെ നിസ്തുലനായ ക്രിസ്തുവിന്റെ ജീവിതചര്യകളിൽ പ്രത്യക്ഷമായി ബന്ധപ്പെടുവാനും അദ്ദേഹത്തിനിടയായി.

"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യമുള്ളവർ അവർ ദൈവത്തെ കാണും" എന്നാണല്ലോ തിരുവചനം സാക്ഷിക്കുന്നത്. ദൈവദർശനമുൾക്കൊണ്ട് ജീവിതത്തിലെ ആശങ്കകൾ മാറ്റുവാനും പ്രത്യാശയുള്ളവരാകുവാനുമുള്ള മഹൽസന്ദേശമാണ് യൗസേഫ് നല്കുന്നത്. അതിന് നീതിയും നന്മയും വേണം. അപ്പോൾ സമാധാനം അതിനോട് ചേർന്നുകൊള്ളും. ❑


## അലക്സ് കെ.പോൾ നയിക്കുന്ന സെന്റ് മാത്യൂസ് ഓർക്കസ്ട്ര

*Our Programmes:*

**ഗാനമേള, ഭക്തിഗാനമേള, വെഡ്ഡിംഗ് ക്വയർ, ഫ്യൂണറൽ ക്വയർ.**

*Our Special Attractions of Wedding Choir*

1. ഓർത്തഡോക്സ് ട്രെഡീഷനൽ ട്യൂണിൽ മാത്രം ആലാപനം.
2. ദേവാലയന്തരീക്ഷത്തിന് ഉചിതമാംവിധത്തിൽ മാത്രം പശ്ചാത്തല സംഗീതതാളക്രമീകരണം.

*Our Special Attractions of Funeral Choir*

ശുശ്രൂഷാ ഗീതങ്ങൾക്കു പുറമെ,

*'ഞാൻ എൻ വീട് ഉപേക്ഷിച്ച് പോകുന്നേ....*
*ഞാൻ ഈ നാട് വിട്ടിതാ പോകുന്നേ....'*

അലക്സ് കെ. പോൾ രചിച്ച് സംഗീതമേകിയ ഈ ശോകസാന്ദ്രമായ ഗാനം ആലപിക്കുന്നു.



*Contact:* Alex K. Paul
Kuttikattil House, Kizhavelloor P.O., Konny, Pathanamthitta, Kerala.
Phone: 0473-343385

A New Trend in Spiritual Feelings

ചലച്ചിത്ര സംവിധായകൻ തമ്പികണ്ണന്താനം അവതരിപ്പിക്കുന്ന മ്യൂസിക് ജൂലിയയുടെ
**പ്രാർത്ഥനാപൂക്കൾ** (Christian Devotional Songs)
രചന, സംഗീതം: **അലക്സ് കെ.പോൾ**
ആലാപനം: എം.ജി. ശ്രീകുമാർ, അലക്സ് കെ.പോൾ, ബിജുനാരായണൻ, കെസ്റ്റർ, സുജാത, സ്വർണ്ണലത, രാധികാതിലക്.

**ആശ്രയം** (ക്രിസ്തീയ ഭക്തിഗാനങ്ങൾ)
ആലാപനം: അലക്സ് കെ. പോൾ, സുജാത
ക്രിസ്തീയ ഭക്തിഗാനങ്ങൾ രചന, സംഗീതം: Alex K.Paul




# ബൈബിൾ പഠനം

ഫാ. ഒ.പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻ കുരിശ്, കൊച്ചി-682 308

### തിമോഥെയോസ് 3-4
### ചോദ്യങ്ങൾ

1. 3:1-7 വരെയുള്ള ഭാഗം സഭയിലെ ഏതു കൂദാശ നടത്തുമ്പോഴാണ് സാധാരണ വായിക്കാറുള്ളത്?
2. 'അദ്ധ്യക്ഷൻ' എന്നതിന്റെ ഗ്രീക്ക് വാക്ക് എഴുതുക?
3. 3:1-7 വരെ ഭാഗത്ത് പറയുന്ന അദ്ധ്യക്ഷന്റെ യോഗ്യതകളെ പ്രധാനമായി മൂന്നായിട്ടു തിരിച്ചിരിക്കുന്നു. അവ ഏതെല്ലാം?
4. ഇടവക ഭരിക്കേണ്ടത് കുടുംബജീവിതം നയിക്കുന്ന വൈദികരായിരിക്കണമെന്നതിനുള്ള വേദതെളിവ് എന്ത്?
5. ആരെ അദ്ധ്യക്ഷന്മാരാക്കരുത് എന്നാണ് ശ്ലീഹാ പറയുന്നത്?
6. ശുശ്രൂഷകർ (ഡീക്കൻ)ക്ക് ഉണ്ടായിരിക്കേണ്ട പ്രത്യേക ഗുണങ്ങൾ എന്തെല്ലാം?
7. സഭയെക്കുറിച്ചുള്ള മൂന്ന് വിശ്വാസപ്രബോധനം ഏതൊക്കെ?
8. സന്യാസത്തിനും നോമ്പിനും എതിരായി ചില നവീകരണ സഭക്കാർ പഠിപ്പിക്കുന്ന വാക്യം 4-ാം അദ്ധ്യായത്തിലുണ്ട്. അതെഴുതുക?
9. 4, 6-16 വരെ ഭാഗത്ത് പറഞ്ഞിരിക്കുന്ന സഭാശുശ്രൂഷകരുടെ ഗുണങ്ങൾ എന്തെല്ലാം?
10. കൈവയ്പ്പിലൂടെ പൗരോഹിത്യം പിന്തുടരുന്നു എന്നതിന്റെ വേദതെളിവ് പറയുക?

### കഴിഞ്ഞ ലക്കത്തിലെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. നിങ്ങളുടെ അവയവങ്ങളിൽ പോരാടുന്ന ഭോഗേച്ഛകളിൽനിന്ന്. (4:1)
2. ലോകത്തിന്റെ സ്നേഹിതനാകുവാൻ ഇച്ഛിക്കുന്നവൻ. (4:4)
3. ദൈവത്തിന് നിങ്ങൾ കീഴടങ്ങുവിൻ, പിശാചിനോടു എതിർത്തു നില്പ്പിൻ. (4:7)
4. പാപികളെ, കൈകളെ വെടിപ്പാക്കുവിൻ; ഇരുമനസ്സുള്ളവരെ, ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ; സങ്കടപ്പെട്ടു ദുഃഖിച്ചു കരയുവിൻ, കർത്താവിന്റെ സന്നിധിയിൽ താഴുവിൻ. (4:8, 9, 10)
5. ന്യായപ്രമാണത്തിന്റെ ലംഘനം. (4:11)
6. കർത്താവിനു ഇഷ്ടമുണ്ടെങ്കിൽ ഞങ്ങൾ ജീവിച്ചിരുന്നു ഇന്നിന്നതു ചെയ്യും എന്നു പറയുന്നത്. (4:15)
7. നന്മ ചെയ്യുവാനറിഞ്ഞിട്ടും ചെയ്യാത്തതാണ് പാപം. (4:17)
8. ദീർഘക്ഷമയോടും സഹനത്തോടും കൂടെ യോബിനെപ്പോലെ ഇരിപ്പാൻ. (5:1-11)
9. ശിക്ഷാവിധിയിൽ അകപ്പെടാതിരിപ്പാൻ നിങ്ങളുടെ ഉവ്വ് എന്നു പറഞ്ഞാൽ ഉവ്വ് എന്നും ഇല്ല എന്നു പറഞ്ഞാൽ ഇല്ല എന്നും ഇരിക്കട്ടെ. (5:12)
10. ആരാധനയിൽ നടക്കുന്ന രണ്ട് കാര്യങ്ങളാണ് പ്രാർത്ഥനയും, പാട്ടും. (5:13)
11. തൈലാഭിഷേക കൂദാശ.
12. പാപിയെ നേർവഴിക്ക് ആക്കി അവന്റെ പ്രാണനെ മരണത്തിൽനിന്നു രക്ഷിക്കുകയും പാപങ്ങളുടെ ബഹുത്വം മറെക്കയും ചെയ്യുന്നു. (5:20)

### ആഗസ്റ്റ് മാസം 'ബൈബിൾ പഠന'ത്തിലെ എല്ലാ ഉത്തരങ്ങളും ശരിയാക്കിയവരുടെ പേരുകൾ

1. Smt. Santhamma George, Alummoottil, Vazhoor.
2. Mrs. Annies Oommen, Vaniyapurackal, Niranam.
3. Mrs. Aleyamma Paulose, Manalil, Wyanadu.
4. Mrs. Lilly Varghese, Peringattu, Pazhamthottam.
5. Mrs. Moley Mathew, Puthenparambil, Naranganam.
6. Mrs. Mariamma Varghese, Kottayil, Aluva-683 108.
7. Mr. George Mathew, 17-Asoka Street, Coimbatore.
8. Mrs. Annamma Mathai, H.No. XIII/70, Aluva.
9. Simi Daniel, Melamuri Thekkethil, Mallassery.
10. Mrs. Yasmine George, Panthaplackal, Aluva.
11. Mrs. Alice Abraham, Authariathu, 19, NSR Road, Coimbatore-641 011.


8TH DEATH ANNIVERSARY

**LIJU VARGHESE**

(Mannooparampil, Karuvatta)

27-2-1975 17-11-1991



*Who plucked this flower?*
"THE MASTER"

*Inserted by:*
**Mr. George Varghese, Mrs. Leela Varghese, Miss. Leena Varghese**
17/1/Old Air India Colony,
Kalina, Santacruz (E), Mumbai.

# അത്ഭുതകരമായ കാഴ്ചവയ്പ്
# 'നിന്റെ സ്നേഹം രുചിച്ചറിഞ്ഞു'



**ANI MATHEW**
Gudagoan, Hariyana





# പൂങ്കാറ്റിൻ കഥയും പരുമല തിരുമേനിയും

**ജോയൻ, കുമരകം**

പമ്പയുടെ പാട്ടുകേട്ടുറങ്ങുന്ന കൊച്ചു ഗ്രാമം. ഗ്രാമവാസികളിൽ അധികവും ശാന്തശീലരും നിഷ്കളങ്കഹൃദയരും ആയ കൃഷീവലന്മാരും

ആ ഗ്രാമത്തിൽ മനോഹരമായ ഒരു കൊച്ചുദേവാലയമുണ്ട്. ഭക്തനായ ഒരു യുവവൈദികനാണ് ആ കൊച്ചു പള്ളിയിലെ വികാരി. കൊച്ചച്ചൻ എന്നാണ് എല്ലാവരും അദ്ദേഹത്തെ വിളിക്കുക.

എല്ലാ ഞായറാഴ്ചയും വൈകിട്ട് ആ ഗ്രാമത്തിലെ കുട്ടികൾ പള്ളിക്കു സമീപമുള്ള സൺഡേസ്കൂൾ ഹാളിൽ ഒത്തുചേരും. കൊച്ചച്ചൻ അവർക്ക് കൊച്ചുകൊച്ചു കഥകൾ പറഞ്ഞുകൊടുക്കും. ആ കഥകൾ കേൾക്കുമ്പോൾ കൊച്ചുകൊച്ചു ഹൃദയങ്ങൾ ആനന്ദംകൊണ്ടു തുടിക്കും.

ഒരിക്കൻ പമ്പാതീരത്തുകൂടി കൊച്ചച്ചനും കൊച്ചു കൂട്ടുകാരും ഒരു ഉല്ലാസയാത്ര നടത്തി. വെള്ള മണൽതിട്ടയിൽ വട്ടമിട്ടിരുന്നുകൊണ്ട് അവർ മധുരപലഹാരങ്ങൾ ആസ്വദിച്ചു. രണ്ടു പിഞ്ചു ബാലികമാർ കുഞ്ഞിക്കാലുകൾ ചവുട്ടി നൃത്തം ചെയ്തു.

പമ്പാനദിയിൽ മുത്തിനുപോകും
പവിഴവലക്കാരാ.... വലക്കാരാ

എന്നുപാടിക്കൊണ്ടായിരുന്നു അവർ നൃത്തം ചെയ്തത്. ആ ഗ്രാമീണ ബാലികമാരുടെ നൃത്തവും പാട്ടും കൊച്ചച്ചനെ വളരെയേറെ രസിപ്പിച്ചു.

പണ്ടുപണ്ട് ഗലീലക്കടലിൽ മീൻ പിടിക്കാൻ പോയ മുക്കുവരുടെ കഥ കൊച്ചച്ചൻ അവരോടു പറഞ്ഞു.

'ആ മത്സ്യം പിടിത്തക്കാർ അവസാനം മനുഷ്യരെ പിടിക്കുന്നവരായിത്തീർന്നു' എന്ന് അച്ചൻ പറഞ്ഞപ്പോൾ തോമസ്കുട്ടി എന്നു പേരുള്ള കൊച്ചു മിടുക്കൻ ചോദിച്ചു.

'അതെങ്ങനെയാണച്ചാ മീൻപിടിത്തക്കാർ മനുഷ്യരെ പിടിക്കുന്നവരായത്.' അച്ചന് ആ ചോദ്യം വളരെയേറെ ഇഷ്ടപ്പെട്ടു.

'ആ പാവപ്പെട്ട മുക്കുവർ യേശുനാഥന്റെ ശിക്ഷ്യന്മാരായിത്തീർന്നു. സുവിശേഷവേലയിലൂടെ യേശുനാഥനുവേണ്ടി അവർ ആയിരമായിരം മനുഷ്യാത്മാക്കളെ നേടിയെടുത്തു. പലതരത്തിൽപ്പെട്ട മത്സ്യങ്ങൾ അവരുടെ വലയിൽ കുടുങ്ങി. അതുപോലെ വിവിധ വിഭാഗത്തിൽപെട്ട മനുഷ്യരെ സഭയാകുന്ന വലയിൽ ഒത്തുചേർക്കുവാൻ അവർക്കു കഴിഞ്ഞു. കറുത്ത ആഫ്രിക്കനും, വെളുത്ത യൂറോപ്യനും, മഞ്ഞിച്ച മംഗോളിയനും എല്ലാം സഭയാകുന്ന വലയിൽ പ്രവേശിപ്പിക്കപ്പെട്ടത് ശിഷ്യന്മാരുടെ സുവിശേഷവേലയിലൂടെയാണ്. മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ വന്നു സുവിശേഷം അറിയിച്ചു. അങ്ങനെ ഭാരതത്തിൽ ക്രൈസ്തവസഭ ഉടലെടുത്തു. ഹിന്ദുമതത്തിലും ബുദ്ധമതത്തിലുംപെട്ട അനേകം ആളുകളെ മാർത്തോമ്മാശ്ലീഹാ സത്യസഭയുടെ തൊഴുത്തിലേക്കു വഴി നടത്തി. പത്രോസ് ശ്ലീഹാ അന്ത്യോക്യായിൽ സുവിശേഷവേല നടത്തി. ആയീരക്കണക്കിന് യഹൂദന്മാരും പുറജാതികളും ക്രിസ്തുമാർഗ്ഗം സ്വീകരിച്ചു.

സഭയാകുന്ന വലയിൽ പ്രവേശിച്ചുകഴിഞ്ഞാൽ യഹൂദനും അറബിയും ഹിന്ദുവും ബുദ്ധമതക്കാരനും എല്ലാം തുല്യരായിത്തീരുന്നു. ഒരേ അപ്പമേശയിൽനിന്നു ഭക്ഷിക്കയും, ഒരേ പാനപാത്രത്തിൽനിന്നു കുടിക്കയും ചെയ്യുന്ന സഹോദരങ്ങൾ. ശീമക്കാരനും ആഫ്രിക്കക്കാരനും യേശുനാഥന്റെ കണ്ണുകളിൽ സമന്മാരാണ്.

അച്ചന്റെ വാക്കുകൾ കുട്ടികൾ ശ്രദ്ധയോടെ കേട്ടു. 'മനുഷ്യരെ പിടിക്കുന്നവർ' എന്നതിന്റെ അർത്ഥം എനിക്ക് ശരിക്കും മനസ്സിലായി. തോമസ്കുട്ടി പറഞ്ഞു.

'തോമ്മാശ്ലീഹായുടെ പേരിന്റെ ഗുണം തോമസ്കുട്ടിക്കും കിട്ടിയിട്ടുണ്ട്.' കൊച്ചച്ചൻ അങ്ങനെ പറഞ്ഞപ്പോൾ കുട്ടികൾ ആർത്തു ചിരിച്ചു.

ഗലീലാക്കടലിൽ തിരകൾ ഇളകുന്നതും മുക്കുവരുടെ വഞ്ചികൾ നൃത്തംചെയ്യുന്നതും അവർ ഭാവനയിൽ കണ്ടു. ക്രിസ്തുനാഥന്റെ ശിഷ്യന്മാരായ പത്രോസും, അന്ത്രയോസും, യാക്കോബും, യോഹന്നാനും എല്ലാം ആദ്യം വലിയ മീൻ പിടിത്തക്കാരായിരുന്നല്ലോ എന്നോർത്തപ്പോൾ പമ്പാനദിയിലെ മീൻ പിടിത്തക്കാരോട് അവർക്ക് കൂടുതൽ സ്നേഹം തോന്നി.

സുവിശേഷവേലകൊണ്ട് എന്നതുപോലെ പ്രാർത്ഥനകൊണ്ടും വിശുദ്ധ ജീവിതംകൊണ്ടും യേശുനാഥനുവേണ്ടി മനുഷ്യാത്മാക്കളെ നേടിക്കൊടുത്ത അനേകം വിശുദ്ധന്മാർ സഭയിലുണ്ടായിട്ടുണ്ട്. അവരുടെ കഥകൾ കേട്ടാൽ കൊച്ചുകൊച്ചു വിശുദ്ധന്മാരും ശുദ്ധിമതികളും ആയിത്തീരാനുള്ള ആഗ്രഹം നിങ്ങൾക്കും ഉണ്ടാകും. കൊച്ചച്ചൻ പറഞ്ഞു.

'കൊച്ചച്ചാ, ഒരു വിശുദ്ധന്റെ കഥ പറയാമോ?' കുട്ടികൾ ഒരേ സ്വരത്തിൽ ചോദിച്ചു.

'ശരി കേട്ടുകൊള്ളൂ', കൊച്ചച്ചൻ തുടക്കമിട്ടു. കഥ കേൾക്കാൻ കുട്ടികൾക്കു തിടുക്കമായി.

'ഒരിക്കൽ പൂങ്കാവുകളായ പൂങ്കാവുകളിലെല്ലാം ചുറ്റിസഞ്ചരിച്ചശേഷം ഒരു പൂങ്കാറ്റ് ഒരു കൊച്ചുഗ്രാമത്തിലെത്തി. എല്ലാ നാട്ടിലെയും പൂക്കളുടെ സുഗന്ധം കവർന്നെടുത്തുകൊണ്ടായിരുന്നു പൂങ്കാറ്റ് ഗ്രാമത്തിലെത്തിയത്.'

ഗ്രാമംമുഴുവൻ പരിമളം പരന്നു. ഗ്രാമീണ ബാലന്മാരും ഗ്രാമീണ ബാലികമാരും നൃത്തംചെയ്തു.

'ഹായ്! പൂക്കളുടെ സുഗന്ധവും കവർന്നെടുത്തുകൊണ്ട് ഏഴാംകടലിന്നക്കരെനിന്നും പൂങ്കാറ്റ് ഗ്രാമത്തിലെത്തിയിരിക്കുന്നു' ഒരു ഗ്രാമീണ വൃദ്ധൻ പറഞ്ഞു.

ഗ്രാമവാസികളുടെ വാക്കുകൾ കേട്ട് പൂങ്കാറ്റ് അതിരറ്റാനന്ദിച്ചു.

ആ കൊച്ചുഗ്രാമത്തിലെ പൂച്ചെടികളെ തലോടിക്കൊണ്ട് പൂങ്കാറ്റ് ചുറ്റി സഞ്ചരിച്ചു. സഞ്ചാരത്തിനിടയിൽ സുന്ദരിയായ ഒരു കൊച്ചു പനിനീർപ്പൂവിനെ പൂങ്കാറ്റ് കണ്ടെത്തി.

'പ്രിയപ്പെട്ട പനിനീർപ്പൂവേ, പ്രിയപ്പെട്ട പനിനീർപ്പൂവേ, നിന്നെക്കാൾ ഭംഗിയുള്ളതായി ലോകത്തിൽ മറ്റെന്തുണ്ട്' പൂങ്കാറ്റ് ചോദിച്ചു.

'കൊച്ചു തിരുമേനിയുടെ ഹൃദയത്തിന് എന്നെക്കാൾ സൗന്ദര്യം ഉണ്ട്.' ഇളം കാറ്റിൽ കുണുങ്ങി ആടിക്കൊണ്ട് പനിനീർപ്പൂവ് പറഞ്ഞു.

'പനിനീർപ്പൂവിനേക്കാൾ സുന്ദരമായ ഒരു ഹൃദയമോ' പൂങ്കാറ്റ് അത്ഭുതപ്പെട്ടു.

പൂങ്കാറ്റ് യാത്ര തുടർന്നു. യാത്രയ്ക്കിടയിൽ ഒരു കൊച്ചു മുല്ലപ്പൂവിനെ കണ്ടെത്തി.

'പ്രിയപ്പെട്ട മുല്ലപ്പൂവേ, പ്രിയപ്പെട്ട മുല്ലപ്പൂവേ, നിന്നെക്കാൾ വെണ്മയുള്ളതായി ലോകത്തിൽ മറ്റെന്തുണ്ട്?'

'കൊച്ചുതിരുമേനിയുടെ ഹൃദയമുണ്ട്' മുല്ലപ്പൂവ് മറുപടി പറഞ്ഞു.

റോസപ്പൂവിനേക്കാൾ സൗന്ദര്യവും മുല്ലപ്പൂവിനേക്കാൾ വെണ്മയും ഉള്ള കൊച്ചു

# FIRST DEATH ANNIVERSARY

## NOVEMBER 14, 1999

In Everloving Memory of
Mrs. Mary Zacharia

June 26, 1906



Nov. 14, 1998

"I have fonght the good fight, I have finished the race, I have kept the faith, Now there is in store for me the crown of righteousness, which the Lord will award to me on that day" 2 Timo 4:7,8

Baboo / Baby, Charlie / Saro, Alex / Prema
Grandchildren & Great Grand Children

Mannilzach Bhavan
Thekkemala
Kozhencherry



തിരുമേനിയുടെ ഹൃദയം കണ്ടെത്താൻ പൂങ്കാറ്റിനു തിടുക്കമായി.

യാത്രയ്ക്കിടയിൽ ഒരു വയലറ്റ് പുഷ്പത്തെ പൂങ്കാറ്റ് കണ്ടെത്തി.

'പല്ലിലച്ചാർത്തിൽ മറഞ്ഞിരുന്നു കൊണ്ട് പരിമളം പരത്തുന്ന കൊച്ചു വയലറ്റു പുഷ്പമേ, നിന്നെക്കാൾ വിനയം മറ്റാർക്കാണുള്ളത്.'

'പുണ്യപരിമളം പരത്തുന്ന കൊച്ചുതിരുമേനിയോളം വിനയം എനിക്കില്ല.' വയലറ്റ് പുഷ്പം പറഞ്ഞു.

'റോസപ്പൂവിനേക്കാൾ ഭംഗിയുള്ള, മുല്ലപ്പൂവിനേക്കാൾ വെണ്മയുള്ള, വയലറ്റ് പൂവിനേക്കാൾ വിനയം ഉള്ള കൊച്ചുതിരുമേനിയുടെ ഹൃദയം എനിക്കു കണ്ടെത്തണം'. പൂങ്കാറ്റ് ആത്മഗതം ചെയ്തു.

ഒരു തടാകത്തിൽ കുഞ്ഞോളങ്ങൾ സൃഷ്ടിച്ചുകൊണ്ട് പൂങ്കാറ്റ് കടന്നുപോകയായിരുന്നു. അപ്പോഴാണ് ഒരു വെള്ള താമരപ്പൂവിനെ കണ്ടെത്തിയത്.

'പ്രിയപ്പെട്ട വെള്ളത്താമരപ്പൂവേ, അഴുക്കിലും ചെളിയിലും നിന്നിട്ടും നീ എത്ര വിശുദ്ധയായിരിക്കുന്നു. നിന്നെക്കാൾ വിശുദ്ധിയുള്ളതായി ലോകത്തിൽ മറ്റെന്തുള്ളു.'

'കൊച്ചുതിരുമേനിയുടെ ഹൃദയം ഉണ്ട്.' പാപം നിറഞ്ഞ ലോകത്തിൽ വിശുദ്ധി കാത്തുസൂക്ഷിക്കുന്ന ആ ഹൃദയത്തെ നീ കണ്ടെത്തുക. വെള്ളത്താമരപ്പൂവ് പറഞ്ഞു.

വിശുദ്ധി വഴിഞ്ഞൊഴുകുന്ന വെള്ളത്താമരപ്പൂവിന്റെ വാക്കുകൾ പൂങ്കാറ്റിനു കൂടുതൽ സന്തോഷം നല്കി. വീണ്ടും പൂങ്കാറ്റ് യാത്ര തുടർന്നു.

യാത്രയ്ക്കിടയിൽ ഒരു ഭവനത്തിൽ ഒരു പ്രാർത്ഥനാപുസ്തകം കണ്ടെത്തി. ആ പുസ്തകത്തെ തലോടിക്കൊണ്ട് പൂങ്കാറ്റ് ചോദിച്ചു:

'പ്രിയപ്പെട്ട പ്രാർത്ഥനാപുസ്തകമേ, നിന്നെക്കാൾ ഭംഗിയുള്ളതായി ലോകത്തിൽ മറ്റെന്തുണ്ട്.'

'കൊച്ചുതിരുമേനിയുടെ ഹൃദയത്തിൽ ഭക്തിനിറഞ്ഞു തുളുമ്പുന്നു. അദ്ദേഹത്തെ പോയി കാണുക.' പ്രാർത്ഥനാപുസ്തകം പറഞ്ഞു.

അവസാനം കൊച്ചുതിരുമേനിയുടെ അരമനയിൽ പൂങ്കാറ്റ് പറന്നെത്തി.

മധുരമധുരമായ ഒരു പ്രാർത്ഥനാഗാനം അപ്പോൾ പൂങ്കാറ്റ് കേട്ടു. ഏതോ സ്വർഗ്ഗദൂതന്റെ പാട്ടാണതെന്ന് പൂങ്കാറ്റ് ആദ്യം ചിന്തിച്ചു.

ആരാധനാഗാനങ്ങൾ ആലപിച്ചുകൊണ്ടു നിൽക്കുന്ന കൊച്ചുതിരുമേനിയെ കണ്ടതോടെ പൂങ്കാറ്റിന് അളവറ്റ ആനന്ദമുണ്ടായി.

ആ മധുരഗാനങ്ങൾക്കൊപ്പം താനും ദൈവസന്നിധിയിലേക്ക് പറന്നുയരുകയാണെന്ന് പൂങ്കാറ്റിനുതോന്നി.

പനിനീർപ്പൂവിനേക്കാൾ സൗന്ദര്യവും മുല്ലപ്പൂവിനേക്കാൾ വെണ്മയും വയലറ്റ് പൂവിനേക്കാൾ വിനയവും താമരപ്പൂവിനേക്കാൾ വിശുദ്ധിയും പ്രാർത്ഥനാപുസ്തകത്തേക്കാൾ ഭക്തിയും ഉള്ള കൊച്ചുതിരുമേനിയുടെ ഹൃദയം കണ്ടെത്താൻ എനിക്കു കഴിഞ്ഞു എന്ന് പാടിക്കൊണ്ടാണ് പൂങ്കാറ്റ് അവിടെനിന്നു യാത്രയായത്.

പൂങ്കാറ്റ് കണ്ടെത്തിയ ആ കൊച്ചുതിരുമേനി ആരെന്ന് നിങ്ങൾക്കറിയാമോ, കൊച്ചച്ചൻ ചോദിച്ചു.

ഞങ്ങൾക്കറിയാം. പരിശുദ്ധനായ പരുമല കൊച്ചുതിരുമേനി: ആ കുട്ടികൾ ഒന്നുചേർന്ന് പറഞ്ഞു.

ആ പിഞ്ചുകിടാങ്ങളുടെ മറുപടി കേട്ടപ്പോൾ കൊച്ചച്ചന്റെ ഹൃദയം ആനന്ദം കൊണ്ടു തുടിച്ചു.



മലങ്കരസഭയിലെ കൊച്ചുകുട്ടികൾപോലും പരുമല കൊച്ചുതിരുമേനിയിൽ അഭിമാനംകൊള്ളുന്നു. അച്ചൻ ആത്മഗതംചെയ്തു.

മലങ്കരസഭ കണ്ടിട്ടുള്ളതിൽവച്ചേറ്റം വലിയ പരിശുദ്ധനായ പരുമല തിരുമേനിയുടെ ജീവിതകഥ അദ്ദേഹം കൊച്ചുകുട്ടികൾക്കു പലപ്പോഴായി പറഞ്ഞുകൊടുത്തു. പമ്പാതീരത്തെ പിഞ്ചുകിടാങ്ങൾ പരുമല തിരുമേനിയുടെ കഥകേട്ട് ആവേശം കൊണ്ടു.

കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തിമാരേ, ആ പരിശുദ്ധ പിതാവിനെക്കുറിച്ച് നമുക്ക് കൂടുതൽ കൂടുതൽ പഠിക്കാം.

ആ മഹാപരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയം തേടാം. അനുഗ്രഹത്തിന്റെ പൂമഴ പൊഴിയുവാൻ നമുക്ക് പ്രാർത്ഥിക്കാം.

# പുണ്യപിതാവ്

## സഭാകവി സി.പി. ചാണ്ടി

ചെത്തിമന്ദാരം— എന്ന രീതി

1. മുളംതുരുത്തിയിൽ ചാത്തുരുത്തിൽത്തറവാട്ടിൽ
വന്നുദിച്ച നക്ഷത്രമേ! ദിവ്യതേജസ്സേ!
2. മാലിയന്ന മാലോകർക്കു ഘോരമരുഭൂമിതന്നിൽ
പാലും തേനുമൊഴുകുന്ന പുണ്യതീർത്ഥമേ!
3. ഇക്ഷിതിയിൽ വന്നുചേർന്ന സ്വർഗ്ഗീയസന്തോഷമാകും
അക്ഷയ നിക്ഷേപം തിങ്ങും ശ്രീഭണ്ഡാരമേ!
4. ഭക്തജന സങ്കേതമേ! മുക്തിലോകമാർഗ്ഗദർശി!
ശക്തിയും ശാന്തിയും മുറ്റും ദിവ്യദീപികേ!
5. പമ്പയാം യോർദ്ദാന്റെ തീരത്തെന്നും പച്ചത്തഴപ്പോട-
ങ്ങെമ്പാടും സൽഫലം നല്കും കൽപ്പവൃക്ഷമേ!
6. 'മലങ്കരസഭ'യുടെ മാന്യരക്ഷാകർത്തൃസ്ഥാനം
അലങ്കരിക്കുന്ന തേജോമയനാം താതാ!
7. പരിതാപംപൂണ്ട ഞങ്ങൾ പരിതോഷമണയുവാൻ
പരുമല തിരുമേനി! കനിയണമേ!
8. അവിടുത്തെ പ്രാർത്ഥനയാൽ നവചൈതന്യം പ്രാപിച്ചു
വിവിധ ഘട്ടങ്ങളിലി മാസികാ നൗക
9. മുപ്പത്തഞ്ചു വർഷമായിത്തെല്ലുപോലും കുലുങ്ങാതെ
കെൽപ്പോടു സഞ്ചരിക്കുന്നുണ്ടിച്ചെറുവഞ്ചി.
10. തിരമാലയുയരട്ടെ, കൊടുങ്കാറ്റു കയർക്കട്ടെ,
ഇരുളിന്റെ പടചുറ്റും നടമാടട്ടെ,
11. പൊടിപോലും പേടിയില്ല,പ്പടവിന്റയമരത്തിൽ
കുടികൊള്ളുന്നുണ്ടു താതൻ കരുണാസിന്ധു
12. മക്കളാം ഞങ്ങൾക്കു നന്മ വർദ്ധിക്കുവാൻ കർത്താവിന്റെ
പക്കലെന്നുമർത്ഥിക്കണേ പുണ്യപിതാവേ!

*(പ. പരുമലതിരുമേനിയുടെ ചരമപ്പാറ്റിനം ജൂബിലി, മലങ്കരസഭ വിശേഷാൽ പതിപ്പിൽ (1977) പ്രസിദ്ധീകരിച്ച കവിതയാണിത്)*

# വലിയ ഇടയൻ



**കുഞ്ഞുമോൻ വാരിക്കാട്**

മലങ്കര ഓർത്തഡോക്സ് സഭയുടെ സ്വാതന്ത്ര്യവും സ്വയം ശീർഷകത്വവും കാത്തുസൂക്ഷിക്കുന്നതിലും ഭരണപരിഷ്ക്കാരങ്ങൾ വരുത്തി സഭയുടെ പേരുംപെരുമയും ആഗോളതലത്തിൽ എത്തിക്കുന്നതിലും അസാധാരണശേഷി പ്രകടിപ്പിച്ച സഭാദ്ധ്യക്ഷനായിരുന്നു പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ. വ്യവഹാരങ്ങളുടെ ഇടയിലും സഭയെ ഒന്നിച്ചുകൊണ്ടുപോകുവാൻ കഴിഞ്ഞ വലിയ ഇടയനെന്നു അദ്ദേഹത്തെ ചരിത്രം എന്നും സ്മരിക്കും. ബുദ്ധിവൈഭവവും, ഭരണസാമർത്ഥ്യവും, കർമ്മനൈപുണ്യവും ഒന്നിച്ചു വിളങ്ങിയ ബാവായുടെ പതിനഞ്ചു വർഷത്തെ ഭരണകാലത്ത് സഭ ആദ്ധ്യാത്മിക, ലൗകികതലങ്ങളിൽ ഒരുപോലെ മുന്നേറിയതും ചരിത്രവസ്തുതയാണ്.

സഭയുടെ ചരിത്രത്തിലെ ഒരു സുപ്രധാന കാലഘട്ടമാണ് അതിവേഗം മറഞ്ഞുപോയ ഇരുപതാംനൂറ്റാണ്ടിന്റെ അവസാന ദശകങ്ങൾ. പ്രതിസന്ധികളിലൂടെ കടന്നുവന്ന സഭയ്ക്ക് ഈ കാലയളവിൽ ശരിയായ നേതൃത്വം നല്കുന്നതിനു കഴിവുള്ള സമുന്നതരായ അദ്ധ്യക്ഷന്മാരാൽ സഭ ധന്യവുമായിരുന്നുവെന്ന വസ്തുതയും. എടുത്തുപറയേണ്ടതായിട്ടുണ്ട്.

പരിശുദ്ധനായ പരുമലതിരുമേനിയുടെ കാലശേഷം പുലിക്കോട്ടിൽ തിരുമേനിയും തുടർന്ന് സഭയ്ക്ക് നേതൃത്വം കൊടുത്ത എല്ലാ സഭാപിതാക്കന്മാരും സഭാനൗകയെ കൊടുങ്കാറ്റുകളിൽനിന്നും രക്ഷിക്കുകയും സമാധാനത്തിന്റെ തുറമുഖത്തേക്ക് അടുപ്പിക്കുകയും ചെയ്തിരുന്നു. ഈ മഹത്തായ പാരമ്പര്യം കൂടുതൽ ശക്തമായി നിലനിർത്തുകയും സഭയ്ക്ക് പതിനഞ്ചുവർഷത്തിനിടയിൽ എല്ലാ തലങ്ങളിലും വമ്പിച്ച വളർച്ച കൈവരുത്തുവാൻ അക്ഷീണയത്നങ്ങൾ നടത്തുകയും ചെയ്ത സമുന്നത സഭാനേതാവായിരുന്നു പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ.

മലങ്കരസഭയുടെ പ്രശ്നങ്ങൾ എല്ലാം പഠിക്കുകയും ഭരണത്തിൽ പരിചയസമ്പന്നത നേടിയെടുക്കുകയും ചെയ്തശേഷമാണ് മലങ്കര മെത്രാപ്പോലീത്തയായി അദ്ദേഹം സ്ഥാനാരോഹണം ചെയ്തത്. അങ്ങനെ സഭയുടെ കേന്ദ്രത്തിൽതന്നെ നിലകൊണ്ട പ. ബാവാതിരുമേനി കഴിഞ്ഞ അരനൂറ്റാണ്ടിനിടയിൽ മലങ്കരസഭയുടെ ചരിത്രഗതിയെതന്നെ തിരിച്ചുവിടുന്നതിൽ വൻ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

തന്റെ മുൻഗാമിയായ പരിശുദ്ധ ഔഗേൻ കാതോലിക്കാബാവായുടെ കീഴിൽ നിയുക്ത കാതോലിക്കായായി സേവനം അനുഷ്ഠിച്ച കാലഘട്ടം തന്റെ ഭരണപാടവം പരിപോഷിപ്പിക്കുന്നതിനായി അദ്ദേഹം പ്രയോജനപ്പെടുത്തി. അതിനു മുമ്പ് ബാഹ്യകേരള ഭദ്രാസനത്തിന്റെ ആദ്യ മെത്രാപ്പോലീത്തയായിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ ബാഹ്യകേരള ഭദ്രാസനം അമേരിക്ക, ബോംബെ, ഡൽഹി, കൽക്കട്ട, മദ്രാസ് എന്നിങ്ങനെ വളർന്നു വികസിച്ചു. പുതിയ ഭദ്രാസനങ്ങൾ പിറന്നതോടുകൂടി നൂറുകണക്കിനു പള്ളികൾ പുതുതായി സ്ഥാപിക്കപ്പെട്ടു. അങ്ങനെ സഭയുടെ അതിരുകൾ വിശാലമാക്കിയ തിരുമേനി വിദേശപര്യടനസന്ദർശനങ്ങൾ കൊണ്ട് സഭയുടെ പ്രശസ്തി ദിഗന്തങ്ങളിൽ വ്യാപിപ്പിച്ച മേലദ്ധ്യക്ഷൻ, സഭാചരിത്രം, വേദശാസ്ത്രം, ദൈവശാസ്ത്രം, കാനോൻ, സുറിയാനിഭാഷ എന്നിവയിൽ അഗാധമായ ജ്ഞാനം നേടിയ പണ്ഡിതൻ, ആജ്ഞാശക്തിയുള്ള സമുന്നത സഭാനേതാവ്, ഇടയന്മാരുടെ വലിയ ഇടയൻ, വൈദിക ശിഷ്യസമൂഹത്തിൽ അതിധന്യനായ ഗുരുവര്യൻ, വ്യക്തവും ഇമ്പകരവുമായ ആരാധനകളാൽ ജനഹൃദയങ്ങളെ ആകർഷിക്കുവാൻ കഴിവുള്ള സഭാദ്ധ്യക്ഷൻ, ഭംഗിവാക്കുകൾ കൂടാതെ കാര്യമാത്രപ്രസക്തമായ ഉദ്ബോധനം നല്കുന്ന പ്രഭാഷകൻ, പൂർവ്വീകർ തന്നെ ഭരമേല്പ്പിച്ച സഭയ്ക്ക് ഒരു പോറലും ഏല്പിക്കുവാൻ അനുവദിക്കാത്ത ഉത്തമനായ കാവൽക്കാരൻ എന്നീ നിലകളിൽ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായ്ക്കുള്ള സ്ഥാനം തുലനം ചെയ്യുവാൻ പാടില്ലാത്തവിധത്തിലായിരുന്നു.

> **സഭയുടെ ഏതു കാര്യവും ആധികാരികമായി അദ്ദേഹം പറയുമായിരുന്നു. മാർത്തോമ്മാ പാരമ്പര്യം തന്റെ രക്തത്തിലുണ്ടെന്നു പ. ബാവാ തെളിയിച്ചു. കാതോലിക്കയായി സ്ഥാനമേറ്റപ്പോൾ പേരിനോടൊപ്പം മാർത്തോമ്മായുടെ നാമംകൂടി അദ്ദേഹം നല്കിയത് അതിന് ഒരു ഉദാഹരണമാണ്**

ആധുനിക മലങ്കരസഭയുടെ കരുത്തനായ ശില്പിയും സഭയുടെ നാനാമുഖമായ വളർച്ചയുടെ പരപ്പും ആഴവും ഒരു വിളിപ്പാടകലെ കണ്ട ദർശകനും ബുദ്ധിയിൽ അഗ്രശാലിയുമായിരുന്നു പ. ബാവാ തിരുമേനി. അസാധാരണമായ നേതൃത്വപാടവവും ഭരണശേഷിയും ആജ്ഞാശക്തിയും പ്രകടിപ്പിച്ച ഗംഭീരാശയനായ പ. ബാവാ തിരുമേനി പ്രതികൂല സാഹചര്യങ്ങളിലും സഭയുടെ മേൽഗതിക്കായി ആത്മവിശ്വാസത്തോടുകൂടി പരിശ്രമിച്ചു. ഭരണത്തിൽ ഒരു പ്രത്യേക ശൈലീവിശേഷം തന്നെയായിരുന്നു അദ്ദേഹം. സൂത്രശാലികളുടെ വിദ്യകളൊന്നും അദ്ദേഹത്തിന്റെ മുമ്പിൽ വിലപ്പോയില്ല. പരുഷവും കർക്കശവുമെന്നു തോന്നിക്കുന്ന ബാഹ്യഭാവത്തിനുള്ളിൽ അലിയുന്ന മനസ്സും തുറന്ന സമീപനവും നിഷ്ഠയുമുണ്ടെന്നും അടുത്തറിഞ്ഞവർ ധാരാളം. അലസതകൂടാതെ സദാസമയവും അദ്ധ്വാനിക്കുക അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. വിവിധ മേഖലകളിൽ അനേകം പ്രസ്ഥാനങ്ങൾക്കും പ്രവർത്തനങ്ങൾക്കും തുടക്കംകുറിച്ചുകൊണ്ട് നൂതനമായ ഭരണപരിഷ്ക്കാരങ്ങൾ നടപ്പാക്കി സഭയുടെ പേരും പ്രശസ്തിയും ആഗോളതലത്തിലെത്തിക്കുന്നതിന് കഴിഞ്ഞ അദ്ദേഹത്തിന്റെ നേതൃത്വപാടവം ഏവരെയും ആകർഷിച്ചുകൊണ്ടു സഭയെ സമഗ്രമായ വികസനത്തിന്റെ ഔന്നത്യത്തിലേക്ക് നയിച്ചിരുന്നു. സ്വന്തമായി ഒന്നും സമ്പാദിക്കാതെ സഭയ്ക്കായി എല്ലാം കരുതിവച്ച ആ മഹാനുഭാവൻ പതിനഞ്ചു വർഷം സഭയ്ക്ക് നേതൃത്വം കൊടുത്തു.

കേരളത്തിനകത്തും പുറത്തും കാതോലിക്കേറ്റ് സെന്ററുകൾ, നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, മിഷൻ സെന്ററുകൾ തുടങ്ങിയവയെല്ലാം സഭയുടെ വികസനത്തിലെ ചിലതുമാത്രം.







സഭാഭരണസമിതികളുടെ ഉത്തരവാദിത്വം കൃത്യമായി നിർവ്വഹിക്കുകയും ഓരോന്നും അതിൽതന്നെ ശ്രദ്ധ കേന്ദ്രീകരിക്കാൻ നിർബന്ധിക്കപ്പെടുകയുംചെയ്ത സാഹചര്യത്തിൽ ഭരണ നേതൃത്വത്തിന്റെ കാര്യശേഷി പതിന്മടങ്ങായി വർദ്ധിച്ചു.

ആരാധനാക്രമങ്ങൾക്ക് അടുക്കും ചിട്ടയും ഉണ്ടാക്കുന്നതിനും ആരാധന സുറിയാനിയിൽനിന്നും മലയാളത്തിലാക്കാനും പ. ബാവാ നേതൃത്വം നല്കി. ആരാധനാഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് വിവർത്തനംചെയ്യുവാൻ പരിശ്രമിച്ചു. ആരാധനാ പുസ്തകങ്ങൾ പരിഷ്കരിച്ചതും ഗണനീയമായ നേട്ടമാണ്. ആരാധനാക്രമങ്ങളിൽ ഭാഷാപരമായി അദ്ദേഹം നടത്തിയ മാറ്റങ്ങൾ ശ്രദ്ധേയമായിരുന്നു. മലയാളം അറിഞ്ഞുകൂടാത്തവർക്കും വി. കുർബ്ബാനയിൽ പങ്കുകൊള്ളത്തക്കവിധം കുർബ്ബാനക്രമവും പ്രത്യേകശുശ്രൂഷകളും അദ്ദേഹം ഇംഗ്ലീഷിലാക്കി.

എക്യുമെനിസത്തിലും അദ്ദേഹം തന്റേതായ സംഭാവനകൾ നല്കി. റോമൻ കത്തോലിക്കാ സഭയുമായുള്ള സംവാദത്തിനും തുടക്കം കുറിക്കാൻ സാധിച്ചു. ദൈവശാസ്ത്രപഠനരംഗത്തു സഭകൾ തമ്മിലുള്ള സഹകരണം വളർത്തുന്നതും പ. ബാവായുടെ കാലത്താണ്.

പ്രസംഗകൻ എന്ന നിലയിൽ തികച്ചും സ്വന്തമായ ശൈലി ഉണ്ടായിരുന്നു. ഗാംഭീര്യം കലർന്ന ശബ്ദം വേദികളിൽനിന്നും മുഴങ്ങും. ഈ ശബ്ദവും എല്ലാറ്റിനും അടുക്കും ചിട്ടയും ഉണ്ടാക്കണമെന്ന നിർബന്ധവുമായിരുന്നു പ. ബാവാ കടുംപിടുത്തക്കാരനാണെന്ന തോന്നൽ ഒട്ടുവളരെ പേരിലും ഉളവാക്കിയിരുന്നത്. എന്നാൽ കരുത്തനും കണിശത്തിനും ഉള്ളിലായി സ്നേഹവും നൈർമ്മല്ല്യവും നിറഞ്ഞ ഒരു ഹൃദയത്തിന്റെ ഉടമയായിരുന്നു തിരുമേനി.

പ. ബാവാ തിരുമേനിയുടെ ഭരണകാലത്തെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം സുന്നഹദോസിന് പ്രത്യക്ഷമായ രൂപം നല്കുകയും അത് വർഷത്തിൽ രണ്ടുപ്രാവശ്യം സമ്മേളിക്കുകയും ചെയ്യുന്നുവെന്നതാണ്. ഒരാഴ്ച നീണ്ടുനില്ക്കുന്ന സുന്നഹദോസ് സഭയെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളും സമഗ്രമായി ചർച്ചചെയ്യുകയും ഭദ്രാസനമെത്രാപ്പോലീത്തന്മാരുടെ അഭിപ്രായങ്ങൾ അറിഞ്ഞു കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്യുന്നു.

സഭയുടെ ഏതു കാര്യവും ആധികാരികമായി അദ്ദേഹം പറയുമായിരുന്നു. മാർത്തോമ്മാ പാരമ്പര്യം തന്റെ രക്തത്തിലുണ്ടെന്നു പ. ബാവാ തെളിയിച്ചു. കാതോലിക്കയായി സ്ഥാനമേറ്റപ്പോൾ പേരിനോടൊപ്പം മാർത്തോമ്മായുടെ നാമംകൂടി അദ്ദേഹം നല്കിയത് അതിന് ഒരു ഉദാഹരണമാണ്.

തോമാശ്ലീഹായുടെ പാരമ്പര്യം സഭയ്ക്കും ഉണ്ടായിരിക്കണമെന്നും ബാവാ അടിയുറച്ചു വിശ്വസിച്ചു. അന്ത്യംവരെയും ആ തത്വം പാലിക്കുകയും ചെയ്തു. □


## ഗിവ്സൈറ്റ് / ഗിവ് ലൈഫ് പ്രോജക്ട്

**സെന്റ് ഗ്രീഗോറിയോസ് മിഷൻ ഹോസ്പിറ്റൽ, പരുമല, മാന്നാർ. പിൻ 689 626 ഫോൺ: 0479-312266, 312465**

**ഗിവ്സൈറ്റ് പ്രോജക്ട്**

പരുമല സെന്റ് ഗ്രീഗോറിയോസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സ വിഭാഗവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം ആരംഭിച്ചതാണ് `Give Sight Project'.

സന്മനസ്സുള്ള ആർക്കും `Give Sight Project'-ൽ 1000/- (ആയിരം രൂപ) നല്കി അംഗമാകാം. ഇൻട്രാ ഓക്കുലർ ലെൻസ് (IOL) വച്ചുള്ള നൂതന ശസ്ത്രക്രിയ, പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പേരിൽ ഒരു പാവപ്പെട്ട അന്ധന് ഞങ്ങൾ ചെയ്തുകൊടുക്കും. ഓപ്പറേഷൻ സംബന്ധിച്ച് വരുന്ന മറ്റ് ചിലവുകൾ ആശുപത്രി വഹിക്കും. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിച്ച രോഗിയെ സംബന്ധിച്ച വിവരങ്ങൾ യഥാവസരം നിങ്ങളെ അറിയിക്കുന്നതാണ്.

നേത്രചികിത്സാക്യാമ്പ്: ക്രിസ്റ്റഫൽ ബ്ലൈൻഡൻ മിഷൻ, ജർമ്മനിയുടെ സഹായത്താൽ എല്ലാ വ്യാഴാഴ്ചകളിലും സൗജന്യ നേത്രചികിത്സാക്യാമ്പുകൾ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. താല്പര്യമുള്ളവർ നേത്രചികിത്സാവിഭാഗവുമായി ബന്ധപ്പെട്ടാൽ സൗജന്യ നേത്രചികിത്സാക്യാമ്പുകൾ നടത്തികൊടുക്കുന്നതാണ്.

**ഗിവ് ലൈഫ് പ്രോജക്ട്:**

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയോട് ചേർന്ന് ഒരു അത്യാധുനിക ലഹരിവിമുക്ത ചികിത്സാകേന്ദ്രം കൂടി ആരംഭിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾക്ക് അടിമപ്പെടുക എന്നുള്ളത് ശാരീരികവും മാനസികവുമായ രോഗമാണ്. വിദഗ്ദ്ധചികിത്സയും കൗൺസലിംഗുംകൊണ്ട് ഈ രോഗത്തെ നിയന്ത്രണവിധേയമാക്കാവുന്നതാണ്. ലഹരിക്കടിമയായ ഒരാൾ രക്ഷനേടുമ്പോൾ ഒരു തലമുറയാണ് നന്നാവുന്നത്. ആസക്തി മൂലം സാമ്പത്തികമായി തകർന്ന ഒരാൾക്ക് ആശുപത്രിയിലെ ചികിത്സ ചിലവുകൾ വഹിക്കുവാൻ പ്രയാസമുണ്ട്.

തകർന്ന കുടുംബങ്ങളെ നേർവഴിക്ക് നടത്തുവാനുള്ള ഞങ്ങളുടെ പ്രയത്നത്തിൽ താങ്കൾക്കും പങ്കാളിയാകാം. ലഹരി വിമുക്ത ചികിത്സയ്ക്ക്, രണ്ടാഴ്ചത്തെ ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സയും തുടർന്ന് ഒരു വർഷത്തെ തുടർപരിപാടികൾക്കുംകൂടി ഏകദേശം 2500/- രൂപ ചിലവുവരും. 2500/- രൂപാ നല്കി താങ്കൾക്ക് ഒരു തലമുറയെ രക്ഷപ്പെടുത്തുവാൻ സാധിക്കും. ഈ തുക ഗഡുക്കളായും അടയ്ക്കാവുന്നതാണ്. സൈക്കോതെറാപ്പി കൗൺസലിംഗ് തുടങ്ങിയ മേഖലകളിൽ പ്രഗത്ഭരായ മനോരോഗ-മനഃശാസ്ത്ര വിദഗ്ദ്ധരുടെ സേവനം ഈ സെന്ററിൽ ലഭ്യമാണ്.

സന്മനസ്സുള്ള അനേകം വ്യക്തികളുടെ സഹായം ലഭിക്കുന്നതുകൊണ്ട് ഞങ്ങൾക്ക് ഈ രണ്ട് പദ്ധതികളും നന്നായി കൊണ്ടുപോകുവാൻ സാധിക്കുന്നുണ്ട്.

M.O. / D.D. / Cheque to Give Sight / Give Life Project C/o. Executive Officer, St. Gregorios Hospital, Parumala - 689 626

*Best Compliments From:*

# GEO AUTOMOBILES

MAIN ROAD PATHANAMTHITTA - 689 645, KERALA

PHONE: 0473-322951,

FAX: 0473-325792

*Authorised Dealer for:*

Bajaj Auto Ltd

Two and Three Wheeler Vehicles, Spare Parts and Service



# മദ്യപാനിയായ ഭർത്താവിന്റെ കൂടെ എങ്ങനെ ജീവിക്കും?

**ചോദ്യം:** *എന്റെ ഭർത്താവ് ഒരു മദ്യപാനിയാണ്. ദിവസവും കുടിക്കുകയില്ല. എന്നാൽ കുടിക്കുന്ന ദിവസം വളരെയധികമായി മദ്യപിക്കുകയും വീട്ടിൽവന്ന് ബഹളമുണ്ടാക്കുകയും ചെയ്യും. എന്നോടാണ് കൂടുതൽ വഴക്ക്. എനിക്ക് പരപുരുഷബന്ധമുണ്ടെന്നാരോപിച്ച്, വളരെ ദേഹോപദ്രവമേൽപ്പിക്കും. സഹിക്കവയ്യാതെ വീട്ടിൽനിന്ന് ഓടി എന്റെ വീട്ടിൽ വന്നിട്ടുണ്ട്. പിന്നെയും മദ്ധ്യസ്ഥന്മാർ ഇടപെട്ട് സമാധാനമുണ്ടാക്കി ഞാൻ തിരികെ പോകും. പലപ്പോഴും ഇതാവർത്തിച്ചു. ഈയിടെ വളരെ പീഢനം സഹിക്കനാവാഞ്ഞിട്ട് എന്റെ വീട്ടിലേക്ക് പോന്നു. എന്റെ ഭർത്താവ് ശരിയാകുമെന്ന് തോന്നുന്നില്ല. പിന്നെയും തിരികെ ചെല്ലുവാൻ മറ്റ് ആളുകൾ വഴി നിർബന്ധിക്കുന്നുണ്ട്. ഞാൻ തിരികെപോകണമോ? അതുകൊണ്ടു പ്രയോജനമുണ്ടാകുമോ? ഒരു തീരുമാനമെടുക്കാൻ വളരെ വിഷമിക്കുന്നു. വ്യക്തമായ ഒരു നിർദ്ദേശം തരണമെന്ന് അപേക്ഷിക്കുന്നു.*

*ഗ്രേസി, പറക്കോട്*

**ഉത്തരം:** 'Put out the fire before it spreads' തീ ആളിക്കത്തുന്നതിനുമുമ്പ് അത് കെടുത്തണം എന്ന പഴമൊഴി നാം കേട്ടിട്ടുണ്ടല്ലോ. അതുപോലെയാണ് മദ്യപാനം. കഴിവുള്ളിടത്തോളം മദ്യപാനം ഒരിക്കലും തുടങ്ങിവെക്കാതിരിക്കുന്നതാണ് നല്ലത്. തുടങ്ങിയെങ്കിൽ മനസ്സിന്റെ ഇച്ഛാശക്തികൊണ്ട് പിടിച്ചുനിർത്താവുന്നഘട്ടത്തിൽതന്നെ നിർത്തുക. അല്ലെങ്കിൽ വളരെ അപകടകരമായ അവസ്ഥയിലേക്ക് നീങ്ങും. മദ്യപിച്ച്, സ്വബോധം നഷ്ടപ്പെട്ടവരുടെ പീഡനത്താൽ വലയുന്ന അനേകം അമ്മമാരും കുഞ്ഞുങ്ങളും ഈ നാട്ടിലുണ്ട്. അവരെ വേണ്ടവിധത്തിൽ സഹായിക്കാനോ ഉദ്ധരിക്കാനോ ഉള്ള സംവിധാനങ്ങൾ ഇന്നും നമ്മുടെ നാട്ടിൽ വേണ്ടതുപോലെയായിട്ടില്ല. സാമ്പത്തിക സ്വാതന്ത്ര്യമില്ലാത്തതിനാൽ ഇത്തരം ഭർത്താക്കന്മാരെ ഉപേക്ഷിച്ചുപോകുവാനും സാധുക്കളായ സ്ത്രീകൾക്ക് സാധിക്കുന്നില്ല. ശാരീരിക, മാനസിക പീഡനങ്ങൾ സഹിച്ചു ജീവിക്കുന്ന വീട്ടമ്മമാരുടെ ജീവിതം വളരെ ദയനീയമാണ്. ചിന്താശക്തി നഷ്ടപ്പെട്ടിട്ടില്ലാത്ത മദ്യപന്മാർ ഇതു വായിച്ചാൽ എന്തെങ്കിലും മാറ്റമുണ്ടാകുന്നെങ്കിലാകട്ടെ എന്ന് ചിന്തിച്ച് ഇത്രയും ആമുഖം എഴുതിയതാണ്.

നിങ്ങളുടെ എഴുത്തിൽനിന്നു കിട്ടുന്ന സൂചന, നിങ്ങളുടെ ഭർത്താവ് മദ്യത്തിന് അടിമയായി എന്നുതന്നെയാണ്. ഇംഗ്ലീഷിൽ Addiction എന്നു പറയുന്ന അവസ്ഥ. ദിവസവും കുടിക്കുന്നില്ല, എന്നതുകൊണ്ട് അടിമയായില്ല എന്ന് പറയാൻ ഒക്കുകയില്ല. എന്തുകൊണ്ടെന്നാൽ കുടി തുടങ്ങിയാൽ ബോധംമറയും വരെ കുടിക്കുക എന്ന സ്വഭാവം മദ്യത്തിന് അടിമയായി എന്നതിന്റെ സൂചനയാണ്. പാപത്തിന്റെ ശമ്പളം മരണമെന്ന് വേദപുസ്തകത്തിൽ വായിക്കുന്നത് അക്ഷരാർത്ഥത്തിൽ മദ്യപാനിക്കു സംഗതമായിടുന്നതാണ്. പാപമായിതുടങ്ങി ശാരീരികാ മാനസിക രോഗിയായി ഒടുവിൽ മരണത്തിൽ കലാശിക്കുന്നു. ഇതാണ് മദ്യപാനിയുടെ ഗതി. നിരന്തരമായ മദ്യപാനം ലൈംഗികശേഷി കുറയ്ക്കുന്നതിന് കാരണമാകും. ഇത് മൂടിവെച്ചുകൊണ്ട്, ഭാര്യയ്ക്ക് പരപുരുഷബന്ധമുണ്ടെന്ന് ആരോപിച്ച് ഉപദ്രവിക്കും. നിങ്ങളുടെ ഭർത്താവ്, ഈ തരത്തിൽ മാനസികരോഗത്തിലേക്ക് എത്തിനിൽക്കുകയാണ്. ഇവരെ ഗുണദോഷിച്ച് നേരെയാക്കാൻ സാധിക്കയില്ല. സ്വയംനിയന്ത്രിക്കാൻ അയാൾക്കു സാധിക്കയുമില്ല. നിങ്ങൾ തിരിച്ചുചെല്ലുവാനായി കുറച്ചുദിവസങ്ങൾ കുടിക്കാതെയിരിക്കാൻ അയാൾക്കു കഴിഞ്ഞാലും പിന്നെയും മദ്യത്തിലേക്ക് തിരികെപോകാനാണ് സാദ്ധ്യത. ഈ യാഥാർത്ഥ്യങ്ങൾ കണക്കിലെടുത്തുവേണം തീരുമാനം എടുക്കേണ്ടത്. ആവർത്തിക്കപ്പെടുന്ന പീഡനങ്ങളുമായി, ഇനി സഹിച്ചുപോകാനൊക്കുകയില്ലെന്ന ചിന്തയാണ് നിങ്ങൾക്കുള്ളതെങ്കിൽ തിരിച്ചുപോകാതിരിക്കുന്നതാണ് ഉത്തമം. അപ്പോൾ നിങ്ങളെ ആര് തുടർന്നു സംരക്ഷിക്കും എന്ന പ്രശ്നങ്ങളൊക്കെയുണ്ടാവാം. എന്തെങ്കിലും സ്വയംതൊഴിൽ കണ്ടെത്തി ജീവിക്കേണ്ടവരും. മറിച്ചൊരു സാദ്ധ്യതയുള്ളത് ഭർത്താവിനെ മദ്യപാനത്തിൽനിന്ന് രക്ഷപ്പെടുത്താനുള്ള എല്ലാ ഉപാധികളും സ്വീകരിക്കുക എന്നതാണ്. മദ്യത്തിന് അടിമയായ സ്ഥിതിക്ക് ചികിത്സ ആവശ്യമായിവരും ഏതായാലും ദൈവം തമ്പുരാൻ കൂട്ടിച്ചേർത്ത പങ്കാളിയെ തള്ളിക്കളയരുത്. ബന്ധുമിത്രാദികളുടെയും സ്നേഹിതരുടെയും സഹായത്തോടെ അയാളെ ചികിത്സയ്ക്കു വിധേയമാക്കുക. അതോടൊപ്പം കൗൺസലിംഗും മനശ്ശാസ്ത്രചികിത്സയും കൂടി നടത്തുക. ഇവകൂടാതെ പ്രാർത്ഥന, നോമ്പ്, ഉപവാസം, ധ്യാനയോഗങ്ങൾ, പ്രാർത്ഥനായോഗങ്ങൾ ഇവയിൽകൂടി ആത്മീയശക്തിയും നേടാൻ സഹായിക്കുക. ഇവയ്ക്കൊന്നും അയാൾ തയ്യാറാകാതെ നിങ്ങൾ തിരികെച്ചെന്നാൽ പഴയതൊക്കെ ആവർത്തിക്കാനാണ് സാദ്ധ്യത. ആത്മശരീര, മനസ്സുകളുടെ ശക്തീകരണത്തിൽകൂടി മാത്രമേ അയാളെ യഥാസ്ഥാനപ്പെടുത്താനാവുകയുള്ളു. ഇതിനുള്ള വഴികൾ കണ്ടെത്താതെ, ഉടനെ അയാളുടെ അടുത്തേക്കു തിരികെച്ചെല്ലുന്നത് വലിയ പ്രയോജനം ചെയ്യുമെന്ന് തോന്നുന്നില്ല. ◆

## ഹൃദയരാഗം

ഇ.വൈ. കോശി, വെൺമണി

**ത്യയേകദൈവമേ**
**കൃപയെനിയ്ക്കേകെണമേ**
**അഞ്ജലികൂപ്പിനമിക്കുന്നു ഞാൻ**
**നിത്യം നടത്തേണമേ, നിൻ വഴികളിൽ**
**എന്നും നേർവഴി കാട്ടേണമേ.**
**മാനവജാതിതൻ പാപം വഹിച്ചുനീ**
**മാമലമേലെ കരേറിടുമ്പോൾ**
**നീറുന്ന ചിത്തത്തിൽ നീർത്തോടുപോലെനിൻ**
**ദിവ്യമാം സ്നേഹം ഒഴുകിടുന്നു.**
**മാനവപാപങ്ങൾ പോക്കേണമേ എന്നും**
**മാനസംതന്നിൽ വസിയ്ക്കേണമേ.**
**മാറാത്ത സ്നേഹം തന്നു നീ എന്നെ**
**മാറോടണയ്ക്കേണമേ,**
**നാഥാ മാർഗ്ഗം തെളിയ്ക്കേണമേ.**

# കോയമ്പത്തൂർ ആര്യവൈദ്യഫാർമസിയുടെ

മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ

## മുത്തൂറ്റ് ആയുർവേദിക് സെന്റർ

കോഴഞ്ചേരി – 689 641, ഫോൺ 0473- 314000

ആയുർവേദചികിത്സാരംഗത്തെ പ്രശസ്തരായ കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസി ലിമിറ്റിഡിന്റെ സഹകരണത്തോടുകൂടി മൂത്തൂറ്റ് ആയുർവേദിക് സെന്ററിന്റെ പ്രവർത്തനം മൂത്തുറ്റ് മെഡിക്കൽ സെന്ററിൽ വിജയകരമായി തുടരുന്നു. ഇവിടെ ആയുർവേദ വിധി പ്രകാരമുളള ചികിത്സാസമ്പ്രദായങ്ങളായ പിഴിച്ചിൽ, ഞവരക്കിഴി, ധാര, തലപൊതിച്ചിൽ, കൂടാതെ നസ്യം, വസ്തി, വിരേചനം, വമനം, രക്തമോക്ഷം തുടങ്ങിയ ആയുർവേദ പഞ്ചകർമ്മചികിത്സകളും വിദഗ്ദ്ധരായ ചികിത്സകരുടെ മേൽനോട്ടത്തിൽ ചെയ്യപ്പെടുന്നു.

**ഇവിടെ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാർ**

ഡോ. ജോബ് തോമസ് – എല്ലാ തിങ്കളാഴ്ചയും – 9.00 A.M. - 5.00 P.M.
ഡോ. നാരായണൻ, ഡോ. കെ. ജി. രവിന്ദ്രൻ
എന്നിവരുടെ സേവനം മാസത്തിലൊരിക്കൽ ലഭ്യമാണ്.
ഡോ. സുനി പോൾ – R.M.O.

മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ

## മൂത്തുറ്റ് സാറ്റലൈറ്റ് മെഡിക്കൽ സെന്റർ

പത്തനംതിട്ട. 689 645, ഫോൺ 0473 - 325533

കോഴഞ്ചേരി മൂത്തുറ്റ് മെഡിക്കൽ സെന്ററിന്റെ ശാഖയായ മൂത്തുറ്റ് സാറ്റലൈറ്റ് മെഡിക്കൽ സെന്ററിന്റെ പ്രവർത്തനം പത്തനംതിട്ടയിൽ വിജയകരമായി തുടരുന്നു.

**സവിശേഷതകൾ**

✦ 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാണ്.
✦ അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ ലബോറട്ടറി ✦ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ✦ അത്യാവശ്യഘട്ടങ്ങളിൽ കോഴഞ്ചേരി മൂത്തുറ്റ് ആശുപത്രിയിലേക്ക് വിദഗ്ദ്ധ ചികിത്സക്കായി രോഗിയെ കൊണ്ടുപോകുന്നതാണ്.

മൂത്തുറ്റ് മെഡിക്കൽ സെന്ററിലെ പ്രഗൽഭരായ ഡോക്ടർമാരുടെ സേവനം താഴെ പറയുന്ന രീതിയിൽ 3 - 5 P.M. വരെ ലഭ്യമാണ്.

തിങ്കൾ - ശിശുരോഗ വിദഗ്ദ്ധർ
ചൊവ്വ - ഫിസിഷ്യൻ, ഗൈനക്കോളജിസ്റ്റ്
ബുധൻ - ഫിസിഷ്യൻ, ഗൈനക്കോളജിസ്റ്റ്
വ്യാഴം - ഓർത്തോപീഡിക് സർജൻ, ജനറൽ സർജൻ
വെളളി - ENT സർജൻ




# മതവും ദേശീയതയും

റിട്ട. ജസ്റ്റീസ് ജോൺ മാത്യു

മതവും ദേശീയതയും കൂടി യോജിച്ച് പോകുകയില്ലെന്ന് ചിലരെങ്കിലും തെറ്റിദ്ധരിക്കപ്പെട്ടിരിക്കയാണ്. ഏതു മത വിശ്വാസിക്കും അവനവന്റെ വിശ്വാസങ്ങളോടൊപ്പം രാജ്യസ്നേഹവും ഒരുമിച്ചുകൊണ്ടുപോകാൻ കഴിയും എന്നതാണ് പരമാർത്ഥം.

ഭാരതത്തിന്റെ ഭരണഘടന ഒരു മതേതര രാഷ്ട്രത്തെയാണ് വിഭാവനം ചെയ്യുന്നത്. മതങ്ങളുടെ മൂല്യങ്ങൾ ഉൾക്കൊണ്ട് രാഷ്ട്രം നയിക്കുന്നവർക്ക് മാത്രമേ നിരീശ്വരന്മാർക്ക് കൂടി നീതിനടപ്പാക്കുവാൻ കഴിയുകയുള്ളു. അവർ മതഭ്രാന്തന്മാരല്ല എങ്കിലും അവർ ചെയ്യുന്ന സകലവും ഈശ്വരനാൽ നയിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവരായിരിക്കും.

അങ്ങനെ ഒരു സാഹചര്യമുണ്ടായാൽ നാം ഇന്നു കാണുന്ന അധികാരങ്ങൾക്കോ രാഷ്ട്രീയ ചേരിതിരിവുകൾക്കോ യാതൊരു സ്ഥാനവും കാണുകയില്ല. ഭാരതത്തിൽ മാത്രമല്ല ലോകമെമ്പാടും സമത്വസുന്ദരമായ ഒരു പുതുയുഗം ആരംഭിക്കുകയും ചെയ്യും.

ഭരണഘടനയുടെ ആമുഖത്തിൽതന്നെ ഭാരതം ഒരു Secular Republic ആയിരിക്കും എന്നു പറഞ്ഞിട്ടുണ്ട്.

Article 15

മതം, വർഗ്ഗം, ജാതി (Religion, race, caste) ഇവയുടെ അടിസ്ഥാനത്തിൽ യാതൊരു വിവേചനവും പാടില്ല എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നിരുന്നാലും പിന്നോക്കക്കാരായ പൗരന്മാർക്ക് പ്രത്യേകമായ ആനുകൂല്യങ്ങൾ നല്കുന്ന നിയമങ്ങൾക്ക് ഈ വ്യവസ്ഥ ബാധകമല്ല. അപ്രകാരമുള്ള നിയമനിർമ്മാണം നടത്താവുന്നതാണ്.

Article 25 - 28 വരെയുള്ള വകുപ്പുകളും മതവിശ്വാസത്തെ പരാമർശിക്കുന്നവയാണ്.

25 മനഃസാക്ഷിയനുസരിച്ച് ഏതു മതത്തിലും വിശ്വസിക്കാനുള്ള അവകാശം – ആ മതത്തിന്റെ ആചാരാനുഷ്ഠാനങ്ങൾ നടത്താനും പ്രചരിപ്പിക്കാനും ഉള്ള അവകാശം സംരക്ഷിച്ചിരിക്കുന്നു.

26 ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനും അവ നടത്തിക്കൊണ്ടുപോകുന്നതിനും അവയ്ക്ക് വേണ്ട വസ്തുവകകൾ സമ്പാദിക്കുന്നതിനും നിയമപ്രകാരം അവ ഭരിക്കുന്നതിനും ഉള്ള അവകാശം.

27 ഏതെങ്കിലും പ്രത്യേക മതവിഭാഗത്തിനുവേണ്ടി നികുതി കൊടുക്കുന്നതിന് ആരെയും നിർബന്ധിച്ചുകൂടാ.

28 പൊതുമുതൽ കൊണ്ടുമാത്രം നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതവിദ്യാഭ്യാസം പാടില്ല. പക്ഷേ സ്ഥാപനം ഒരു ട്രസ്റ്റ് നിർമ്മിച്ചതാണെങ്കിൽ ആ Caste–ന്റെ വ്യവസ്ഥകളിൽ മതവിദ്യാഭ്യാസം നടത്തണം എന്നുണ്ടെങ്കിൽ മതവിദ്യാഭ്യാസം നടത്താം – ഗവണ്മെന്റാണ് ആ സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നത് എന്നിരുന്നാലും മതവിദ്യാഭ്യാസം നടത്താം.

**ഭാരതത്തിന്റെ ഭരണഘടന ഒരു മതേതര രാഷ്ട്രത്തെയാണ് വിഭാവനം ചെയ്യുന്നത്. മതങ്ങളുടെ മൂല്യങ്ങൾ ഉൾക്കൊണ്ട് രാഷ്ട്രം നയിക്കുന്നവർക്ക് മാത്രമേ നിരീശ്വരന്മാർക്ക് കൂടി നീതിനടപ്പാക്കുവാൻ കഴിയുകയുള്ളു**

അഭി: ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ Theology of a Classless Society (വർഗരഹിത സമൂഹത്തിന്റെ വേദശാസ്ത്രം) എന്ന പ്രസിദ്ധമായ ഗ്രന്ഥത്തിൽ സാമൂഹ്യനീതിക്ക് ക്രിസ്തുമതം വലിയ പ്രാധാന്യമാണ് കൊടുത്തിരിക്കുന്നത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സമൂഹത്തിലെ ശക്തർ അശക്തരെ ചൂഷണം ചെയ്യുന്ന രീതി ക്രിസ്തുമതത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾക്ക് എതിരാണെന്ന അദ്ദേഹത്തിന്റെ അഭിപ്രായം ആ ഗ്രന്ഥത്തിൽ ശക്തമായി പ്രതിപാദിച്ചിട്ടുണ്ട്. യാതൊരു വ്യക്തിക്കും സ്വത്തിന്റെ മേൽ പരമാധികാരമുണ്ടാകാൻ പാടില്ല. യാതൊരാൾക്കും മറ്റൊരാളിനെ ഭരിക്കാനും ചൂഷണം ചെയ്യാനും അവകാശമോ അധികാരമോ ഇല്ല. സർവ്വസ്വത്തും സർവ്വരുടേതുമാണ്. ഈ തത്വശാസ്ത്രം നടപ്പാക്കുന്നതിന് ഹിംസയുടെ മാർഗ്ഗം അവലംബിക്കരുതെന്ന് അദ്ദേഹം നിഷ്കർഷിക്കുന്നുമുണ്ട്. ലക്ഷ്യം നേടുന്നതിന് ഏതുമാർഗവും അവലംബിക്കാം എന്ന് അദ്ദേഹത്തിന് അഭിപ്രായമില്ല. സ്നേഹാധിഷ്ഠിതമായ സാമൂഹ്യവിപ്ലവമാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. ദൈവത്തെ മുൻനിർത്തി ജീവിക്കുക, സമൂഹത്തിൽ പ്രവർത്തിക്കുക, സമൂഹത്തെ വീണ്ടും പറുദീസായാക്കുക ഇതാണ് അദ്ദേഹത്തിന്റെ ലക്ഷ്യം.

“നിർമനുഷ്യത്വം അഥവാ പ്രായോഗിക നിരീശരത്വം” എന്ന ഒസ്താത്തിയോസ് തിരുമേനിയുടെ പുസ്തകത്തിലും ഈ ആശയം മറ്റൊരുവിധത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

നിർമനുഷ്യത്വം എന്നവാക്ക് അദ്ദേഹത്തിന്റെ സ്വന്തം സൃഷ്ടിയാണ്. ഇന്നു മനുഷ്യത്വത്തിനല്ല, സ്ഥാനമാനങ്ങൾ – സ്വത്ത് – വർഗ്ഗീയത – ഉദ്യോഗം – വേഷം – ആഭരണം മുതലായവയ്ക്കാണ് സ്ഥാനം – മനുഷ്യനെ മനുഷ്യനായി കാണാത്തതാണ് നിർമനുഷ്യത്വം.

ആരാണു നിരീശ്വരർ? മതവിശ്വാസികൾപോലും ദൈവീകതയും പൈശാചികത്വവുംകൂടി കലർന്നവരാണ് – ആത്മാർത്ഥമായി നന്മയെ പിൻപറ്റുന്ന നിരീശ്വരന്മാരെന്നറിയപ്പെടുന്നവർ ഉണ്ട്. അവർ യഥാർത്ഥത്തിൽ നിരീശ്വരന്മാരല്ല. തിന്മയെ പിൻതുടരുന്ന മതവിശ്വാസികൾ / ഈശ്വരവിശ്വാസികൾ എന്നറിയപ്പെടുന്നവരുണ്ട് – അവർ യഥാർത്ഥത്തിൽ നിരീശ്വരന്മാരാണ് – മതവിശ്വാസികളല്ല. ഈശ്വരന്റെ നിയന്ത്രണത്തിന് വിധേയമല്ലാത്ത ജീവിതം നയിക്കുന്നവർ നിരീശ്വരന്മാരാണ്. ഈശ്വരൻ സകലത്തിന്റെയും സൃഷ്ടാവും ഉടമസ്ഥനും, അധികാരിയും ആണെന്ന് വിശ്വസിക്കുന്നവർക്ക് മതഭ്രാന്തനാകാൻ കഴിയുകയില്ല. സാമൂഹ്യനീതിക്കുവേണ്ടി പ്രവർത്തിക്കാതിരിക്കാൻ അവർക്ക് കഴിയുകയില്ല. മതം കേവലം വ്യക്തിഗതമാണെന്നും അതിനാൽ മതവും രാഷ്ട്രവും തമ്മിൽ ഭിത്തി കെട്ടി വേർതിരിക്കണമെന്നും പറയുന്നത് ഈശ്വരഹിതം രാഷ്ട്രത്തിൽ നടത്താതിരിക്കാനുള്ള അടവാണ്. ◆

## Introducing Marriage Guidance to Malayali Christians Worldwide

- *GRACE MARRIAGE GUIDANCE BUREAU*, would like to professionally help you choose `The Right Life Partner'.
- We are service minded firm with a strong Christian background.
- We give priority to reliable service and to fumish proper information without considering monetary gains.

*WARM WELCOME TO:*

- Bride and Grooms from any denomination / Churches.
- From Lower / Middle / Higher income group.
- Settled in India / Middle east / USA / Europe / Australia.
- According to your Faith / Practices / Social and Cultural background.

Register your name with us and leave the task to us. We will do it for you with a smile. contact us for more details:

**Grace Marriage Guidance Bureau**

A/1059, Bhandup Industrial Estate,
1st Floor, Pannalal Silk Mill Compound,
Opp. Hotel Raj Jog, L.B.S. Marg, Bhandup (w)
Mumbai - 400 078.
Phone: 562 1676 / 564 0946 / 565 2878. Telefax: 022-5621 676
E-mail : Grace@bom7.vsnl.net.in
Visit our site at - http://business.vsnl.com/grace2

**Grace Melodies**

വിവാഹ ശുശ്രൂഷകൾക്കും, കൺവെൻഷനുകൾക്കും സംഗീതവിരുന്നൊരുക്കുന്നു.

**CONTACT ABOVE ADDRESS**




# സഭ ഇരുപത്തൊന്നാംനൂറ്റാണ്ടിൽ - എന്റെ കാഴ്ചപ്പാട്

ഡേവിഡ് ഡാനിയൽ, ന്യൂഡൽഹി

ക്രിസ്തുവിന്റെ ശരീരമാണ് സഭ എന്ന പശ്ചാത്തലത്തിൽ എന്നാളും നിലനില്ക്കുന്ന സഭയുടെ ഒരു കാലഘട്ടം മാത്രമാണ് 21-ാം നൂറ്റാണ്ട്. ഈ ദൃശ സഭയുടെ ഇത:പര്യന്തമുള്ള നിലനില്പ്പിന്റെ അന്തഃസത്തയിലാണ് 21-ാം നൂറ്റാണ്ടിലെ സഭയെ വീക്ഷിക്കേണ്ടത്.

മലങ്കരസഭയുടെ ഇത:പര്യന്തമുള്ള അന്തഃസത്ത, സഭയുടെ ശ്ലൈഹിക ഉത്ഭവം, ഓർത്തഡോക്സ് വിശ്വാസം, കാതോലിക്കാ സ്ഥാപനം, ജനായത്ത ഭരണഘടന, സ്വയംഭരണ സ്വാതന്ത്ര്യം, സ്വയം ശീർഷകത്വം എന്നിവയിൽ നിക്ഷിപ്തമായിരിക്കുന്നു. വിശ്വാസധീരരും കർമ്മബദ്ധരുമായ പിതാമഹന്മാരുടെ നേതൃത്വം, ആ നേതൃത്വത്തിന്റെ കീഴിൽ അണിനിരന്നിരുന്ന യത്നശീലരായ ആത്മായ നേതാക്കൾ ഈമൂല്യങ്ങൾ മുൻനിർത്തി സഭയുടെ ഐക്യതയും സ്ഥിരതയും പരിരക്ഷിച്ചിരുന്നു. 21-ാം നൂറ്റാണ്ടിലെ സഭയുടെ കർത്തവ്യം 20-ാം നൂറ്റാണ്ടിൽ കൈവരിച്ചതും രൂഢമൂലവുമായ ഈ പാരമ്പര്യം അന്യൂനം പരിരക്ഷിക്കുകയും കളങ്കമറ്റതായി 22-ാം നൂറ്റാണ്ടിലേക്ക് കൈമാറുകയുമാണ്.

## സഭാമൂല്യങ്ങൾ

ഇന്ത്യൻ ഭരണഘടനയിൽ ആമുഖമായി കൊടുത്തിരിക്കുന്ന മുഖ്യആദർശങ്ങൾ അഥവാ മൂല്യങ്ങൾ (Justice, Liberty, Equality, Fratirnity) എന്നപോലെ സഭാഭരണഘടനയിലെ മുഖ്യമൂല്യങ്ങൾ ഹൃസ്വമായി എല്ലാ സഭാംഗങ്ങളുടേയും മനസ്സിൽ പതിഞ്ഞിരിക്കുക അഭികാമ്യമാണ്. ഈ മൂല്യങ്ങൾ എന്തെല്ലാം?

1. സഭയുടെ ശ്ലൈഹിക സ്ഥാപനം. 2. ഓർത്തഡോക്സ് വിശ്വാസം. 3. കാതോലിക്കാ സ്ഥാപനം. 4. ഭരണഘടനാവിധേയത്വം. 5. സഭയുടെ സ്വയംഭരണസ്വാതന്ത്ര്യം. 6. സഭയുടെ സ്വയം ശീർഷകത്വം. ഇവ ഘോഷിക്കയും ബോധപൂർവ്വം പരിരക്ഷിക്കയും ചെയ്യുന്ന ഒരു സഭയായിരിക്കണം 21-ാം നൂറ്റാണ്ടിൽ പ്രതീക്ഷിക്കേണ്ടത്.

## ബോധവൽക്കരെണം

ഈ മൂല്യങ്ങൾ, എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും ഉൾപ്പെട്ടിരിക്കുന്ന സഭാംഗങ്ങളെ ബോധവൽക്കരിക്കുക സഭയുടെ ചുമതലയായി കാണണം. സഭയുടെ പാർലമെന്റ് എന്നറിയപ്പെടുന്ന മലങ്കര സിറിയൻ ക്രിസ്ത്യൻ അസോസിയേഷൻ അംഗങ്ങൾ ഇവ മനസ്സിലാക്കിയിരിക്കുക സഭയുടെ Integrity പരിരക്ഷിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. കൂടാതെ, ഇന്നത്തെ യുവതലമുറയാണല്ലോ, നാളെ സഭയെ നയിക്കേണ്ട പൗരന്മാർ - അതായത് ദൈവമർമ്മങ്ങളുടെ ഗ്രഹവിചാരകന്മാരായ വൈദികശ്രേഷ്ഠഗണം, അത്മായ നേതാക്കന്മാർ, ആത്മീയ സംഘടനനേതാക്കളും പ്രവർത്തകരും.

ഓർത്തഡോക്സ് വൈദിക സെമിനാരിയിൽനിന്നും പ്രചാരപ്പെടുത്തിയിട്ടുള്ള 'ദിവ്യബോധനപദ്ധതി' ഈ ബോധവൽക്കരണ പ്രക്രിയയിൽ പ്രാധാന്യമർഹിക്കുന്നു.

**1. സഭയുടെ ശ്ലൈഹിക സ്ഥാപനം. 2. ഓർത്തഡോക്സ് വിശ്വാസം. 3. കാതോലിക്കാ സ്ഥാപനം. 4. ഭരണഘടനാവിധേയത്വം. 5. സഭയുടെ സ്വയംഭരണസ്വാതന്ത്ര്യം. 6. സഭയുടെ സ്വയം ശീർഷകത്വം. ഇവ ഘോഷിക്കയും ബോധപൂർവ്വം പരിരക്ഷിക്കയും ചെയ്യുന്ന ഒരു സഭയായിരിക്കണം 21-ാം നൂറ്റാണ്ടിൽ പ്രതീക്ഷിക്കേണ്ടത്.**

ഇന്നത്തെ ക്രൈസ്തവലോകം നേരിടുന്ന ഭീഷണികളും രാഷ്ട്രീയ-സാമൂഹ്യപ്രശ്നങ്ങളും സഭാനേതൃത്വം ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്. വ്യത്യസ്തങ്ങളായ പരിതഃസ്ഥിതിയിൽ ജീവിക്കുന്ന സഭാംഗങ്ങൾ ഈ സാഹചര്യത്തിൽ വ്യതിചലിക്കപ്പെടുവാൻ ഇടയുണ്ട്. 21-ാം നൂറ്റാണ്ടിലേക്ക് വളരുന്ന യുവതലമുറയെ ഈ സാഹചര്യത്തിൽ എപ്രകാരം വഴികാട്ടണം? സഭയിലെ പ്രാഥമിക പ്രവർത്തനകേന്ദ്ര (Basic unit) മായ ഇടവകയിലെ വികാരിക്കുള്ള ചുമതല പ്രാധാന്യമർഹിക്കുന്നു. സൺഡേസ്കൂൾ അദ്ധ്യാപകർക്കും യുവജനപ്രസ്ഥാന നേതാക്കൾക്കും മർത്തമറിയം പ്രവർത്തകർക്കും അവശ്യമായ മാർഗ്ഗനിർദ്ദേശം നല്കേണ്ടതുണ്ട്. ബാഹ്യകേരള ഇടവകകളിലെ യുവതീയുവാക്കളിൽ ഒരു നല്ലഭാഗം അംഗങ്ങൾ ആരാധനകളിൽ ബോധപൂർവ്വം പങ്കെടുക്കുന്നില്ല. കാരണം മലയാളഭാഷ അറിയില്ല. ഇപ്രകാരം indifferent ആയി വളരുന്ന ഒരു തലമുറ സഭയ്ക്ക് ഭൂഷണമല്ല. 21-ാം നൂറ്റാണ്ടിലെ സഭയ്ക്ക് ഒരു ചോദ്യചിഹ്നമാണ് അവരുടെ പ്രശ്നങ്ങൾ. അവ മനസ്സിലാക്കുവാനും പരിഹരിക്കുവാനും വികാരി മുൻകൈ എടുക്കണം. വൈദികരെ ഈ കാര്യങ്ങളിൽ കെല്പ്പുള്ളവരാക്കുക സെമിനാരികൾക്കും മെത്രാപ്പോലീത്താമാർക്കും സാധ്യമാണല്ലോ. ഇത്തരുണത്തിൽ ഒരുകാര്യം പറഞ്ഞുകൊള്ളട്ടെ.

ഭദ്രാസന മെത്രാപ്പോലീത്താമാർ അവരവരുടെ കത്തീഡ്രൽ പള്ളികളിൽ വർഷത്തിൽ ഒരിക്കൽ എങ്കിലും വിജ്ഞാനപ്രദമായ ഒരു 'മെത്രാപ്പോലീത്താ പ്രഭാഷണം' നടത്തുന്നത് അഭികാമ്യമായിരിക്കും. വിഷയം: സഭാ മൂല്യങ്ങളേയോ, സാമൂഹ്യ പ്രശ്നങ്ങളേയോ, യുവജന പ്രശ്നങ്ങളേയോ, സ്ത്രീപങ്കാളിത്തമോ, സഭ നേരിടുന്ന ആനുകാലിക പ്രശ്നങ്ങളേയോ അധികരിച്ചുള്ളതാവാം. പല പ്രശ്നങ്ങളിലും സഭയുടേതായിട്ടുള്ള നിലപാട് ഈവിധ പ്രഭാഷണത്തിൽകൂടെ വ്യക്തമാക്കാമല്ലോ. ഇടവക അംഗങ്ങളുമായി ഒരു സമ്പർക്കം പുലർത്തുവാനും ഈ സന്ദർഭം സഹായിക്കും. 21-ാം നൂറ്റാണ്ടിലെ ഒരു ജന-സമ്പർക്ക പരിപാടിയായിരിക്കട്ടെ ഈ പ്രഭാഷണ പ്രതിഭാസം.

മോശ ഇസ്രായേല്യരോട് പറയുന്നു: "യഹോവ നിങ്ങളോട് കല്പിച്ചിട്ടുള്ള സാക്ഷ്യങ്ങളും ചട്ടങ്ങളും വിധികളും എന്ത് എന്ന് നാളെ നിന്റെ മകൻ നിന്നോട് ചോദിക്കുമ്പോൾ നീ നിന്റെ മകനോട് പറയേണ്ടത് എന്തെന്നാൽ....." (ആവ. 6:20) ഇന്ന് നമ്മുടെ സഭാപാരമ്പര്യത്തെപ്പറ്റിയോ ആചാരാനുഷ്ഠാനങ്ങളെപ്പറ്റിയോ മക്കൾ ചോദിക്കാറുണ്ടോ? ചോദിച്ചാൽ വ്യക്തമായ മറുപടി നല്കാൻ എത്ര മാതാപിതാക്കൾക്ക് സാധിക്കുന്നുണ്ട്? ഈ തലമുറകളുടെ സഹായാർത്ഥം ചെയ്യാവുന്ന ചില കാര്യങ്ങൾ പറയട്ടെ: വായനാശീലം ഉളവാക്കു

# മലങ്കരസഭ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ

സി.എം. വർഗീസ്

മാർ തോമാശ്ലീഹായാൽ സ്ഥാപിതമായ നമ്മുടെ സഭ ഒരു മാതൃകാ സഭയായി വളരേണ്ടിയിരിക്കുന്നു. കേരളത്തിലും ഇന്ത്യയിലും ഇന്ത്യയ്ക്കുവെളിയിലും ഈ സഭയുടെ സാന്നിദ്ധ്യവും പ്രശസ്തിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. ക്രൈസ്തവർ മാത്രമല്ല മറ്റുള്ളവരും നമ്മുടെ സഭയുടെ പ്രവർത്തനങ്ങളിൽ ആകൃഷ്ടരാകുന്നതിന് പരമാവധി പരിശ്രമിക്കണം.

ഇതര സമുദായങ്ങൾപോലും പ്രകീർത്തിക്കുന്ന നമ്മുടെ ആരാധനാക്രമങ്ങളും കൂദാശകളും ശ്രേഷ്ഠമാണ്. ആരാധനയ്ക്കും കൂദാശാനുഷ്ഠാനങ്ങൾക്കും സുവിശേഷ പ്രവർത്തനങ്ങൾക്കും ജീവകാരുണ്യപ്രവർത്തനങ്ങൾക്കും പരമാവധി പ്രാധാന്യം കൊടുക്കുകയും, സൺഡേ സ്കൂൾ, വൈദികവിദ്യാഭ്യാസം, ദിവ്യബോധനം, യുവജനപ്രസ്ഥാനം, മർത്തമറിയം സമാജം തുടങ്ങിയവ കൂടുതൽ സജീവമാക്കാൻ ആത്മാർത്ഥമായി യത്നിക്കുകയുമാണാവശ്യം. നമ്മുടെ ദേവാലയങ്ങളിൽ മുടക്കംകൂടാതെ ആരാധനയും വി. കുർബ്ബാനയും അനുഷ്ഠിക്കുന്നതിനും കുടുംബാംഗങ്ങളെല്ലാം തന്നെ ആരാധനയിൽ പങ്കെടുക്കുന്നതിനും ഇടയാകണം. നമ്മുടെ പ്രവർത്തനങ്ങൾ ഒരിക്കലും ഒരു ദേവാലയവും അടച്ചിടുന്നതിന് മുഖാന്തിരമാകരുത്. നമ്മുടെ ഇടവകകളിൽ മാസത്തിലൊരിക്കലെങ്കിലും ധ്യാനയോഗങ്ങൾ സംഘടിപ്പിക്കുകയും വി. കുർബ്ബാനയും കുമ്പസാരവും നടത്തേണ്ടതുമാണ്.

ഇടവകവികാരിമാർ ഭവനസന്ദർശനം നടത്തുന്നതിനും ഓരോ കുടുംബത്തിന്റെയും സുഖദുഃഖങ്ങളിൽ പങ്കുചേരുന്നതിനും അശരണരും രോഗികളുമായവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും അവരെ സഹായിക്കുന്നതിനുംവേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതുമാണ്. നമ്മുടെ ജനം ആദ്ധ്യാത്മികതയിൽ വളരുന്നതിനും സുവിശേഷ വേലയിൽ തല്പരരാകുന്നതിനും മദ്യപാനം പൂർണ്ണമായി വർജ്ജിക്കുന്നതിനും ഇത് പ്രേരകമായി തീരുകയും ചെയ്യും.

ഭക്തരും സമർത്ഥരും സേവനതല്പരരുമായ ആളുകളെ സഭാഭരണകാര്യങ്ങൾക്കായി നിയോഗിക്കേണ്ടതാണ്. രണ്ടായിരാമാണ്ടിലെങ്കിലും നമുക്ക് 'കേസു'കളിൽനിന്നു മോചനം ലഭിക്കുന്നതിനും ദൈവകൃപയും പരിശുദ്ധാത്മ നൽവരവും ലഭ്യമാകുന്നതിനും കഠിനമായി പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. "കർത്താവേ, കർത്താവേ എന്നു വിളിക്കുന്നവനല്ല, ദൈവത്തിന്റെ ഹിതം ചെയ്യുന്നവൻ അംഗീകരിക്കപ്പെടും" എന്ന വേദവാക്യം നമ്മുടെ സഭയെ വഴിനടത്തട്ടെ. അതിനായി പരിശുദ്ധനായ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയംകൊള്ളാം. അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾക്കും താല്പര്യങ്ങൾക്കും അനുസൃതമായി സഭയുടെ പ്രവർത്തനങ്ങൾ നമുക്കു തുടരാം. ശാശ്വതശാന്തിയും സമാധാനവും കൈവരിക്കുവാൻ നമുക്കു കഴിയട്ടെ. ○

---

ക, ചർച്ചകൾ, ക്വിസ്, ഉപന്യാസമത്സരങ്ങൾ മുതലായവ. ആത്മീയ സംഘടനകൾ ഈവിധ പരിപാടികൾ ആവിഷ്കരിക്കണം. കൂടാതെ, സഭാംഗങ്ങളിൽ വായനാശീലം ഉളവാക്കുന്നതിന് വേണ്ടി, സഭയിലെ ആരാധന, കൂദാശകൾ വേദപുസ്തകവ്യാഖ്യാനങ്ങൾ, സഭാചരിത്രം, ആനുകാലിക സാമൂഹ്യ വിഷയങ്ങൾ ഇവയെ സംബന്ധിച്ചുള്ള പുസ്തകങ്ങൾ ഇടവകയിൽ ലഭ്യമാകത്തക്കവണ്ണം വികാരിയും ആത്മീയ സംഘടനനേതാക്കളും സഹകരിച്ച് ഒരു ലൈബ്രറി ഇടവകയിൽ സ്ഥാപിക്കണം. 'ഓരോ ഇടവകയിലും ഒരു ലൈബ്രറി ഉണ്ടായിരിക്കുക എന്നത് നമ്മുടെ ലക്ഷ്യമായിരിക്കണം' എന്ന് ഫാ. റ്റി.ജെ. ജോഷ്വാ ആഹ്വാനം ചെയ്യുന്നു. (മലങ്കരസഭ, ഏപ്രിൽ 1999). 21-ാം നൂറ്റാണ്ടിലെ സഭയുടെ ലക്ഷ്യങ്ങളിലൊന്ന് ഇടവകതോറും ഒരു ലൈബ്രറി സ്ഥാപനം ആയിരിക്കട്ടെ.

21-ാം നൂറ്റാണ്ടിലെ സഭയിൽ പ്രതിഫലിപ്പിക്കേണ്ടതായ ചില കാര്യങ്ങൾകൂടി രേഖപ്പെടുത്തട്ടെ.

1. ഇടവകയിലെ ആത്മായ നേതൃത്വം വളരത്തക്കവണ്ണം കഴിവും സേവനസന്നദ്ധതയും ഉള്ള വ്യക്തികളെ പ്രോത്സാഹിപ്പിക്കണം.

2. സഭയിലെ വൈദികരും ആത്മായരുമായ ഗ്രന്ഥകർത്താക്കളെ അനുമോദിക്കണം, പ്രോത്സാഹിപ്പിക്കണം.

3. മലങ്കര ഓർത്തഡോക്സ് ചർച്ച് പബ്ലിക്കേഷൻസ് ഗ്രന്ഥകർത്താക്കളുടെ പുസ്തക പബ്ലിക്കേഷൻ ഏറ്റെടുക്കണം.

4. സാമൂഹ്യ പ്രശ്നങ്ങളിൽ ക്രൈസ്തവവീക്ഷണം പ്രകടിപ്പിക്കുന്നതിൽ നമ്മുടെ സഭ മറ്റു സഭകളുമായി യോജിച്ച് സംസ്ഥാനതലത്തിലും ദേശീയ തലത്തിലും പ്രവർത്തിക്കണം.

5. എം.ജി.ഒ.സി.എസ്.എം., പ്രത്യേകിച്ചും ബാഹ്യകേരള ഭദ്രാസനങ്ങളിൽ ശക്തിപ്പെടുത്തണം. ഭദ്രാസനതലത്തിൽ ക്വിസ്, പ്രസംഗ-ഉപന്യാസ മത്സരങ്ങൾ ഏർപ്പെടുത്തി അംഗങ്ങളെ ഭാഗഭാഗാക്കുന്നതിൽ ഉത്തേജിപ്പിക്കണം. അതുപോലെ അംഗങ്ങളുമായി ബന്ധപ്പെട്ട് പോകുന്ന Resource Persons-നെ പ്രോത്സാഹിപ്പിക്കണം. 21-ാം നൂറ്റാണ്ടിൽ വിദ്യാർത്ഥികൾക്കായുള്ള ഈ പരിപാടിയുടെ പ്രോത്സാഹനം സഭയുടെ ഒരു ലക്ഷ്യമായിരിക്കട്ടെ. □

## കാവൽ നീ മാത്രമേ

**സൂസൻ ജോസ്, പുതുപ്പറമ്പിൽ**

**കാൽവറിയിൻ മണിദീപമേ കർത്താവേ**
**കരുണതൻ കടലേ കാവൽ വിളക്കേ!**
**നമിക്കുന്നു നിൻ മുമ്പിലീയേഴകൾ**
**സ്തുതിക്കുന്നു നിന്നെ ഹൃദയംഗമായ്.**

**കർത്താവേ നിൻ സ്നേഹം പകരുവാനായ്**
**നിൻ ദിവ്യാത്മാവിനെ നേടുവാനായ്**
**മുന്നേറും നിൻ മക്കളിൽ കനിയണെ**
**കരുതണെ നിൻ ദാസരെ അനുദിനം**

**സത്യത്തിൽ നയിക്കണെ ഞങ്ങളെയെന്നും**
**നിത്യത തൻ സ്വർഗ്ഗീയവകാശികളാക്കണെ**
**വീണീടല്ലെ സാത്താനിൻ പോർക്കളത്തിൽ**
**കാവൽ നീ മാത്രമേ സർവ്വേശ്വരാ!**



# മലങ്കരസഭ സമ്മാനപദ്ധതി

നിങ്ങൾ ഇത്രമാത്രമേ ചെയ്യേണ്ടു. പുതിയ ഒരാളെ മലങ്കരസഭ വരിക്കാരനായി ചേർക്കുക. താഴെയുള്ള ഭാഗം പൂരിപ്പിച്ച് ഞങ്ങൾക്ക് അയച്ചുതരിക.

## സമ്മാനം

**രണ്ടായിരമാണ്ട് കളർ പഞ്ചാംഗവും**
**രണ്ടായിരമാണ്ട് വേദവായനക്രമവും**

### വരിസംഖ്യ

**ഇൻഡ്യയിൽ**

| | |
|---|---|
| ഒരു വർഷം | 50 രൂപ |
| നാല് വർഷം | 180 രൂപ |
| അഞ്ച് വർഷം | 225 രൂപ |
| പത്ത് വർഷം | 450 രൂപ |

**ഇൻഡ്യയ്ക്ക് വെളിയിൽ**

| | |
|---|---|
| യു.എസ്.എ. | $ 15 Doller |
| മറ്റ് രാജ്യങ്ങൾ | Rs. 600/- |

**ഏറ്റവും കൂടുതൽ ആൾക്കാരെ ചേർക്കുന്ന 100 പേർക്ക് രണ്ടായിരമാണ്ട് ഡയറി സൗജന്യമായി അയച്ചുതരുന്നതാണ്.**

NB: *കൂടുതലായി ചേർക്കുന്ന വരിക്കാരുടെ പേരുകൾ (പിൻകോഡ് സഹിതം) വെള്ളക്കടലാസിൽ എഴുതി അയച്ചുതരിക. കവറിന് പുറത്ത് സമ്മാനപദ്ധതി എന്ന് പ്രത്യേകം എഴുതുക. സമ്മാനപദ്ധതിയുടെ കാലാവധി 1999 ഡിസംബർ 31 വരെ മാത്രം.*

- - - - - ഇവിടെ മുറിക്കുക - - - - -

To
മാനേജിംഗ് എഡിറ്റർ
മലങ്കരസഭ, ദേവലോകം,
കോട്ടയം-38

പുതിയ മലങ്കരസഭ വരിക്കാരായി (പേര്) ..............................

അഡ്രസ്സ് ..............................

..............................

പിൻകോഡ് [ | | | | | ] ഞാൻ ചേർത്തിരിക്കുന്നു. അതിന്റെ തുകയായ

Rs........... / M.O./ D.D./ Cheque ആയി അയയ്ക്കുന്നു.

ഒപ്പ്

തീയതി

രജി. നമ്പർ ..............................

പേര് ..............................

അഡ്രസ്സ് ..............................

..............................

പിൻകോഡ് [ | | | | | ]

*With The Best Compliments From:*

# ANJALI TOURS & TRAVELS

**587 MAIN ST, SUITE#104, NEW ROCHELLE, N.Y. 10801**

**TEL: 914-636-3333. FAX: 914-636-3375.**
**EMAIL: anjalitravels@worldnet.att.net**
**FARE AS LOW AS $869 TO MADRAS**
**$1089 TO COCHIN (Taxes Extra)**

**FOR EMERGENCY ONLY CALL: 914-961-3460 / 973-992-0138**
**VISIT OUR WEBSITE.www.anjalitravels.com**



# കോപിപ്പിൻ, പാപം ചെയ്യാതിരിപ്പിൻ

**ഫാ. സജി യോഹന്നാൻ, ചണ്ഡീഗഡ്**

ജീവിതത്തിൽ ഒരിക്കലെങ്കിലും കോപിക്കാത്തവരുണ്ടോ എന്ന് ചോദിച്ചാൽ ഉത്തരം മിക്കവാറും 'ഇല്ല' എന്നായിരിക്കും. മരണകരമായ പാപങ്ങളുടെ പട്ടികയിലെ ഒരു പ്രധാന ഇനമാണ് കോപം. കോപത്തിന്റെ ദൃഷ്ടിയിൽ ആരും അന്യരല്ല. വൃദ്ധനും യുവാവും ശിശുവും ഒക്കെ ഈ പാപബന്ധനത്തിൽനിന്ന് മുക്തരല്ല. എങ്കിലും ഈ വികാരത്തിന്റെ ഏറ്റക്കുറച്ചിലുകൾ വ്യക്തികളനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും.

വി. കുമ്പസാരത്തിന് ഒരുങ്ങിവരുന്ന 90% ആളുകളും തങ്ങളുടെ കോപസ്വഭാവത്തെപ്പറ്റി ഏറ്റുപറയാറുണ്ട്. ചിലരിൽ കോപം നിയന്ത്രണാതീതമാണ്. മറ്റു ചിലരിൽ അത് നിയന്ത്രണവിധേയമാണ്. മനുഷ്യരിൽ പകയും വിദ്വേഷവും വേദനയും കഷ്ടതയും ഒക്കെ ജനിപ്പിക്കുന്ന തിന്മയാണ് കോപം. മനുഷ്യന്റെ സർഗ്ഗശക്തിയും വിവേചനാശക്തിയും കോപം കാരണം നഷ്ടപ്പെടുന്നു. അങ്ങനെ കോപത്തിന്റെ ദൂഷ്യഫലങ്ങൾ സങ്കല്പ്പിക്കാൻ കഴിയുന്നതിലും കൂടുതലാണ്.

ജീവിതത്തിന്റെ ഓരോ തലത്തിലും ഉള്ളവർക്ക് കോപം എന്ന വികാരത്തെ ന്യായീകരിക്കാൻ അവരവരുടെ ഭാഷ്യങ്ങൾ കണ്ടേക്കാം. "ഞാൻ വല്ലപ്പോഴും ഒന്നു കോപിച്ചില്ലെങ്കിൽ എന്റെ ജോലിക്കാർ ശരിയായി പണിചെയ്യില്ല" എന്ന് ഒരു ഫാക്ടറി ഉടമ പറയുമ്പോൾ "എന്റെ മകൻ ശരിയായി പഠിക്കാനും അനുസരണമുള്ളവനാകാനും വല്ലപ്പോഴും കോപിക്കുന്നത് ന്യായ"മാണെന്ന് ഒരു പിതാവ് അഭിപ്രായപ്പെടുന്നു. ഇവരുടെയൊക്കെ ന്യായീകരണങ്ങളിൽ കോപം നിത്യജീവിതത്തിന്റെ ഭാഗമായി ത്തീർന്നിരിക്കുന്നു എന്നു കാണാം.

ധാർമ്മികമായി വിലയിരുത്തുമ്പോൾ 'കോപം' പാപമാണ്. അതുപോലെ നമ്മുടെ സാമൂഹിക ജീവിതത്തിലും കോപം മിക്കപ്പോഴും തിന്മയിലാണ് ചെന്നെത്തുന്നത്. സ്കൂളിൽ റാങ്കു കുറഞ്ഞുപോയതിന് ക്ഷിപ്രകോപിയായ പിതാവിൽനിന്ന് ശകാരവും തല്ലും ഭയന്ന് വീട്വിട്ട് ഒളിച്ചോടുന്ന മകനും, ഓഫീസിൽ വേണ്ടതിനും വേണ്ടാത്തതിനും എന്നുംതന്നെ കോപത്തോടെ ശകാരിക്കുന്ന മേലുദ്യോഗസ്ഥനെ കുത്തി മുറിവേല്പ്പിക്കാൻ തുനിയുന്ന തൂപ്പുകാരനും, അമ്മാവിഅമ്മയുടെ കോപാഗ്നിയിൽ മാനസിക നില താറുമാറാകുന്ന മരുമകളുമൊക്കെ കോപം എന്ന വിനാശത്തിന്റെ രക്തസാക്ഷികളല്ലേ? എന്നാൽ പ. പൗലൂസ് ശ്ലീഹാ ഓർപ്പിക്കുന്നതുപോലെ പാപത്തിലും കലഹത്തിലും നാശത്തിലും ചെന്നെത്താത്ത ഒരവസ്ഥയിലേക്ക് കോപം എന്ന വികാരത്തെ തളച്ചിടാൻ കഴിയില്ലേ? "കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ" (എഫേസ്യ. 4:26) ഇത് യഥേഷ്ടം കോപിക്കാം എന്നുള്ളതിന്റെ സമ്മതപത്രമല്ല. പാപത്തിൽ നിപതിക്കാത്ത കോപത്തിന്റെ ഉപയോഗം മാത്രമാണ് പൗലൂസ് ശ്ലീഹാ വിവക്ഷിക്കുന്നത് മറ്റുള്ളവനെ നന്മയിലേക്ക് നയിക്കുക എന്ന അടിസ്ഥാന ഉദ്ദേശ്യത്തോടെ എന്നാൽ അവന് മാനസിക വ്യഥകൾ ഉണ്ടാക്കാതെ കോപിക്കുന്നുവെങ്കിൽ അത് കോപം എന്ന വികാരത്തിന്റെ പാപത്തിലെത്താത്ത അവസ്ഥയല്ലേ? ഒരുവന്റെ കോപം അപരന് വേദനയും ദുഃഖവും ഉളവാക്കുന്നു എങ്കിൽ നിങ്ങൾ അറിഞ്ഞുകൊണ്ട് പാപത്തിന്റെ കെണിയിൽ ചെന്നെത്തി എന്നുവേണം കരുതാൻ.

> **"കോപമേ വിട" എന്നുപറയാൻ കഴിയണം. കോപം അടിക്കടി ഉണ്ടാകാറുള്ള മനുഷ്യൻ അവന്റെ ഹൃദയഭിത്തിയിൽ ഈ പഞ്ചാക്ഷരിമന്ത്രം കുറിച്ചിടുക - "കോപമേ വിട"- കോപം കത്തി ഉയരാൻ തുടങ്ങുമ്പോൾ ഈ മന്ത്രം പലതവണ ഉരുവിടുക, അതൊരു ശീലമാക്കുക. തീർച്ചയായും കോപാഗ്നി അണയും.**

കോപമെന്ന കോമാളി പലരിലും പല വേഷത്തിലാണ് താണ്ഡവം നടത്താറ്. ചിലർ മദമിളകിയ ആനയെപ്പോലെ നിയന്ത്രണാതീതരായിരിക്കും. മറ്റുചിലർ നിശ്ചലരായി ഏകാന്തതയിലേക്ക് കണ്ണുംനട്ടിരിക്കുന്നത് കാണാം. ഉള്ളിൽ കോപംകൊണ്ട് പിരിമുറുക്കം അനുഭവപ്പെടുന്നവരാണെങ്കിലും പുറമേ അല്പസ്വല്പം മന്ദസ്മിതത്തോടെ ആ വികാരത്തെ തരണംചെയ്യാൻ ശ്രമിക്കുന്ന ചിലരെങ്കിലും ഉണ്ട്. മുകളിൽ പറഞ്ഞ കോപത്തിന്റെ സ്വഭാവലക്ഷണങ്ങളൊക്കെവെച്ച് വിലയിരുത്തുമ്പോൾ കോപം എന്ന വികാരത്തെ വ്യക്തിനന്മയ്ക്കുവേണ്ടിയും സാമൂഹിക നന്മയ്ക്കുവേണ്ടിയും നിയന്ത്രിക്കുകയോ നിർമ്മാർജ്ജനം ചെയ്യുകയോ അനിവാര്യമാണെന്നുവരുന്നു. കോപത്തെ മനുഷ്യസ്വഭാവത്തിൽനിന്ന് എങ്ങനെ അകറ്റിനിർത്താം എന്ന് ചിന്തിക്കാം.

കോപം ഒരഗ്നിയാണ്. സ്വയം കത്തിജ്വലിക്കുന്നു. അധികംപേരെ അതിൽ വെന്തെരിക്കുന്നു. സ്വന്തങ്ങളും ബന്ധങ്ങളും കത്തിച്ചാമ്പലാക്കുന്ന തീജ്വാലയാണ് കോപം. ഈ കോപാഗ്നി ശമിപ്പിക്കാൻ നാം എന്തു ചെയ്യണം. ഒരു ആദ്ധ്യാത്മിക പ്രവർത്തകനായ പയസ്സ് നിർദ്ദേശിക്കുന്നത് - കോപാഗ്നി ശമിപ്പിക്കാൻ പ്രഥമമായി ചെയ്യേണ്ടത് "കോപമേ വിട" എന്നുപറയാൻ കഴിയണം. കോപം അടിക്കടി ഉണ്ടാകാറുള്ള മനുഷ്യൻ അവന്റെ ഹൃദയഭിത്തിയിൽ ഈ പഞ്ചാക്ഷരിമന്ത്രം കുറിച്ചിടുക - "കോപമേ വിട"- കോപം കത്തി ഉയരാൻ തുടങ്ങുമ്പോൾ ഈ മന്ത്രം പലതവണ ഉരുവിടുക, അതൊരു ശീലമാക്കുക. തീർച്ചയായും കോപാഗ്നി അണയും.

രണ്ടാമതായി 'കോപം മറ്റൊരു സമയത്തേക്ക് മാറ്റിവയ്ക്കുക' ഒരുപക്ഷേ, ഈ നിർദ്ദേശം പലരിലും ചിരി ഉളവാക്കിയേക്കാം. എന്നാൽ ഗൗരവമായി ഈ നിർദ്ദേശം കാണാൻ കഴിയണം. നിത്യജീവിതത്തിൽ പല പരിപാടികൾ മറ്റവസരങ്ങളിലേക്ക് മാറ്റിവയ്ക്കാറുള്ള നമുക്ക് കോപവും മറ്റൊരവസരത്തിലേക്ക് മാറ്റിവയ്ക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ. അത് സാദ്ധ്യമായാൽ നമ്മുടെ മാനസിക ആരോഗ്യം വർദ്ധിക്കും. കോപം ഒരിക്കൽ മാറ്റിവച്ചത് വീണ്ടും ഉടനേ പൊന്തിവരില്ല കാരണം കോപം താല്ക്കാലികമായി ഒരു വികാരതരംഗമാണ്. ഒരിക്കൽ മാറ്റിവയ്ക്കാൻ കഴിഞ്ഞാൽ അത് തനിയെ ഇല്ലാതാകും.

ആസൂത്രിതമല്ലാത്ത ജോലികളും ക്രമീകരിക്കപ്പെടാത്ത പരിപാടികളും കോപം

*ശേഷം 31-ാം പേജിൽ*

*Best Compliments from*

ST. GEORGE CHITS
&
FINANCIERS

**PODIYADI,**
Thiruvalla-689110

മാസചിട്ടികൾ, സ്വർണ്ണപണയം, ഡിപ്പോസിറ്റ്

Managing Partner : REJI ABRAHAM

Phone : 606356 (Off.)
611459 (Res.)
611054 (Res.)

*With The Best Compliments*

**JOTHY'S**
**CATERING SERVICE**

MYLAPRA
PATHANAMTHITTA

**Prop. SAMKUTTY**
Koleth Tholoor
Phone: 0473-327399

Suria Ads.

കലാജീവിതം "28" വർഷങ്ങൾ പിന്നിടുന്നു

**നിരണം രാജൻ A.I.R., T.V.**

നിരണം പി.ഒ., തിരുവല്ല
ഫോൺ: 0473-611404

ഗാനമേള – 'റോയൽ ഓർക്കസ്ട്രാ'
നവീനകഥാപ്രസംഗം, ഗായകസംഘം
ഇവ തുടരുന്നു

*ഒക്ടോബർ 26 മുതൽ നവംബർ 5 വരെ*
*ഗൾഫ് രാജ്യങ്ങളിൽ പര്യടനം നടത്തുന്നു.*



# വൈസ് പ്രസിഡന്റ് വട തിന്നാൽ മതി

**വെള്ളിക്കോൽ**

പള്ളി+കൂടം= പള്ളിക്കൂടം. സമനില തെറ്റിയവന്റെ വാക്യമെന്ന് മനസ്സിൽ കുറിക്കുന്നുണ്ടായിരിക്കും. വിധിയ്ക്ക് അടിവരയിടുന്നതിനുമുമ്പ് ചുറ്റുപാടും നോക്കണേ! പലതിന്റെയും അടിവേരറിഞ്ഞില്ലെങ്കിലും അടിയൊഴുക്കെങ്കിലും കാണണേ!

ഏതാണ് ആദ്യമുണ്ടായത്? പള്ളിയോ പള്ളിക്കൂടമോ? അദ്ധ്യയനമോ ആരാധനയോ? അവയുടെ പ്രാചീനരൂപങ്ങൾ പ്രാകൃതമെങ്കിലും ആ പ്രാരംഭത്തിന് അതിന്റേതായ പ്രത്യേകതയുണ്ടായിരുന്നു. ഗവേഷണ കുതുകികൾ കുഴിച്ചുനോക്കട്ടെ. ഒന്ന് മറ്റേതിന്റെ വേരാണോ അതോ വേരിൽനിന്നുള്ള വേരാണോ? മനസ്സുള്ളവൻ മനനം ചെയ്യട്ടെ.

പള്ളി- ചെറുപ്പക്കാർ അറിയുന്നതുപോലെ നസ്രാണിയുടെ ആരാധനയിടം മാത്രമല്ല ആ പദഭ്രമണത്തിൽവരുന്നത് ബുദ്ധവിഹാരങ്ങൾക്കാണ് ആ പേര് ആദ്യമുണ്ടായതെന്ന് പഴമക്കാർ. പിന്നീട് ക്രൈസ്തവ, മുഹമ്മദീയ ആരാധനാലയങ്ങൾക്കും ആ നാമം വീണു. തമിഴ്നാട്ടിലും കർണ്ണാടകയിലും പല സ്ഥലങ്ങളും അറിയപ്പെടുന്നത് പള്ളി ചേർത്താണ്. പള്ളിയെന്നാൽ അവർക്കു ഗ്രാമം. ഉന്നതമായതിനോട് ഓരംചേർന്നു നിക്കാനും ആ പദത്തിന് പദവി ലഭിച്ചിട്ടുണ്ട്. അങ്ങനെ വന്ന രാജകീയ വാക്കുകളല്ലേ പള്ളിഉറക്കം, പള്ളി ഉണർത്തൽ, പള്ളിവേട്ട, പള്ളിയടക്കം. പള്ളിക്കരയും പള്ളിപ്പാടും വന്നവഴി ഏതാണാവോ? പള്ളിവാസൽ പലതുകൊണ്ടും പഠനമർഹിക്കുന്നു.

എഴുത്തുകളരിയും പഠിത്തവീടുമൊക്കെ പള്ളിക്കൂടമായത് പള്ളികൾ അവയെ കൈനീട്ടിക്കൊടുത്ത് എഴുന്നേല്പ്പിച്ച് വളർത്തിയതുകൊണ്ടായിരിക്കാം. ചരിത്രപരമായ കൃതജ്ഞതയെന്നോണം ഇന്ന് അവ റിട്ടേൺ സേവനത്തിലാണ്. പല സ്ഥലത്തും പ്രധാന തടിയിലല്ല വിഭവമേറുന്നത്. ഉപവൃക്ഷത്തിലാണ്- പള്ളിക്കൂടത്തിലാണ്. അവയ്ക്കും പ്രത്യേക രജിസ്ട്രേഷനുള്ളതുകൊണ്ട് നിയമപരമായ നിലനില്പ്പും ഐഡൻടിറ്റിയുമുണ്ട്. അറ്റാദായം അനുസരിച്ചും അതിന്റെ കമ്മറ്റിയ്ക്ക് മാന്യതയേറും. അതുകൊണ്ടല്ലേ പള്ളി പൊതുയോഗത്തെ കവച്ചുവെയ്ക്കുന്ന ഹാജർ സ്കൂൾ ജനറൽ ബോഡിക്കുണ്ടാകുന്നത്. പല ജനറൽ ബോഡികളും ജനറലടികളാകുന്നുണ്ടെന്ന് പറയുന്നത് അസൂയാലുക്കളാണ്. ഇടംകിട്ടാത്തവന്റെ കൊതിയാണത്. പള്ളിയും പള്ളിക്കൂടവും പള്ളിയങ്കണത്തിൽത്തന്നെയാണെങ്കിലും വെവ്വേറെ ഗവണ്മെന്റുകളാണ് അവയെ ഭരിക്കുന്നത്. പിരിമുറക്കമില്ലാത്ത ഒരു ഭരണനൂലുകൊണ്ട് അവ തമ്മിൽ ബന്ധിച്ചിരിക്കും. ഇന്റർലോക്കിന് ഇടവും ഉണ്ടാകും. ആ പട്ടുനൂലാണ് വൈസ് പ്രസിഡന്റ്.

വൈസ് പ്രസിഡന്റിലെ Vice-ന് അർത്ഥം മൂന്നാണ്: ഒന്നാമത്, അധർമ്മം. രണ്ടാമത്, അള്ളിപിടുത്തം. മൂന്നാമത് സാധാരണയുമായി, പകരം ഓരോ അർത്ഥവ്യാപ്തിയിലും പ്രത്യേകം ശോഭിക്കുന്ന

> **നമുക്ക് മാറാ പ്രസിഡന്റുമാരുണ്ട്. റീത്തു സ്വീകരിച്ച് പിരിയാനിരിക്കുന്ന സെക്രട്ടറിമാരുമുണ്ട്. സേവനം വയസ്സറിയിക്കുന്ന വിശേഷം പോലെ സേവനത്തിലിരിക്കുന്ന സ്ഥാനത്തിന്റെ ജൂബിലിയും സപ്തതിയും ആഘോഷിച്ച് ഇവർക്ക് അവാർഡുനല്കേണ്ടതാണ്.**

വൈസ് പ്രസിഡന്റുമാരുമുണ്ട്. ഒരു സ്ഥാനത്തിനും പറ്റാത്തവനെ കയറ്റി ഇരുത്തി ഉൾക്കൊള്ളിക്കാനും വൈസ് പ്രസിഡന്റ് സ്ഥാനം ഉപകരിക്കും. ഉത്തരവാദിത്വരഹിതമായ ഉദ്യോഗം.

പലപ്പോഴും പ്രസിഡന്റ് സ്ഥാനത്തിനും ഈ ആക്ഷേപം ഉപേക്ഷിക്കാനൊക്കുകയില്ല. പ്രസിഡന്റുമാർതന്നെ, ഉലകിൽ പലവിധം. എക്സിക്യൂട്ടീവ് പ്രസിഡന്റ്, വർക്കിങ്ങ് പ്രസിഡന്റ്, ഫൗണ്ടിങ്ങ് പ്രസിഡന്റ്, അപൂർവ്വമായിട്ടാണെങ്കിലും പേട്രൻ പ്രസിഡന്റ് ഇവയെല്ലാം സാക്ഷാൽ പ്രസിഡന്റിന് പുറമെ. ഇന്ത്യാമഹാരാജ്യത്തിന് പ്രസിഡന്റ് ഒന്നേയുള്ളു. അമേരിക്കയ്ക്കും അതുപോലെതന്നെ. പ്രസിഡന്റുള്ളപ്പോൾ വർക്കിങ്ങ് പ്രസിഡന്റിന്റെ അവതരണം ആദ്യത്തെ സ്ഥാനി (Functional) ഫങ്ഷണലല്ലായെന്ന് വിളിച്ചുകൂകുന്നതല്ലേ! ചില ഡ്യൂക്കിലി പ്രസ്ഥാനങ്ങൾക്ക് സ്ഥാനശ്രേണിയിൽ എത്ര പദവികൾ? പേട്രന്റെ സ്ഥാനമാ സഹതാപമർഹിക്കുന്നത്. സംഘടനയുടെ സാരഥി ലിസ്റ്റിൽ അഗ്രസ്ഥാനത്ത് അധികാരാവകാശങ്ങൾ വീതം വെക്കുന്നതിൽ അടിയിൽപോലും കാണുകയില്ല. സംശയമുള്ളവർ ഭരണഘടന നോക്കു. പേട്രന്റെ കീഴിൽ നടക്കുന്നതൊന്നും അദ്ദേഹം അറിയുകയില്ല. അറിയിക്കുകയുമില്ല. ഒരു നോക്കുകുത്തിയെപ്പോലെ നിറുത്തിയിരിക്കുന്നതു വിമർശിച്ചപ്പോൾ വിവരമുള്ള ഒരുത്തൻ ഈ ഹൈറാർക്കിയുടെ പ്രായോഗികജ്ഞാനം വിളമ്പിത്തന്നു. അതിങ്ങനെ: ചിലരെ ഉൾക്കൊള്ളാൻ മറ്റു ചിലരെ ഉപയോഗിക്കാൻ. വേറെ ചിലരെ ഒതുക്കാൻ. അപൂർവ്വം ചിലരെ മർമ്മസ്ഥാനത്തുനിന്ന് ഒഴിവാക്കാൻ. ആ ചാണക്യസൂക്തത്തിൽ തലകുനിച്ചു. ഈയിടെ ചിലരെ അഡ്വൈസർസ്ഥാനം കൊടുത്തു ഇരുത്താറുണ്ട്. അത്രയും ബുദ്ധികാണിക്കുന്ന സംഘാടകർക്ക് എന്തു ഉപദേശംകൊടുക്കാൻ? മറുപടി, ചെവിയിൽ: "ഉപദ്രവിക്കാതിരിക്കാൻ."

ദോഷംപറയരുതല്ലോ. നമുക്ക് മാറാ പ്രസിഡന്റുമാരുണ്ട്. റീത്തു സ്വീകരിച്ച് പിരിയാനിരിക്കുന്ന സെക്രട്ടറിമാരുമുണ്ട്. സേവനം വയസ്സറിയിക്കുന്ന വിശേഷം പോലെ സേവനത്തിലിരിക്കുന്ന സ്ഥാനത്തിന്റെ ജൂബിലിയും സപ്തതിയും ആഘോഷിച്ച് ഇവർക്ക് അവാർഡുനല്കേണ്ടതാണ്. ഒരു സ്ഥാനത്ത് 30 വർഷമായി ഒരു സേവകൻ തുടരുന്നുയെന്ന് ആത്മാഭിമാനത്തോടെ പറയുമ്പോൾ അടുത്തുനില്ക്കുന്നവൻ ലജ്ജിക്കുന്നു. ഒന്ന് മാറിക്കൊടുത്താൽ എന്താ? മനസ്സിൽ കുറിക്കുന്നു. നിലനില്പ്പിന് തൊഴിക്കുന്ന കാലും നടക്കുന്ന സേവനം. നിഷ്ക്കാമകർമ്മം.

പല സ്ഥലത്തും പള്ളിക്കൂടത്തിന്റെ ഗ്ലാമർ ഉയരുന്നു. പള്ളിയുടെ ശോഭ മങ്ങു

THRESSY WOOD
VARIYAPURAM,
PATHANAMTHITTA
TEL: 323371

OUR SISTER CONCERNS

THRESSY OFFSET PRINTERS & DESIGNERS
COLLEGE ROAD, KOZHENCHERRY.
TEL: 315703

ST.GEORGE SAW MILL
MELUKARA, KOZHENCHERRY.
TEL: 314651

Best Compliments From:

GOOD SHEPHERD GROUP OF INSTITUTIONS

GOOD SHEPHERD EDUCATION TRUST

GOOD SHEPHERD PUBLIC SCHOOL
& JUNIOR COLLEGE (CBSE RESIDENTIAL)
GOOD SHEPHERD COLLEGE OF MANAGEMENT STUDIES
(AICTE-CEP APPROVED)
TOKYON COMPUTER CENTRE (AICTE-CEP APPROVED)
MATHA INSTITUTE OF MEDICAL TECHNOLOGY (AICTE-CEP APPROVED)

GOOD SHEPHERD MOUNT, MADAPPALLY P.O.,
CHANGANACHERRY. PHONE: 410642, 473732, 473093.



ന്നു. താങ്ങുംതടിയുമായിനില്ക്കുന്ന അതിനെ കോടാലിയായി കാണുന്ന കുബുദ്ധികളുമുണ്ട്. അവരാണ് 'മങ്ങൽ' വാദികൾ. സത്യാവസ്ഥ ഇതാണ്. കേരളത്തിന് വെളിയിൽ പല പള്ളികളും അറിയപ്പെടുന്നതുതന്നെ. പള്ളിക്കൂടത്തിന്റെ പേരിലാണ് അമേരിക്കയിലെപ്പോലെ (അവിടെ പള്ളി മാതാവിന്റെ നാമത്തിലാണെങ്കിലും വികാരിയുടെ പേര് മത്തായിയെന്നാണെങ്കിൽ അടിമുതൽ മുടിവരെ മത്തായി അച്ചന്റെ പള്ളിയെന്നേ പറയു. അക്ഷരാർത്ഥത്തിൽ അത് ശരിയാണ്). പട്ടണത്തിൽ നെടുകെയും കുറുകെയും ഓടുന്ന സ്കൂൾ ബസ്സുകൾ എത്ര വലിയ ക്രിസ്തീയ സാക്ഷ്യമാണ് വഹിച്ചുകൊണ്ടുപോകുന്നത്. നിലയും വിലയുമുള്ളവരുടെ മക്കൾ അവിടെ പഠിക്കുന്നതുകൊണ്ട് നമ്മൾ എന്തൊക്കെ നേടുന്നു. എന്താ ഒരു പള്ളിക്കൂടത്തിന്റെ ശക്തി? ഒന്ന് കൈയിലുണ്ടെങ്കിൽ, ആരും ആശിച്ചുപോകും. ഒന്നുള്ളവൻ അതു രണ്ടാക്കും. എന്താ അതിന്റെ ധനസ്രോതസ്സ്! അതൊരു സ്വർണ്ണഖനി.

ഇതു ചർച്ചാവിഷയമായപ്പോൾ ഏതും നിശിതമായി വിമർശിക്കുന്ന പോത്തൻ ഒരു തിസ്സീസ്സ് ഇറക്കി: പള്ളിയല്ല, പള്ളിക്കൂടങ്ങളാണ് ഇനിയുണ്ടാകേണ്ടത് അതിനുള്ള നീതീകരണവും നിരത്തി. ആരാധനാസ്ഥലങ്ങൾ ആയോധനായിടങ്ങളായി മാറുകയല്ലെ? അംശവടി നിയന്ത്രിച്ചിരുന്നിടത്ത് ആണിയടിച്ച കുറുവടികളല്ലെ ഭരിക്കുന്നത്? കുന്തിരിയ്ക്കത്തിന്റെ സുഗന്ധം പരന്നിടത്ത് മുളക് പൊടിയുടെ ഗന്ധമല്ലെ മൂക്കിൽ കയറുന്നത്? കണ്ണിലും. പണ്ട് പരിശുദ്ധാത്മാവ് മറുഭാഷ പറഞ്ഞിരുന്നു; വിശ്വാസികളുടെ കൂട്ടത്തിൽ. ഇന്ന് ആക്രമണത്തിനുള്ള കോഡ് ഭാഷയല്ലെ തിരിഞ്ഞു കേൾക്കുന്നത്. വിശ്വാസം ഇന്ന് മുൻകൂർ ജാമ്യത്തിലാണ്. പള്ളിക്കൂടം പണമുണ്ടാക്കട്ടെ. സേവനത്തിനെടുക്കാമല്ലോ. മാമോനും സഭയിൽ സ്ഥാനമുണ്ടല്ലോ?

വളയം വിട്ട് സംസാരമേറിയപ്പോൾ ഭക്തർ അവന് ഭ്രഷ്ട് കല്പിച്ചു. അവന്റെ വാപൊത്തി. അവൻ അറിയപ്പെടുന്ന ഒരു ദോഷൈകദൃക്കാണെങ്കിലും വെറും പോത്താണെന്ന് വിധിച്ചില്ല. മറുന്യായം കൊണ്ട് വധിച്ചതുമില്ല. അപശബ്ദം ആരോഗ്യകരമല്ല. ഈ അവസരത്തിൽ തമ്മിൽ മൂത്തവൻ അവന്റെ ചെവിക്ക് പിടിച്ചു.

സ്വർണ്ണഖനിയുടെ സ്വപ്നം പടർന്നുപിടിക്കുകയാണ്. ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളുകൾക്ക് വടക്കൊക്കെ വലിയ പേരാണ്. പണ്ട് ആരൊക്കെയോ ത്യാഗംകൊണ്ട് നേടിവെച്ചേച്ചുപോയ ഗുഡ്‌വിൽ. അത് ഇന്ന് ക്യാഷ്ചെയ്യുന്നവരുടെ ക്രാഫ്റ്റ് വൈദഗ്ദ്ധ്യം കൗതുകകരമാണ്. അക്രൈസ്തവർപോലും ആ പേറ്റൻഡ് ഉപയോഗിച്ച് പണമുണ്ടാക്കുന്നു. ഉടമസ്ഥർ ഹിന്ദുക്കളാണെങ്കിലും വിദ്യാലയത്തിന്റെ നാമധേയം സെന്റ് മേരീസ്, സെന്റ് പോൾസ് എന്നൊക്കെയായിരിക്കും. പേരിന് ഒരു വൈദികനെ മാനേജർ സ്ഥാനത്ത് ഇരുത്തിയെന്നുംവരും. പരസ്യവും വരും. വൈദികനും അതിൽ വെറുപ്പില്ല. മതമത്സരത്തിന്റെ വടക്കൻ കാറ്റ് വീശാത്തിടത്ത് അങ്ങനെയുള്ള ഒരു മത്സരം.

എന്നാൽ ഈ കാറ്റ് കൊടുങ്കാറ്റാകുന്ന ഇടവകയും ഇല്ലാതില്ല. ഒരു പള്ളിക്ക് വൈദികന്റെ ഈ പണിപിടിച്ചില്ല. സ്വന്തം കുഞ്ഞിനെ നോക്കാതെ അന്യന്റെ കുട്ടിയെ കുളിപ്പിച്ച് സുന്ദരനാക്കുന്നുയെന്നായി പരാതി. മുഖത്തുനോക്കി അവർ അതു ചോദിച്ചു. അദ്ദേഹം കൈമുകളിലേക്കുയർത്തി. മൗനമായിനിന്നു. ആ ആംഗ്യഭാഷയുടെ അർത്ഥം എന്തായിരുന്നു? ആഴം എത്ര? ടിപ്പണി ഏറെ. വ്യാഖ്യാനം പലത്. ഉത്തരവാദിത്വത്തിലും ഉടമസ്ഥതയിലും എന്നിങ്ങനെ രണ്ടിനങ്ങളിൽ വിദ്യാലയങ്ങൾ മേലിലുള്ളവർക്കുണ്ടന്നോ? അതോ ഉടയവനെല്ലാമറിയുന്നുവെന്നോ?

ഇടംകിട്ടിയ സ്ഥലത്ത് വൈദികൻ താവളം വെച്ചതിന്റെ പിന്നാമ്പുറം ഈശോ പ്രശ്നമെന്ന് പറയുന്നു. ഇടവകരാഷ്ട്രീയത്തിൽ മുങ്ങിപ്പോകാതിരിക്കാൻ പള്ളിയുടെ വിദ്യാലയം ഭദ്രാസനാസ്ഥാനവുമായി ബന്ധിച്ചു. കൗൺസലിന് അതിൽ കാര്യമൊന്നും ഇല്ല. തിരുമേനി പ്രസിഡന്റ്. വികാരി വൈസ് പ്രസിഡന്റ്. സർവ്വാധികാര്യസ്ഥൻ സ്ഥലം മാനേജർ. അതൊരു വൈസ്രോയി ഭരണം. കുറച്ചൊന്നും പറയരുതല്ലോ. കഴിവുള്ള ദളവാ കാര്യം ഭംഗിയായി നടത്തുന്നു. പള്ളിക്കാർ അകലെയിരുന്ന് കണ്ടാൽ മതി. പരമാധികാരം കടലാസ്സിലുണ്ട് കേന്ദ്രത്തെ അതിഥിയായി അകലെനിറുത്തി ആദരിക്കുവാനുള്ള കല കൈവശമുള്ളവന് വേണ്ടപ്പോൾ ആവശ്യമുള്ളതു ചെയ്യാനുമറിയാം. ആസ്ഥാനങ്ങൾ അടിയറ പറഞ്ഞുപോകുന്ന അവസരങ്ങൾ നമ്മൾ എത്ര കണ്ടതാണ്. ചുവരെഴുത്ത് മനസ്സിലാക്കാൻ വിവേകമില്ലെങ്കിൽ തിരിച്ചുപോകാനിറങ്ങുമ്പോൾ കാണുന്നത് കാറ്റുപോയ, കാറാ. അനന്തരനടപടികൾക്ക് ശബ്ദംവെച്ചപ്പോൾ ഒരു വെളിപാടുണ്ടായി അടിക്കാൻ വടി കൈവശമില്ല. ഭരണഘടനയിൽ വകുപ്പില്ല, വൈസ് പ്രസിഡന്റിന്. അദ്ദേഹം സ്വയം ചോദിച്ചു: "വൈസ് പ്രസിഡന്റ് വട തിന്നാമതിയോ, കമ്മറ്റിയിൽ"? തിരുത്തൊന്നും വന്നില്ല. മൗനം മാത്രം. മൗനം. ○

27-ാം പേജിന്റെ തുടർച്ച

പെട്ടെന്ന് വിളിച്ചുവരുത്തും. അതുകൊണ്ട് ഓരോ ദിവസത്തെ ജോലികളും ആ ദിവസംതന്നെ ചെയ്യാൻ കഴിവുള്ള കാര്യങ്ങൾമാത്രം ചെയ്യാൻ ഒരുമ്പെടുക. നമ്മുടെ കഴിവിനും പരിധിക്കും അപ്പുറത്തുള്ളത് ചെയ്യാൻ ഇറങ്ങിപ്പുറപ്പെട്ട് അത് നാം ഉദ്ദേശിക്കുന്നതുപോലെ ചെയ്ത് തീർക്കാൻ കഴിഞ്ഞില്ലെങ്കിൽ അത് കോപം വിളിച്ചുവരുത്തും.

ഇതിലൊക്കെയും ഉപരിയായി സൃഷ്ടാവാം ദൈവത്തോടുള്ള ധന്യവും ധ്യാനാത്മകവുമായ ബന്ധം കോപാഗ്നി അണയ്ക്കുവാൻ നമ്മെ പ്രാപ്തരാക്കും. സങ്കീർത്തനക്കാരൻ ഓർപ്പിക്കുന്നു - "കോപിപ്പിൻ (നടുങ്ങുവിൻ); പാപം ചെയ്യാതിരിപ്പിൻ നിങ്ങളുടെ കിടക്കമേൽ ഹൃദയത്തിൽ ധ്യാനിച്ച് മൗനമായിരിപ്പിൻ, നീതിയാഗങ്ങളെ അർപ്പിപ്പിൻ യഹോവയിൽ ആശ്രയംവെപ്പിൻ (സങ്കീ. 4:4, 5) അച്ചടക്കവും, ദൈവഭക്തിയും, നിസ്വാർത്ഥതയും മനുഷ്യനിൽ രൂഢമൂലമാകുമ്പോൾ അവിടെ കോപത്തിന്റെ വേരുകൾ അറുക്കപ്പെടും."

കോപം ഒരിക്കലും ഒന്നിനും പരിഹാരമല്ല, മറിച്ച് അത് പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുകയേ ഉള്ളു. വൈദ്യശാസ്ത്രം പറയുന്നത് ക്ഷിപ്രകോപികളിൽ ഹൃദ്രോഗങ്ങൾക്ക് സാദ്ധ്യത കൂടുതലാണെന്നാണ്. കോപം ആത്മാവിനെയും ശരീരത്തെയും നശിപ്പിക്കും. കോപമോ? ആരോഗ്യകരവും ദൈവാശ്രയത്തിൽ ഉറച്ചതുമായ ജീവിതമോ? ഏതെന്ന് നാം തെരഞ്ഞെടുക്കുക. □

*Best Compliments From:*

**THOPPIL AGENCIES**

**PANDALAM**
Ph: 0473-452412

"Sales in Electrical Goods"

*Best Compliments From:*

**PYRAMID DIGITAL RECORDING STUDIO**

**SASTRI ROAD, KOTTAYAM**
Phone: 0481-560054, 560086

**Transfer Your Video Cassettes to Video CDs at**

**ARUNS COLOUR PHOTO LAB**

Danampadical Sunil Buildings
Rail Road, Chenganur
Tel: 0479-455050

Our Other Services: Old/Damaged Photo Restoration, Wedding Invitation Cards, Visiting Cards, Staff Identity Badges, Personalised Greeting Cards For Any Occasion, Thank you Cards, Obituaries, Brochure / Advertisment Designing Etc.,..

For Quick & Top Quality Photo Prints......
**Aruns Colour Lab, Chenganur**

എല്ലാവിധ വിദേശനിർമ്മിത സാധനങ്ങളും
വാങ്ങുന്നതിനും വില്ക്കുന്നതിനും

**മാതാ**

**കസ്റ്റംസ് ഡ്യൂട്ടി പെയ്ഡ് ഷോപ്പ്**

ഡാണാംപടിക്കൽ
സുനിൽ ബിൽഡിംഗ്സ്
റെയിൽവേ സ്റ്റേഷൻ റോഡ്
**ചെങ്ങന്നൂർ**
ഫോൺ: 0479-456113

ആദം ടവ്വർ
**കോട്ടയം**
ഫോൺ: 0481-301118





# വിശ്വാസത്തിന്റെ പാറ; വിശുദ്ധിയുടെ പരിമളപ്പൂമഴ: പരിശുദ്ധ പരുമല തിരുമേനി

**ഫാ. ജോർജ്ജ് കോശി**

ക്രൈസ്തവവിശ്വാസിയ്ക്കു വിശുദ്ധനെന്ന വിളിപ്പേരുമുണ്ട്. അപ്പോസ്തോലന്മാർ ആദിമവിശ്വാസികളെ അഭിസംബോധന ചെയ്തതു ഏറെയും ആ പേരിലാണ്. ദൈവപുത്രന്റെ മർത്തീകരണംതന്നെ മനുഷ്യമക്കളുടെ ദൈവീകരണം അഥവാ `deification' ലക്ഷ്യമാക്കിയായിരുന്നല്ലൊ. അതുകൊണ്ടായിരിക്കണം പൗരസ്ത്യപാരമ്പര്യത്തിൽ പരിശുദ്ധ പദവി നല്കി വ്യക്തികളെ പ്രത്യേകം പ്രഖ്യാപിക്കുക പതിവല്ലാത്തത്. അപ്രകാരമുള്ള പ്രഖ്യാപനങ്ങൾ അതിവിരളമാണെങ്കിലും ആവശ്യമാണെന്നുള്ളതിനു സംശയമില്ല. ആ അപൂർവ്വതയുടെ ചാരുതയും ചൈതന്യവുമേറ്റു പ്രശോഭിക്കുന്ന പിതാവാണു പരുമല തിരുമേനി. മലങ്കര ഓർത്തഡോക്സ് സഭ ജന്മം നല്കിയവരിൽ പരിശുദ്ധനെന്നു പ്രഖ്യാപിക്കപ്പെടുവാൻ ഭാഗ്യം ലഭിച്ച ഏകപിതാവാണല്ലൊ അദ്ദേഹം. തന്മൂലം ആ ദിവ്യരൂപവും പുണ്യനാമവും പവിത്രസ്മരണയും അതുല്യ തിളക്കത്തോടെ നിലകൊള്ളുന്നു.

അപ്പോസ്തോലിക അടിത്തറയുള്ളതും ക്രൈസ്തവസഭയുടെ പിറന്നാൾ ദിനത്തിലേക്കു നീളുന്ന അഭിമാനകരമായ ചരിത്രം പിന്നിലുള്ളതുമായ മലങ്കരസഭയുടെ സന്തതിപരമ്പരകളിൽ പരിശുദ്ധൻ പരുമല തിരുമേനി മാത്രമാണെന്നു കരുതണമെന്നില്ല. അതുപോലെതന്നെ, പരിശുദ്ധപദവിയ്ക്കു പൗരോഹിത്യനൽവരമോ മസ്നപ്സാ അണിയാനുള്ള വിളിയൊ വേണമെന്നു വിചാരിക്കുന്നതും വിവരക്കേടുമാത്രം. വിവാഹിതനും അവിവാഹിതനും വിശുദ്ധനാകാനുള്ള വിളിയും വരവുമുണ്ട്. നരനും നാരിയ്ക്കുമാകാം. എന്തിനു, വിശുദ്ധരിൽ ശിശുക്കളുടെ നിരപോലുമുണ്ട്. കുടുംബജീവിതത്തിന്റെ അറുതിയില്ലാത്ത വറുതികളിലൂടെ കടന്നുപോയിട്ടും കലിതുള്ളാതെ, കറപുരളാതെ ജീവിച്ചും സ്വന്ത ഇഷ്ടത്തോടു വിടപറഞ്ഞു സ്വർഗ്ഗഇഷ്ടത്തിനു സ്വയം സമർപ്പിച്ചും സമൃദ്ധിയായ ജീവൻ അനുഭവിച്ച വിശുദ്ധർ സഭയിൽ മുമ്പുണ്ടായിരുന്നു. വളരെയില്ലെങ്കിലും വിരളമായി അപ്രകാരമുള്ളവർ ഇന്നുമുണ്ട്. വിദേശക്രൈസ്തവരുടെ കൊള്ളകൾക്കും കൊടുംപീഡനങ്ങൾക്കുമിടയിൽ ഇന്നയോളം നിലകൊള്ളാൻ മലങ്കരസഭയുടെ അവകാശങ്ങളിൽ അതിപ്രധാനമായ ഒന്നു ആ പുജകഗണങ്ങളുടെ അസ്തിത്വമായിരിക്കണം. വിശ്വാസത്തിന്റെ നിഴലുകൾക്കിടയിൽ പൊരുളുകളായി, കത്തിയെരിഞ്ഞ തീത്തിരികളായിത്തീർന്ന അപ്രകാരമുള്ളവരുടെ ഉത്തമ പ്രതീകമാണ് പരുമല തിരുമേനി. എങ്കിലും മലങ്കരസഭയുടെ ഈ അസാധാരണ അപൂർവ്വ പ്രഖ്യാപനം ഒരു ദൈവിക നിയോഗം മാത്രം. പരിശുദ്ധപദവി പ്രാപ്യമാക്കാൻ ഏതെങ്കിലും മറുലോകത്തു, മദ്ധ്യപൂർവ്വദേശങ്ങളിലോ അവയ്ക്കുമപ്പുറത്തോ പിറക്കണമെന്നുള്ള 'മിത്തി'നോടും മിഥ്യാബോധത്തോടും മൊഴിചൊല്ലുവാൻ ഈ പ്രഖ്യാപനം സഹായിച്ചു; സഹായിച്ചുകൊണ്ടിരിക്കുന്നു.

ജീവനോടിരുന്നപ്പോൾ പഞ്ചപാവങ്ങളായിരുന്നു പരിശുദ്ധന്മാരെന്നു കരുതുന്നവരുണ്ട്. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ നല്ല സ്വഭാവത്തിനു ഒന്നാം സമ്മാനം നേടിയ കഥയിലെ സൺഡേസ്കൂൾ കുട്ടിയെപ്പോലെയുള്ളവരാണു പരിശുദ്ധരെന്നു ചുരുക്കം. പിത്തംപിടിച്ചു വെളറിവെളുത്ത, നേരെനില്ക്കുവാൻ നാലാളുകളുടെ നല്ല സഹായംവേണ്ട കുട്ടിയായിരുന്നു അത്യുത്തമവിദ്യാർത്ഥിക്കുള്ള മുന്തിയസമ്മാനത്തിനു അർഹനായി തെരഞ്ഞെടുക്കപ്പെട്ടത്. കാര്യമായ കഴിവുകളൊന്നുമില്ലാതെ എന്തും ഏതും ഏറാൻ മൂളിനിന്നു അനുസരിക്കുന്ന, ആരുടെയും തെറ്റും ധിക്കാരവും തിരുത്താൻ തുനിയാത്ത വ്യക്തികളെ നല്ല മനുഷ്യരായി, വിശുദ്ധരായി വാഴ്ത്തുന്നവരുണ്ടാകാം. പരുമല തിരുമേനിയെപ്പോലെയുള്ള പരിശുദ്ധ പിതാക്കന്മാരെ ആ പട്ടികയിൽ പടികയറ്റി നിർത്തുന്നതു പരിശുദ്ധാത്മാവിനെതിരായ പാപത്തിനു സമമാകാനാണു സാദ്ധ്യത. സർഗ്ഗശക്തികളുടെ, സ്വർഗ്ഗീയസിദ്ധികളുടെ അമരത്തിരുന്ന ഈ ആചാര്യശ്രേഷ്ഠൻ ശബ്ദമുയർത്തേണ്ടിടത്തു ശബ്ദമുയർത്താനും ശാസിക്കേണ്ടവരെ ശാസിക്കാനും ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കുവാനും അലസനും വിമുഖനുമായിരുന്നില്ല. പക്ഷേ, ശാസനയിലും ശിക്ഷയിലും ശിക്ഷണത്തിലും നിറഞ്ഞുനിന്നിരുന്നതു സ്നേഹാരൂപി ആയിരുന്നെന്നു മാത്രം. എങ്കിലും ഈ വിശുദ്ധനു വിമർശനത്തിന്റെ അപശബ്ദങ്ങൾ കേൾക്കേണ്ടിവന്നിട്ടുണ്ട്. വിശുദ്ധരായിജീവിക്കുന്നവർ വിരളമാണെങ്കിലും വിമർശനത്തിനായി ജീവിക്കുന്നവർക്കു ഒരുകാലത്തും മുട്ടുണ്ടാകയില്ല. വിമർശിച്ചു വധിക്കുക. മരിച്ചുകഴിഞ്ഞാൽ വിശുദ്ധനാക്കുക. ഈ അനുഭവത്തിൽനിന്നു പരിശുദ്ധനായ പരുമല തിരുമേനിപോലും രക്ഷപ്പെട്ടിരുന്നില്ല.

**വിവാഹിതനും അവിവാഹിതനും വിശുദ്ധനാകാനുള്ള വിളിയും വരവുമുണ്ട്. നരനും നാരിയ്ക്കുമാകാം. എന്തിനു, വിശുദ്ധരിൽ ശിശുക്കളുടെ നിരപോലുമുണ്ട്.**

'മാനുഷരെല്ലാം ഒന്നുപോലെ' എന്നുള്ള ചൊല്ല് പാഴ്ചൊല്ലായി മാറിയ മാവേലിയുടെ മണ്ണിൽ തീണ്ടലും തൊടീലും താണ്ഡവനൃത്തമാടിയകാലത്ത് 'വേർപാടിന്റെ നടുച്ചുവർ' ഇടിച്ചുകളഞ്ഞ യേശുക്രിസ്തുവിന്റെ സഭയിൽപോലും 'മതിൽലേൽ കിളിർത്ത' നസ്രാണി ദളിതരെ വീക്ഷിച്ചതും അവരോടു വർത്തിച്ചതും 'നെല്ലിൻചുവട്ടിൽ മുളയ്ക്കും' കളകൾക്കു സമമായിരുന്നു. ആ നിലയും നിലപാടും മാറ്റി എടുക്കുവാൻ പൊരുതിയ സാമൂഹ്യവിപ്ലവകാരിയായ തിരുമേനി വിജാതിയമിഷനിലൂടെ അന്നത്തെ സമൂഹത്തിൽ അവഗണിക്കപ്പെട്ടവരുടെ ഇടയിലേക്കു സുവിശേഷത്തിന്റെ പ്രകാശം പരത്തി, വർഗ്ഗവർണ്ണ വിവേചനകൾക്കതീതമായി സർവ്വരും സ്വർഗ്ഗീയ പിതാവിന്റെ സന്തതികളും സുവിശേഷത്തിന്റെ അവകാശികളുമാണെന്നു അദ്ദേഹം പഠിപ്പിക്കുകയും അതു പ്രാവർത്തികമാക്കുകയും ചെയ്തു. മൂക്കഞ്ചേരിൽ തിരുമേനി (പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ) എന്ന കർമ്മയോഗിക്കു സ്ലീബാദാസസമൂഹത്തിന്റെ സ്ഥാപനത്തിനു പരുമല തിരുമേനിയുടെ അധഃസ്ഥിതരുടെ ഇടയിലെ പ്രവർത്തനങ്ങൾ പ്രേരണയും പ്രചോദനവുമേകി.

തപസ്സിരുന്നു സമൂഹത്തിന്റെ തമസുമാറ്റാൻ പരിശ്രമിച്ച ഈ താപസശ്രേഷ്ഠൻ സമൂഹത്തിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും 'വിദ്യാധനം സർവ്വധനാൽ പ്രധാന'മെന്നു വിശ്വസിച്ചു വിദ്യാലയങ്ങൾ സ്ഥാപിച്ചു. സമകാലത്തിന്റെ സ്പന്ദനം തിരുമേനി അറിഞ്ഞിരുന്നുവെന്നുള്ളതിന്റെ

*With Best Compliments From:*

**K.G. VARGHESE**
**&**
**FAMILY**

B-10, Greenland Co-op. Housing
Society
Navi Mumbai-400 703

**പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ**



കെ.വി. ചെറിയാൻ
ഒ.എം.എലിയാമ്മ, കെ.സി. പ്രശാന്ത്



താമസിച്ചതിനു ക്ഷമാപണം

**Saramma Varghese**
**Barbil**





**T.G. VARGHESE & FAMILY**
Kuwait




സർ, ഡീൻ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ച അദ്ദേഹത്തിന് ലോകത്തിന്റെ നിരവധി ഭാഗങ്ങളിൽ അനവധി ശിഷ്യഗണങ്ങളുണ്ട്. സ്വദേശത്തും വിദേശത്തും നടന്ന ധാരാളം എക്യുമെനിക്കൽ സമ്മേളനങ്ങളിൽ പങ്കെടുക്കുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 1954 മുതൽ ദേശീയ അന്തർദേശീയ തലങ്ങളിലും അഖില ലോകസഭാ സമിതിയിലും (WCC) കർമ്മനിരതനായി പ്രവർത്തിച്ചു.

ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ കാൽസീഡോൺ സുന്നഹദോസിനെതിരായി എടുത്ത ദൈവശാസ്ത്രനിലപാടിനെ പ്രഗത്ഭമായി പുനർവ്യാഖ്യാനിച്ചത് ഫാ. വി.സി. സാമുവലാണ്. അതിന്റെ ഫലമായി സുന്നഹദോസിനെ അനുകൂലിച്ച ഗ്രീക്ക്, റഷ്യൻ തുടങ്ങിയ ബൈസന്റയിൻ ഓർത്തഡോക്സ് സഭകളും അതിനെ വിമർശിച്ച ഓറിയന്റൽ ഓർത്തഡോക്സ് സഭകളും ഏതാണ്ടു പൂർണ്ണമായും വിശ്വാസത്തിന്റെ ഐക്യത്തിലേക്ക് പ്രവേശിച്ചുകഴിഞ്ഞു. റോമൻ കത്തോലിക്കാ സഭയും പൗരസ്ത്യ ഓർത്തഡോക്സ് സഭകളും തമ്മിൽ ആശയവിനിമയത്തിനും സംവാദത്തിനും ഇടയാക്കിയത് ക്രിസ്തുവിജ്ഞാനീയം സംബന്ധിച്ച ഫാ. ഡോ. വി.സി. സാമുവലിന്റെ പഠനപ്രബന്ധങ്ങളുടെ സ്വാധീനത്താലാണ്. സുറിയാനി, ഗ്രീക്ക് ഭാഷകളിലുണ്ടായ പാണ്ഡിത്യം അഞ്ചാം നൂറ്റാണ്ടിൽ നടന്ന കാൽസിഡോൺ സുന്നഹദോസിന്റെ മൂലരേഖകളും മിനിറ്റ്സും പരിശോധിച്ച് വിശകലനപഠനം നടത്തുന്നതിന് കഴിഞ്ഞു. സഭകളിൽ നിലനിന്ന അനൈക്യം ഗൗരവം ഉള്ളതല്ലായെന്ന് തെളിയിക്കുകയും പാശ്ചാത്യസഭകളെ ഇതു ബോധ്യപ്പെടുത്തുകയും ചെയ്തു.

മലങ്കര ഓർത്തഡോക്സ് സഭയെക്കുറിച്ച് ആധികാരികമായ ചരിത്രവിശകലനം രൂപപ്പെടുത്തുവാൻ ഫാ. ഡോ. വി.സി. സാമുവൽ ചെയ്ത പരിശ്രമം ശ്ലാഘനീയമത്രെ. ഇന്ത്യൻ സഭയുടെ ദേശീയതയും, സംസ്കാരവും പരിപാലിക്കപ്പെടണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ലോകത്തിൽ യെറുശലേം സഭ കഴിഞ്ഞാൽ കണക്കിൽപ്പെടുത്തേണ്ടത് മലങ്കരസഭയാണെന്ന് അദ്ദേഹം വാദിക്കുന്നു. മലങ്കരസഭയെക്കുറിച്ച് ഫാ. ഡോ. വി.സി. സാമുവൽ പുലർത്തുന്ന കാഴ്ചപ്പാട് ശ്രദ്ധേയമാണ്. "സ്വാനുഭവവേദിയിൽ" എന്ന ഗ്രന്ഥത്തിന്റെ അവസാന ഭാഗത്ത് ഇക്കാര്യം വിവരിക്കുന്നു. പൂർവ്വകാലംമുതൽ മലങ്കരസഭ പുലർത്തിയ പേർഷ്യൻ ബന്ധവും 1665 മുതൽ പുലർത്തിയ അന്ത്യോഖ്യൻ ബന്ധവും മലങ്കരസഭയുടെ തനതു പാരമ്പര്യങ്ങളെ നഷ്ടപ്പെടുത്തി. നവീകരണ പ്രസ്ഥാനംമൂലമുണ്ടായ വ്യവഹാരത്തിൽ വിജയം വരിക്കുവാൻവേണ്ടി അന്ത്യോഖ്യയിലെ സിറിയൻ പാത്രിയർക്കീസിന് ഒരു കാലത്തും ഇല്ലാതെയിരുന്ന അവകാശങ്ങൾ ഉള്ളതായി കേസിൽ വാദിച്ചു. 1889-ലെ കോടതിവിധിയിൽക്കൂടി പാത്രിയർക്കീസിന് മലങ്കര സഭമേൽ ആത്മീയാധികാരമുണ്ടെന്ന് വരുത്തി വച്ചു. ഇത് ഉത്തരവാദിത്തപൂർവ്വം ചെയ്ത പ്രവൃത്തിയായിരുന്നില്ല. അതുമൂലം 1876-ൽ നടന്ന മുളന്തുരുത്തി സുന്നഹദോസിൽവച്ച് മലങ്കരസഭയ്ക്ക് ചരിത്രത്തിനെതിരായ ചരിത്രാതീതമായ ബന്ധം ഉണ്ടായിരുന്നതായി പ്രഖ്യാപിച്ചു. 1875-ൽ ഇദംപ്രഥമമായി കേരളത്തിൽ വന്ന പത്രോസ് പാത്രിയർക്കീസ് മലങ്കരയിൽ ചെയ്ത പ്രവൃത്തികൾക്കു നാം കൂട്ടുനിന്നു. അതാണ് നമ്മുടെ സ്ഥിതി. (P. 218)

സഭാചരിത്രക്കുറിച്ചുള്ള നൂതനമായ കാഴ്ചപ്പാട് ആദ്യമായി വെളിപ്പെടുത്തിയത് ഫാ. ഡോ. വി.സി. സാമുവലാണ്. മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് വിവിധ കാലങ്ങളിലുണ്ടായ സഭകളുടെ കടന്നാക്രമണങ്ങൾ മൂലം സ്വന്തമായ വ്യക്തിത്വം, മറ്റ് പുരാതനസഭകളെപ്പോലെ നേടി എടുക്കുവാൻ സാധിക്കാതെപോയി എന്നു ഫാ. ഡോ. വി.സി. സാമുവൽ പറയുന്നു. അതിന് സഭാസമാധാനംമൂലം ഒരു പരിഹാരം ഉണ്ടാകണം (P. 230) എന്നും അദ്ദേഹം ആഗ്രഹിക്കുന്നു.

സഭകൾ തമ്മിൽ ഐക്യവും സ്നേഹവും ഉണ്ടാകുന്നതിനും ഇതരമതങ്ങൾ തമ്മിൽ മതസൗഹാർദ്ദത്തിൽ കഴിയേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

ഫാ. ഡോ. വി.സി. സാമുവൽ ദൈവശാസ്ത്രരംഗത്തും സഭാചരിത്രരംഗത്തും നല്കിയ വിവിധ സംഭാവനകൾ സമഗ്രമായി പഠിക്കുന്നതിന് പുതിയ ഗവേഷകർ താല്പര്യം കാണിക്കണം. മലങ്കരസഭയിൽ ഫാ. ഡോ. വി.സി. സാമുവലിന്റെ സ്മരണ അനശ്വരമാകത്തക്കവിധത്തിൽ ഗവേഷണ പഠനസ്ഥാപനങ്ങളും ഫെലോഷിപ്പുകളും ഏർപ്പെടുത്തുവാൻ സഭ സാധ്യതകൾ കണ്ടെത്തണം.

ഫാ. ഡോ. വി.സി. സാമുവലിനെപോലെ ഒരു പണ്ഡിതനെ മലങ്കരസഭയ്ക്ക് ലഭിച്ചതിൽ ദൈവത്തെ സ്തുതിക്കാം. അദ്ദേഹത്തിന്റെ നിസ്തന്തരമായ പ്രയത്നങ്ങൾ സഭയ്ക്കും സമൂഹത്തിനും പ്രയോജനപ്പെടുമെന്നതിൽ സംശയമില്ല. എന്റെ വന്ദ്യഗുരുനാഥനും വഴികാട്ടിയുമായിരുന്ന വി.സി. സാമുവലച്ചന്റെ ആത്മാവിനു നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

☼


PH:323958, 322344
AJANTAFOTOHOUSE
**അജന്ത ഫോട്ടോ ഹൗസ്**
**കളർ ലാബ് & സ്റ്റുഡിയോ**
22 MINUTE COLOUR PROCESSING
PASSPORT PHOTO IN 1 MINUTE
**ജനറൽ ഹോസ്പിറ്റൽ റോഡ് – പത്തനംതിട്ട**

# ST. GREGORIOS ORTHODOX CHURCH OF INDIA, INC.
## Queens

987 Elmont Road. N. Valley Stream, New York 11580. U.S.A.
(516) 285-4147

## ധനസഹായ അപേക്ഷാഫോറം

ഏതുതരത്തിലുള്ള സഹായത്തിന് അപേക്ഷിക്കുന്നു: ..........
പേര്: .......... വയസ്സ്: ..........
വിദ്യാഭ്യാസ യോഗ്യത: .......... തൊഴിൽ: ..........
മേൽവിലാസം (പിൻകോഡ് സഹിതം): ..........
..........
ഇടവക: .......... ഭദ്രാസനം: ..........
പ്രതിമാസവരുമാനം: .......... ഭൂസ്വത്ത് വിവരം: ..........
ഇടവകയിലെ ആദ്ധ്യാത്മീക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന വിവരം: ..........
ഇതിനുമുമ്പ് ഇവിടേക്ക് അപേക്ഷിച്ചിട്ടുണ്ടോ?: ..........
എപ്പോഴെങ്കിലും ഈ കോൺഗ്രിഗേഷനിൽനിന്ന് എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ?: ..........
ഉണ്ടെങ്കിൽ: വർഷം: .......... എന്താവശ്യത്തിന്: .......... എന്തു തുക ലഭിച്ചു?: ..........
ഇതേ ആവശ്യത്തിന് മറ്റു സ്ഥലങ്ങളിലേക്ക് അപേക്ഷ അയച്ചിട്ടുണ്ടോ? ..........
ഉണ്ടെങ്കിൽ വർഷം: .......... എവിടേക്ക്?: ..........
കുടുംബാംഗങ്ങളുടെ / ആശ്രിതരുടെ പൂർണ്ണവിവരം:

| പേര് | അപേക്ഷകനുമായുള്ള ബന്ധം | വയസ്സ് | തൊഴിൽ | പ്രതിമാസ വരുമാനം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |

പരിഗണനാർഹമായ മറ്റു പരാധീനതകൾ ഉണ്ടെങ്കിൽ അപേക്ഷയോടൊപ്പം എഴുതുക.
അപേക്ഷകന്റെ ഒപ്പ്:
.......... തീയതി: ..........

എല്ലാ അപേക്ഷയോടൊപ്പവും ഇടവക വികാരിയുടെ ശുപാർശയും, ഒപ്പും, പേരും പൂർണ്ണമായും മേൽവിലാസവും, പള്ളിയുടെ സീലും ഉണ്ടായിരിക്കണം.

### അപേക്ഷകരുടെ ശ്രദ്ധയ്ക്ക്:

1. മുകളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും സത്യസന്ധമായും എഴുതി, വേണ്ട രേഖകളും, ശുപാർശയും സഹിതം സാധാരണ തപാലിൽ St. Gregorios Orthodox Church, P.O. Box. 030531, Elmont, New York 11003. U.S.A. എന്ന വിലാസത്തിൽ മാത്രം അയയ്ക്കുക. അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷകന്റെ പൂർണ്ണമായ മേൽവിലാസവും, പിൻകോഡും എഴുതുവാൻ മറക്കരുത്. ഏതെങ്കിലും വിവരം സത്യസന്ധമല്ലെന്ന് ബോദ്ധ്യമായാൽ അപേക്ഷ തള്ളിക്കളയുന്നതാണ്.
2. ഇടവകയിലെ ആദ്ധ്യാത്മിക സംഘടനകളിൽ പ്രവർത്തിക്കുന്നവർക്ക് പ്രത്യേക പരിഗണന നല്കുന്നതാണ്.
വിദ്യാഭ്യാസ ധനസഹായത്തിന് ഒഴികെയുള്ള ഇനങ്ങൾക്ക് ഒരു ഇടവകയിൽനിന്നും ഒന്നിലധികം അപേക്ഷകൾ പരിഗണിക്കുന്നതല്ല.
3. കൂടുതൽ പരിഗണനാർഹമായവ മാത്രം തെരഞ്ഞെടുത്ത് സഹായം എത്തിക്കുന്നതാണ്.
4. കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.

9-7-99

Mailing Address:
St. Gregorios Orthodox Church
P.O. Box. 030531
Elmont, New York 11003, U.S.A.

മാനേജിംഗ് കമ്മിറ്റി



# "തലകുനിക്കണം"

കേണൽ ഡി. വർഗ്ഗീസ്, കോഴഞ്ചേരി

വി. കുർബ്ബാന സമർപ്പണവും സ്തുതിയും സ്തോത്രവും അപേക്ഷയും അനുതാപവും ഒത്തിണങ്ങിയ സമ്പൂർണ്ണ ആരാധനയാണ്. ജനപങ്കാളിത്തമാണ് ഓർത്തഡോക്സ് സഭകളുടെ ആരാധനകളെ അത്യുത്തമവും ആകർഷണീയവും അർത്ഥവത്തും ആക്കിത്തീർക്കുന്നത്. "കർത്താവിന്റെ മുമ്പിൽ നാം തലകുനിക്കണം" എന്ന് ആവർത്തിച്ചു ആരാധനയിൽ കേൾക്കുന്ന ശബ്ദത്തെപ്പറ്റി മാത്രം ചുരുക്കമായി ചിന്തിക്കാം.

വി. കുർബ്ബാനയിൽ വിശുദ്ധ ചുംബനമാകുന്ന കയ്യസൂരിവഴിയായി പരസ്പരം നിരപ്പിന്റെ പരിശുദ്ധവും ദിവ്യവുമായ സമാധാനം കൈമാറിയശേഷം ശുശ്രൂഷക്കാരൻ "കർത്താവിന്റെ മുമ്പിൽ നാം തലകുനിക്കണം" എന്ന് വിളിച്ചുപറയുന്നു. ഇത് എത്രപേർ ശ്രദ്ധിച്ച്, അർത്ഥവത്തായി പ്രതികരിക്കുന്നു എന്ന് കണ്ടു മനസ്സിലാക്കേണ്ട സംഗതിയാണ്. ദൈവത്വം ഉൽഘോഷിക്കപ്പെടുകയും വിശുദ്ധ ത്രിത്വം ആവസിക്കുകയും ചെയ്യുന്ന പരിശുദ്ധ ബലിപീഠത്തിന്റെ മുൻപാകെയും, അന്തരീന്ദ്രിയങ്ങളെ ശോധനചെയ്യുകയും ഹൃദയവിചാരങ്ങളെയും നിനവുകളെയും അറിയുന്നവന്റെ തിരുസന്നിധിയിലും നില്ക്കുന്നു എന്ന ബോധത്തോടെ ശ്രദ്ധിക്കുന്നവർക്ക് വിനയത്തോടെ ശ്രേഷ്ഠരാകുവാനും അനുതാപത്തോടെ പൂർണ്ണസമർപ്പണത്തിന്റെ അവസ്ഥയിലേക്ക് ഉയരുവാനും സാധിക്കുന്നു. നമ്മുടെ പരിശുദ്ധ പിതാക്കന്മാർ അദ്ധ്യാത്മീക ഉന്നതികൈവരിച്ചതും ദുഃഖിതർക്കും പീഡിതർക്കും ക്ഷീണിതർക്കും ആശ്വാസവും സമാധാനവും പകർന്നുകൊടുക്കുന്ന ശക്തികേന്ദ്രങ്ങളായി രൂപാന്തരപ്പെട്ടതും നിരന്തരമായ ആത്മസമർപ്പണത്തിന്റെ ഫലമായിട്ടാണ് എന്നു നമുക്കറിയാം. ബലഹീനരായ നാം ആത്മശരീരമനസ്സുകളെ അടക്കി തിരുമുമ്പാകെ നമിക്കുമ്പോൾ കാരുണ്യവാനായ കർത്താവ് അനുഗ്രഹപൂർണ്ണമായ തന്റെ വലത്തുകൈ ആവസിപ്പിച്ച് നമ്മെ ആശിർവ്വദിക്കുകയും അനശ്വരമായ അനുഗ്രഹങ്ങളാൽ നമുക്ക് സമാധാനവും ശാന്തിയും നിത്യസ്നേഹവും പ്രദാനം ചെയ്യുകയും ചെയ്യും.

ക്രൂശുമരണത്തെ അനുസ്മരിക്കുന്ന ഖണ്ഡിപ്പിന്റെ ശുശ്രൂഷയ്ക്കുശേഷം തിരശ്ശീല നീക്കുമ്പോൾ സ്വർഗ്ഗം തുറക്കുന്നതിനെയും മശിഹാതമ്പുരാൻ തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നതിനെയും സൂചിപ്പിക്കുന്നു. നുറുങ്ങിയ ഹൃദയത്തോടെ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നു വിളിച്ചുകൊണ്ട് പ്രാർത്ഥിച്ചശേഷം തിരുശരീരരക്തങ്ങൾ അനുഭവിപ്പാൻ നോക്കിപ്പാർക്കുന്ന ജനത്തിന് പാപപരിഹാരം നല്കുവാനായി കാർമ്മീകൻ മുട്ടിപ്പായി അപേക്ഷിക്കുന്ന അവസരത്തിലാണ് നാം വീണ്ടും കർത്താവിന്റെ തിരുമുമ്പാകെ തലകുനിക്കുന്നത്. ദുഷ്ടന്മാരുടെ ഉപദ്രവങ്ങളിൽനിന്നും സകലവിധ പരീക്ഷകളിൽനിന്നും ആകൽക്കറുസായുടെ കുതന്ത്രങ്ങളിൽനിന്നും നമ്മെ രക്ഷിക്കുവാനുള്ള അപേക്ഷയാണ് ഇവിടെ നടക്കുന്നത്. ഈ സമയത്ത് ശ്രദ്ധാപൂർവ്വം കേൾക്കുന്നവർക്ക് ഉള്ളുരുകി പ്രാർത്ഥിക്കുവാനും തൽഫലമായി പാപത്തിന്റെ സകലപൈശാചികഫലങ്ങളെയും തുടച്ചുനീക്കി വെടിപ്പോടും വിശുദ്ധിയോടും കൂടി തിരുശരീരരക്തങ്ങൾ അനുഭവിപ്പാനും സമൃദ്ധമായി കവിഞ്ഞൊഴുകുന്ന ദൈവത്തിന്റെ കരുണമൂലം സാധിക്കുകയും ചെയ്യുന്നു.

സൗജന്യമായി ലഭിച്ച ദിവ്യദാനങ്ങൾക്ക് നന്ദികരേറ്റുന്ന സമർപ്പണപ്രാർത്ഥനയ്ക്കുശേഷമാണ് "നൽകപ്പെട്ട വിശുദ്ധ രഹസ്യങ്ങൾ കൈക്കൊണ്ടതിന്റെ ശേഷം വീണ്ടും കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തലകുനിക്കണം" എന്നു വിളിച്ചറിയിക്കുന്ന ശബ്ദം മൂന്നാമതും കേൾക്കുന്നത്. ഇവിടെ കാർമ്മീകൻ ഈ രഹസ്യം ശിക്ഷയ്ക്കോ കുറ്റാരോപണത്തിനോ കാരണമായിതീരാതെ സകലതിന്മകളിൽനിന്നും കാവലും, ആത്മാക്കളെ അപഹരിക്കുന്ന സാത്താന്റെ ശക്തിയിൽനിന്നും സംരക്ഷണവും, ദുഷ്പ്രവർത്തികളിൽനിന്നും അതിവേദനകളിൽനിന്നു വിടുതലും വിനാശത്തിൽനിന്നും രക്ഷയും പ്രദാനം ചെയ്യണമെ! എന്നു പ്രാർത്ഥിക്കുന്നു. കർത്താവേശു മശിഹായുടെ തിരുശരീരവും തിരുരക്തവുമാകുന്ന തീക്കട്ട അനുഭവിച്ച വിശ്വാസികൾ ജീവന്റെ പുളിപ്പായി ഭവിപ്പാനും ക്രിസ്തുവിലായി പുതിയ മനുഷ്യരായി രൂപാന്തരപ്പെടുവാനും, ഇടയാകണമേ എന്നു പ്രാർത്ഥിക്കുകയാണ്. ദൈവസ്നേഹത്തിൽ സ്ഥിരപ്പെടുവാനും ഭക്തിയാൽ നിറയുവാനും, സുകൃതനടപടികളാൽ അലങ്കരിക്കപ്പെടുവാനും ഇടയാകുന്ന മഹത്തരമായ ഈ അവസരങ്ങളിൽ ശരീരത്തിൽനിന്നും മനസ്സ് അന്യംവിട്ട് ആരെങ്കിലും അശ്രദ്ധയായി നില്ക്കുന്നു എങ്കിൽ അത് ശിക്ഷയ്ക്കും ദൈവകോപത്തിനും ഇടയാകും എന്നതിൽ സംശയമില്ല. □

Cont..... P-38

The custom of joining of the hands which has its roots in the Vedic India, points to the new bond the couple is getting into (Panigrahana - Ref: Rigveda Mandala 10, sukta 85 verse 36). This implies that they are to have mutual responsibilities and one's prime concern should be to the other. They are expected to be complementary and are wished to live together always happily until they exist. The act of joining of the hands of the couple beckons them to have equal participation in their life activities and to have mutual submission. At the very solemn and blessed moments when God lets the couple's hands joined, the groom must have in his mind this prayer, "I seize your hand for the sake of happiness. May you live with me - your husband - for a ripe old age. God has given you to me to rule over my home. You are the queen of my home and I am the king. You are the earth and I am heaven. Come, let us marry! Let us entrust each other"!

During this auspicious time, those who are there to witness the marriage ceremony must pray to God to help the couple to acquire all the good qualities and character including tolerance, self-sacrifice, and an altruistic attitude to support to sustain their relationship. ◆

< പുസ്തകാഭിപ്രായം >

## പുതിയ നിയമത്തിന്റെ ആത്മാവ്

ഗ്രന്ഥകർത്താവ് ഫാ. ജോർജ്ജ് മാത്യു കുറ്റിക്കണ്ടത്തിൽ, കുമ്പഴ പി.ഒ., പത്തനംതിട്ട വില: 35

റവ. ഫാ. ജോർജ്ജ് മാത്യു, കുറ്റിക്കണ്ടത്തിൽ രചിച്ച "പുതിയ നിയമത്തിന്റെ ആത്മാവ്" എന്ന ഗ്രന്ഥം വായിച്ചു. വളരെ ഹൃദ്യവും പ്രയോജനപ്രദവുമായി തോന്നി. വേദപുസ്തകത്തിലെ 'പഴയ, പുതിയ' നിയമങ്ങളുടെ ഒരു താരതമ്യപഠനം ഇവിടെ കാണാം.

പഴയനിയമത്തിൽ പ്രതിപാദിക്കുന്ന വീരശൂരപരാക്രമിയായ സൈന്യങ്ങളുടെ യഹോവ ഒരുവശത്ത്, പുതിയ നിയമത്തിൽ യേശുക്രിസ്തുവിൽ വെളിപ്പെട്ട ദൈവം മനുഷ്യരൂപത്തിൽ അവതരിച്ച സ്നേഹസ്വരൂപിയായ, കരുണാമയനായ, ദയാ തല്പരനായ ലോകരക്ഷകൻ മറുവശത്ത്. ഇതു തമ്മിൽ എങ്ങനെ പൊരുത്തപ്പെടുത്താം എന്ന ഗഹനമായ ദൈവശാസ്ത്രചിന്തയാണ് ഇതിലെ മുഖ്യപ്രതിപാദ്യം.

പാപത്തിന്റെ കുപ്പത്തൊട്ടിയിൽനിന്നും കരകയറുവാൻ കഴിയാതെ സ്നേഹമില്ലായ്മയ്ക്കും, മ്ലേച്ഛതകൾക്കും, മദ്യപാനത്തിനും, സുഖലോലുപതയ്ക്കും അടിമകളായി പാപത്തിലേക്ക് ആഴ്ന്നാഴ്ന്നു പൊയ്ക്കൊണ്ടിരിക്കുന്ന മനുഷ്യനെ കൈപിടിച്ചുകരേറ്റുവാൻ ദൈവം ആഗ്രഹിക്കുന്നു. അതിനുവേണ്ടിയുള്ള തന്റെ കഷ്ടപ്പാട്, ക്രൂശിലെ വെറുമയാക്കൽ ....... ക്രൂശിലേക്കു തിരിയുന്നവനുമാത്രമെ മോചനമുള്ളു. അങ്ങനെയുള്ളവനിൽ മാത്രമെ പരിശുദ്ധാത്മാവു വസിക്കുന്നുള്ളു.

പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ എന്നോടൊപ്പം അദ്ധ്യാപകനായ ലേഖകൻ ഒരുത്തമ വൈദികനും വാഗ്മിയുമാണ്. അദ്ദേഹം നല്ല ഗ്രന്ഥകാരൻ കൂടിയാണെന്നു തെളിയിച്ചിരിക്കുന്നു. ഇതിലെ ലളിതമായ ഭാഷാശൈലി വായന സുഗമമാക്കുന്നു. ഇതിലെ ഇരുപത് അദ്ധ്യായങ്ങൾ ഇരുപത് പ്രസംഗങ്ങൾ എന്ന നിലയിലും ഉപയോഗപ്രദമാണ്. കോട്ടയം സോഫിയാ ബുക്സ് പ്രസിദ്ധീകരിച്ചിട്ടുള്ള 112 പേജുള്ള പുസ്തകത്തിന് വില 35 രൂപ. ബഹു. അച്ചന്റെ സംരംഭത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**ഫാ. കുര്യൻ ദാനിയേൽ**



### അപേക്ഷകൾ ക്ഷണിക്കുന്നു

പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സിലെ സ്മാരകമായി ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റ് ഫണ്ടിൽനിന്ന് വിദ്യാഭ്യാസത്തിനും, ചികിത്സയ്ക്കും സാമ്പത്തികസഹായം ലഭിക്കുയ്ക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. ഈ ഫണ്ടിൽ നിന്ന് കഴിഞ്ഞ വർഷം വിദ്യാഭ്യാസത്തിനു സഹായം ലഭിച്ചവർ, ഈ വർഷം പഠിക്കുന്ന സ്ഥാപനത്തിലെ Course Certificate സഹിതം അപേക്ഷിച്ചാൽ മതിയാകും. പ്രത്യേക ഫാറം ആവശ്യമില്ല. പുതുതായി അപേക്ഷിക്കുന്നവർ നിശ്ചിതഫാറത്തിൽ അപേക്ഷിക്കേണ്ടതും ഡിഗ്രിക്ലാസ്സുകളിലും, പാരാമെഡിക്കൽ, ടെക്നിക്കൽ കോഴ്സുകളിലും ചേർന്നു പഠിക്കുന്നവരുമായിരിക്കണം.

ചികിത്സയ്ക്കായി സഹായം ആവശ്യമുള്ളവർ അതിലേയ്ക്കുള്ള ഫാറത്തിന് ഉടനെ എഴുതുക. ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റും, വികാരി അച്ചന്റെ ശുപാർശ കത്തും (ഫോട്ടോ സ്റ്റാറ്റ് പരിഗണിയ്ക്കുന്നതല്ല) അപേക്ഷയോടുകൂടെ ഉണ്ടായിരിക്കണം.

കാൻസർ, തളർവാതം, ഹൃദ്രോഗം, വൃക്കരോഗം മുതലായ മാരകരോഗം ബാധിച്ച് സാമ്പത്തികമായി പ്രയാസപ്പെടുന്നവർക്കുവേണ്ടിയായിരിക്കും സഹായം നല്കുന്നത്.

അപേക്ഷാ ഫാറത്തിനും, കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക:

ഫാ. റ്റി.ജി. സഖറിയ,
സെക്രട്ടറി, ബസ്സേലിയോസ് ചാരിറ്റിഫണ്ട്,
കാതോലിക്കേറ്റ് അരമന, ദേവലോകം പി.ഒ., കോട്ടയം – 686 038

<u>പ്രത്യേകം ശ്രദ്ധയ്ക്ക്</u>

1. ഈ വർഷം ഈ ആവശ്യത്തിന് മറ്റു സ്ഥലങ്ങളിൽ അപേക്ഷിച്ചിട്ടുള്ളവർക്ക് പരിഗണന ലഭിക്കുന്നതല്ല.
2. പൂരിപ്പിച്ച അപേക്ഷകൾ 1999 ഡിസംബർ 30-ന് മുമ്പ് ലഭിച്ചിരിക്കണം.




**ഒരു വിശ്വാസി, ചങ്ങനാശ്ശേരി**






**മലങ്കരസഭ വാർത്തകൾ**

# ഫാ. അരുൾദാസ് — രക്തസാക്ഷ്യത്വത്തിലെ പുതിയ കണ്ണി

**'ഹോ' ആദിവാസികൾക്കൊപ്പം അവരിൽ ഒരാളായി ജീവിച്ച് ആ സമൂഹത്തിന്റെ ഹൃദയം കവർന്ന് അരുൾദാസച്ചൻ മതപരിവർത്തനത്തിനുവന്ന ഒരു പാതിരിയായല്ല മറിച്ച് തങ്ങൾക്കു വേണ്ടി ജീവൻ നഷ്ടപ്പെടുത്തിയ വിശുദ്ധനായാണ് 'ഹോ' വർഗ്ഗക്കാർ കാണുന്നത്.**

**1999 സെപ്തംബർ ഒന്നാം** തീയതി – ഒറീസ്സായിലെ 'ഹോ' ആദിവാസികൾക്കായി പ്രവർത്തിച്ചിരുന്ന കേവലം മുപ്പത്തിമൂന്നു വയസ്സു മാത്രം പ്രായമുള്ള, തമിഴ്നാട്ടിലെ രാസിയമംഗലം സ്വദേശിയായ ഫാ. അരുൾദാസ് മതഭ്രാന്തന്മാരായ തീവ്രവാദികളുടെ അമ്പേറ്റ് രക്തസാക്ഷിത്വം വരിച്ച ദിവസം. കേവലം ഒരു പുരോഹിതനെ വധിയ്ക്കുക എന്നതിലുപരി മതന്യൂനപക്ഷപീഢനവും, ആദിവാസിപുനരുദ്ധാരണത്തിന് എതിരായുള്ള സംഘടിത ആക്രമണവും ആയിരുന്നു ആ കൂരമ്പുകളുടെ പിന്നിലുള്ള ലക്ഷ്യം.

നിരക്ഷരരും, ചൂഷണവിധേയരുമായിരുന്ന 'ഹോ' വിഭാഗത്തിൽപ്പെട്ട ആദിവാസികൾ പാർത്തിരുന്ന ഒറിസ്സായിലെ 'ജാംബൊണി' കാടുകളിലായിരുന്നു ഫാ. അരുൾദാസ് കഴിഞ്ഞ 6 വർഷങ്ങളിലായി പ്രവർത്തിച്ചിരുന്നത്. കത്തോലിക്കാസഭയുടെ ബാലേശ്വർ മിഷൻ രൂപതയുടെ നിയന്ത്രണത്തിലായിരുന്നു അരുൾദാസ് അച്ചന്റെ പ്രവർത്തനം. സ്വന്തമായി ലിപിയില്ലാത്ത 'ഹോ' ഭാഷ ഹിന്ദി അക്ഷരങ്ങളിലൂടെ പഠിച്ച്, കഠിനാദ്ധ്വാനത്താൽ 'ഹോ' വർഗ്ഗക്കാർ സംസാരിക്കുന്ന ഒഴുക്കോടെ സംസാരിക്കാൻ പ്രാപ്തി നേടിയ അദ്ദേഹം ആ ആദിവാസിസമൂഹത്തിന്റെ സാംസ്കാരിക-സാമ്പത്തിക-വിദ്യാഭ്യാസ ഉന്നമനത്തിനായിരുന്നു ശ്രമിച്ചിരുന്നത്. 'ഹോ' ആദിവാസികൾക്കൊപ്പം അവരിൽ ഒരാളായി ജീവിച്ച് ആ സമൂഹത്തിന്റെ ഹൃദയം കവർന്ന് അരുൾദാസച്ചൻ മതപരിവർത്തനത്തിനുവന്ന ഒരു പാതിരിയായല്ല മറിച്ച് തങ്ങൾക്കുവേണ്ടി ജീവൻ നഷ്ടപ്പെടുത്തിയ വിശുദ്ധനായാണ് 'ഹോ' വർഗ്ഗക്കാർ കാണുന്നത്.

അരുൾദാസച്ചന്റെ പ്രവർത്തനഫലമായി ആദിവാസികൾ സംഘടിതരാവുകയും ശക്തിപ്രാപിക്കുകയും ചെയ്തത്, നൂറ്റാണ്ടുകളായി അവരെ അടിമകളാക്കി, ചൂഷണം ചെയ്തിരുന്ന ഉന്നതജാതിക്കാർക്ക് സഹിക്കാവുന്നതിലും അധികമായിരുന്നു. ആദിവാസികളുടെ വളർച്ച തങ്ങൾക്ക് ഭീഷണിയാണെന്നു കരുതിയ ഈ കൂട്ടർ ഏതുവിധേനയും അതിനെ തളർത്തുവാൻ ലക്ഷ്യമിട്ടിരിക്കുകയായിരുന്നു. അനുകൂല രാഷ്ട്രീയാന്തരീക്ഷവും, വർഗ്ഗീയത ഉണർത്തിവിട്ട കപടമതഭക്തിയും ഒന്നു ചേർന്നപ്പോൾ ലക്ഷ്യപ്രാപ്തിക്കായി ഈ കൂട്ടർ കണ്ട മാർഗ്ഗമായിരുന്നു ഫാ. അരുൾദാസിന്റെ കൊലപാതകം.



സഹനത്തിന്റെ പുഞ്ചിരി— ഫാ. അരുൾദാസ്



ആദിവാസി ശുശ്രൂഷകൾക്കിടയിൽ ഫാ. അരുൾദാസ്

'ഹോ' വർഗ്ഗക്കാരുടെ വിളവെടുപ്പുത്സവമായ 'ജോംനമ പർവ്വ' ആഘോഷങ്ങളിൽ ആദിവാസികളോടൊപ്പം പങ്കെടുത്ത് (മലമ്പനി പിടിപെട്ടതുമൂലമുള്ള ശാരീരിക ക്ലേശം വകവെയ്ക്കാതെ) രാത്രിയിൽ ജാംബൊണിയിലുള്ള ദേവാലയത്തിൽ നല്ല ഉറക്കത്തിലായിരുന്നു ഫാ. അരുൾദാസ്. അർദ്ധരാത്രിയുടെ മറവിൽ കൈകളിൽ മുളവടിയും, ആയുധങ്ങളുമായി അസഭ്യവാക്കുകൾ പുലമ്പി, അട്ടഹാസത്തോടെ വന്ന അക്രമികൾ അന്വേഷിച്ചത് അരുൾദാസച്ചനെയായിരുന്നു. അച്ചന്റെ സന്തതസഹചാരിയായിരുന്ന ദുർഗാചരൺ കാട്ടെസിംഗ് ആദ്യപ്രഹരത്തോടെതന്നെ ബോധമറ്റുവീണു. അല്പം കഴിഞ്ഞ് ബോധം തിരികെ കിട്ടിയപ്പോൾ കേട്ടത് അരുൾദാസച്ചന്റെ നിലവിളിയായിരുന്നു. അച്ചന്റെ അടുക്കലേയ്ക്ക് ഓടിയപ്പോൾ കണ്ടത് അക്രമികൾ അദ്ദേഹത്തെ തല്ലിച്ചതയ്ക്കുന്നതായിരുന്നു. പീഢനത്തിന്റെ അന്ത്യമെന്നോണം കൂരമ്പുകൾ അദ്ദേഹത്തിന്റെ ശരീരത്തിലേയ്ക്ക് എയ്തു. ശരീരത്തിന്റെ പല ഭാഗങ്ങളിലായി 8 അമ്പുകളേറ്റ മുറിവുകളുണ്ടായിരുന്നു. പുല്ലുമേഞ്ഞ ദേവാലയം തീവച്ചതിനു ശേഷമാണ് അക്രമികൾ ഓടിമറഞ്ഞത്.

അക്രമത്തിനുശേഷം രണ്ടു മണിക്കൂറുകൾ കഴിഞ്ഞാണ് ആദിവാസികൾ അച്ചന്റെ അടു

BEST COMPLIMENTS FROM

**Reliance Air Travels**
COLLEGE ROAD,
PATHANAMTHITTA
Tel: 322314, 324376 (off)
357335, 357675 (Res.)
fax: 0473-322314

Branch:
PRABHAT BLDS, PARAKODE
Tel. 427114, 426366
ORIKOMPIL BLDG,
OONNUKAL
Tel: 351345, 351628

**Manager: K.S. PAPPACHAN**

*with the best compliments from:*



MUTHOOT PAPPACHAN
MUTHOOT BANKERS,
KOZHENCHERRY

**പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**



GEORGE PHILIP (Achankunj)
&
FAMILY
KALLUPURACKEL
KURICHI P.O.
KOTTAYAM



# ....... എന്നേ ക്ഷമിച്ചു – ഗ്ലാഡിസ്

സ്വന്തം ലേഖകൻ

"പ്രിയപ്പെട്ടവരേ......
എല്ലാ വേദനകളും ദുഃഖ
ങ്ങളും പോയി മറഞ്ഞു.
എന്നന്നേയ്ക്കുമായി
സമാധാന–
തീരമണഞ്ഞു
സുരക്ഷിതനായി സ്വർഗ്ഗത്തിലെ
വീടണഞ്ഞു.
..............................................
..............................................
നിങ്ങൾക്കു ജോലികൾ
അനേകമുണ്ട്.
അലസരായിരിക്കരുത്.
അവയൊക്കെയും ഇപ്പോൾ
തന്നെ
ചെയ്തുതീർക്കുക
അപ്പോൾ അവൻ വിളിക്കും.
സ്വന്തം വീട്ടിലേക്ക്"

മുമ്പിലിരുന്ന കുറിപ്പിലേക്ക് നോക്കി ഗ്ലാഡിസ് നെടുവീർപ്പിട്ടു.

മതതീവ്രവാദികളുടെ കോപാഗ്നിയിൽ എരിഞ്ഞടങ്ങിയ പ്രിയ ഭർത്താവ് സ്റ്റെയിൻസിന്റെ ഇഷ്ടപ്പെട്ട കവിതയാണിത്.

ഇപ്പോഴും കൊല്ലപ്പെട്ട മക്കളുടെയും പ്രിയ ഭർത്താവിന്റേയും ഫോട്ടോകൾക്കുമുമ്പിൽ ഗ്ലാഡിസ് തേങ്ങുന്നു.


ഗ്രഹാം സ്റ്റെയിൻസിന്റെ ഭാര്യ ഗ്ലാഡിസ്

കോപത്തിന്റെ പരിഭവമില്ല. വെറുപ്പിന്റെ ഭാവങ്ങളുമില്ല. കരുണാമയനായ ദൈവത്തിന്റെ സന്നിധിയിൽ സർവ്വവും സമർപ്പിച്ച് അവർ പറയുന്നു. "ഞാനെല്ലാവരോടും ക്ഷമിച്ചു കഴിഞ്ഞു. പ്രതികാരം പൈശാശികമാണെന്ന് ഞാൻ കരുതുന്നു. എല്ലാം ദൈവഹിതമാണെന്ന് സ്വയം ആശ്വസിക്കുകയാണ്."

ബാരിപ്പെദയിലെ കുഷ്ഠരോഗാശുപത്രിയുടെ ചുമതലകളിൽ മുഴുകിക്കഴിയുകയാണ് ഗ്ലാഡിസ്. നൂറുവർഷം പഴക്കമുള്ള ആശുപത്രിയിൽ അറുപത് കുഷ്ഠരോഗികളുണ്ട്. ഗ്രഹാം സ്റ്റെയിൻസ് തുടങ്ങിവച്ച പദ്ധതികൾ തുടർന്നുപോകാൻ കഴിവതും ശ്രമിക്കുന്നു.

സ്റ്റെയിൻസ് ഒരിക്കലും മതമാറ്റത്തിന് ആരേയും പ്രേരിപ്പിച്ചിരുന്നില്ല. വല്ലപ്പോഴും ബൈബിൾ പ്രഭാഷണങ്ങൾ അദ്ദേഹം നടത്തുമായിരുന്നു. എതിർപ്പുകൾ പല ഭാഗത്തുനിന്നും ഉണ്ടായിരുന്നുവെങ്കിലും വധഭീഷണികളൊന്നും നിലവിലില്ലായിരുന്നുവെന്ന് ഗ്ലാഡിസ് പറയുന്നു.

മനസാക്ഷിയെ നടുക്കിയ ഈ കാപാലിക സംഭവത്തിന് ഉത്തരവാദികളായവരെ കണ്ടെത്തുവാനോ വേണ്ടത്ര ഭംഗിയായി അന്വേഷണം നടത്തുവാനോ ഗവണ്മെന്റ് ഏജൻസികൾക്ക് കഴിഞ്ഞിട്ടില്ല.

### വാധ്വാ കമ്മിഷൻ റിപ്പോർട്ട്– കണ്ണിൽ പൊടിയിടാൻ...?

ഗ്രഹാം സ്റ്റെയിൻസ് വധാന്വേഷണത്തിനായി നിയമിക്കപ്പെട്ട വാധ്വാ കമ്മിഷൻ റിപ്പോർട്ട് വെളിച്ചം കണ്ടിരിക്കുകയാണല്ലോ. രാഷ്ട്രീയപ്രേരിതമായി തയ്യാറാക്കിയ ഒരു റിപ്പോർട്ടാണിതെന്ന് പല ക്രിസ്ത്യൻ സംഘടനകളും ആരോപണം ഉന്നയിച്ചിട്ടുണ്ട്. കാരണം റിപ്പോർട്ടിൽതന്നെ പല വൈരുദ്ധ്യങ്ങളും കാണുന്നു. സ്റ്റെയിൻസ് വധത്തിന് വ്യക്തമായ തെളിവുകൾ ഉണ്ടായിരിക്കെ അതിനെ ലളിതമാക്കുന്ന പ്രസ്താവനകളാണ് റിപ്പോർട്ടിലുള്ളത്. മുഖ്യപ്രതി ധാരാസിംഗിന്റെ ബജ്റംഗദൾ, ആർ.എസ്.എസ്., ബി.ജെ.പി. സംഘടനകളോടുള്ള വ്യക്തമായ ബന്ധത്തെ കമ്മിഷൻ മറച്ചുപിടിക്കുകയാണ്. കമ്മിഷൻ റിപ്പോർട്ടിൽ സ്റ്റെയിൻസ് വധവുമായി യാതൊരു സംഘടനയ്ക്കും ബന്ധമില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. (Commission doesn't see `any role of any authority, organisation or person').

വരുംനാളുകളിൽ ഇതിൽ കൂടുതൽ പ്രതീക്ഷിച്ചുകൊണ്ട് കാത്തിരിക്കാം.... ക്രിസ്തുവിന്റെ സഹനഭാവങ്ങളോട്....

---

കൽ എത്തിയത്. അപ്പോഴും അദ്ദേഹത്തിന്റെ ശരീരത്തിൽ ജീവന്റെ തുടിപ്പ് തങ്ങിനിന്നിരുന്നു. അവർ പകർന്നുകൊടുത്ത വെള്ളം ഇറക്കിയതിനുശേഷമാണ് അച്ചൻ ജീവനെ വെടിഞ്ഞത്.

അച്ചന്റെ രക്തസാക്ഷ്യത്വം ബാഹ്യലോകം അറിഞ്ഞത് പിറ്റേദിവസം രാവിലെ 8 മണിക്കായിരുന്നു. 17 കിലോമീറ്റർ നടന്നുവന്ന് ദുർഗാചരൺ, ദർശൻ ബറുവ എന്നീ ആദിവാസികളാണ് ലാവണ്യാദാസ്പൂരിലുള്ള മരിയനിവാസ് കോൺവെന്റിൽ ഈ ദാരുണ വാർത്ത അറിയിച്ചത്. അച്ചന്റെ മൃതശരീരം തോളിലേറ്റി എഴുപതു കിലോമീറ്ററിലധികം നടന്നാണ് അനന്തപ്പൂരിലെ ആശുപത്രിയിൽ പോസ്റ്റുമോർട്ടത്തിനെത്തിച്ചത്.

അരുൾദാസച്ചനും സംഘത്തിനും നേരേയുണ്ടായ ക്രൂരമായ ആക്രമണത്തെക്കുറിച്ച് അറിഞ്ഞ ഉടൻതന്നെ പോലീസിൽ പരാതി നല്കിയെങ്കിലും അധികൃതരുടെ ഭാഗത്തുനിന്നും വളരെ തണുത്ത പ്രതികരണമാണ് ഉണ്ടായത്. 24 മണിക്കൂറുകൾക്കുശേഷമാണ് അന്വേഷണത്തിനു പോലീസ് തയ്യാറായതുതന്നെ. വിദൂരസ്ഥലങ്ങളിൽ സേവനം ചെയ്യുന്ന വൈദികർക്ക് സംരക്ഷണം നല്കാനാവില്ലെന്നു പ്രഖ്യാപിച്ച ഒറീസ്സായിലെ ആഭ്യന്തര സെക്രട്ടറി അജിത് ത്രിപാഠിയുടെ സമീപനത്തിന്റെ മറ്റുതലങ്ങളാണ് താഴെയുള്ള പോലീസ് മേധാവികളിലും കണ്ടത്.

ഓസ്ട്രേലിയൻ മിഷനറി ഗ്രഹാം സ്റ്റെയിൻസിനെയും പുത്രന്മാരായ ഫിലിപ്പിനെയും, തിമോത്തിയേയും ചുട്ടുകരിച്ച കുപ്രസിദ്ധ തീവ്രവാദി ദാരാസിംഗ് തന്നെയാണ് അരുൾദാസച്ചന്റെ കൊലപാതകത്തിനു പിന്നിലെന്ന് ആദിവാസികൾ തറപ്പിച്ചു പറയുമ്പോൾ, ദാരാസിംഗിനെ കുറ്റവിമുക്തനാക്കാനുള്ള വിധത്തിലുള്ള സമീപനമാണ് അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് എന്നതിൽനിന്നുതന്നെ സേവനസന്നദ്ധരായ ക്രിസ്തീയ പ്രവർത്തകർക്കു നേരേയുള്ള അക്രമങ്ങളുടെ പിന്നിൽ രാഷ്ട്രീയ–വർഗ്ഗീയ കൂട്ടുകെട്ടിന്റെ സംഘടിതവും, ഗൂഢവുമായ ലക്ഷ്യങ്ങൾ വ്യക്തമാകുന്നു. ഈ അവിശുദ്ധബന്ധത്തിന്റെ ഇരയായി അരുൾദാസച്ചൻ ആദിവാസി ഹൃദയങ്ങളിൽ ജീവിക്കുന്നു.

*(അവലംബം ദീപിക റിപ്പോർട്ട്. തയ്യാറാക്കിയത് ഫാ. സാബു കുറിയാക്കോസ്)*

With the best compliments from:

Lady Bird

The *only Place* for female "DREAMS"

Ready made Showroom
Opp. Indian Oil Pump
M.C. Road, Chengannur
Ph: Shop: 0479-450500
Res: 0479-352206

Textiles
KODUKULANJI
An exclusive showroom for
Ladies and kids

Suria Ads

കുന്നംകുളത്തുനിന്നും,
മുളന്തുരുത്തിയിൽനിന്നും
വരുന്ന പരുമല തീർത്ഥാടകർക്ക്
ആശംസ

KUNNAMKULAM STATIONERY

Green Building
College Road, Changanacherry,
Ph. 421893 (off.)
422326 (Res.)

Wholesale Dealers in
Stationery, Presentation Articles,
Brass items, Trophy, Vanity Bags
Purses etc.

suria Ads

Best Compliments from,

BC
Best Caterers

PRAKKANAM EAST,
PATHANAMTHITTA
Phone: 0473-321993

Cont: VIJAYAN PILLAI.P

With The Best Compliments From

KARUKAKALAM AGENCIES

KARUKAKALAM BUILDINGS,
S.B. COLLEGE ROAD,
CHANGANACHERRY
Phone: 0481-422382

Authorised Dealers of,
BPL, LG, Godrej, Whirlpool

Suria Ads.



# മാർ തെയോഫിലോസ് ശാന്തിയുടെ ദൂതൻ — ഡോ. ഏബ്രഹാം മാർ സേവേറിയോസ്

**ആലുവ:** ആധുനികജീവിതത്തിന്റെ പിരിമുറുക്കങ്ങളുടേയും സംഘർഷങ്ങളുടേയും ഇടയിൽ അനേകായിരങ്ങൾക്ക് ശാന്തിയുടേയും സമാധാനത്തിന്റേയും ശാശ്വതദൂത് പകർന്നു കൊടുത്ത് കടന്നുപോയ മഹാചാര്യനാണ് ഡോ. പീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ എന്ന് ഡോ. ഏബ്രഹാം മാർ സേവേറിയോസ് പ്രസ്താവിച്ചു. ആലുവ തൃക്കുന്നത്ത് സിമനാരിയിൽ മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ രണ്ടാം ശ്രാദ്ധപ്പെരുന്നാളിനോടനുബന്ധിച്ച് ചേർന്ന അനുസ്മരണ സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. തിന്മയോടുള്ള പ്രതിഷേധം തപസിനാൽ പുണ്യമാക്കിയ മാർ തെയോഫിലോസ് വൈദിക വരേണ്യരിൽ അഗ്രഗണ്യനും, ജീവിത നൈർമല്യംകൊണ്ട് ഭക്തജനങ്ങളുടെ സ്നേഹാദരവുകൾ പിടിച്ചുപറ്റിയ സ്നേഹചൈതന്യവുമായിരുന്നുവെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത കൊല്ലം ഭദ്രാസനാധിപൻ മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു. ബോംബെ ഭദ്രാസനത്തിന്റെ ഗീവറുഗീസ് മാർ കൂറീലോസ് മെത്രാപ്പോലീത്ത, കുന്നംകുളം ഭദ്രാസനത്തിന്റെ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത, കണ്ടനാട് ഭദ്രാസനത്തിന്റെ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത, അങ്കമാലി, ഇടുക്കി ഭദ്രാസനങ്ങളുടെ പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ, ഭദ്രാസന സെക്രട്ടറി റവ. ജേക്കബ് മണ്ണാറപ്രായിൽ കോർ എപ്പിസ്കോപ്പ, വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ സെക്രട്ടറി റവ. ഡോ. എം.സി. ചെറിയാൻ കിഴക്കമ്പലം മഠാധിപ റവ. എലിസബേത്ത് എന്നിവർ പ്രസംഗിച്ചു.

വി. കുർബ്ബാനാനന്തരം കബറിങ്കൽ ധൂപപ്രാർത്ഥന, അനുസ്മരണ ശുശ്രൂഷ, നെയ്യപ്പ നേർച്ച, പ്രഭാതഭക്ഷണം ആശീർവാദം എന്നിവ നടന്നു.



## ഡീക്കൻ ഷൈജു കുര്യൻ മലങ്കര സഭ മാസികയുടെ ബിസിനസ്സ് മാനേജർ

**കോട്ടയം:** മലങ്കര സഭാമാസികയുടെ ബിസിനസ്സ് മാനേജരായി ഡീക്കൻ ഷൈജുകുര്യനെ ഫീലിപ്പോസ് മാർ യൗസേബിയോസ് തിരുമേനി നിയമിച്ചു. 'കാരുണ്യത്തിന്റെ മാലാഖ', 'മാർ ശെമവൂൻ ദെസ്തുനി' എന്നീ ഗ്രന്ഥങ്ങളുടെ കർത്താവാണ് ഡീക്കൻ ഷൈജുകുര്യൻ.

## ബാലികാഗ്രാം വാർഷികവും ചാപ്പൽ കൂദാശയും

**പുനെ:** സെന്റ് ജോർജ്ജ് ബാലികാഗ്രാമിന്റെ ആറാം വാർഷികവും ബാലികാ ഗ്രാമത്തോടനുബന്ധിച്ചുള്ള സെന്റ് ജോർജ്ജ് ചാപ്പലിന്റെ കൂദാശയും ഒക്ടോബർ മൂന്നിനു നടത്തപ്പെട്ടു. മിഷൻ ബോർഡു പ്രസിഡന്റ് ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, തുമ്പമൺ ഭദ്രാസനത്തിന്റെ പീലിപ്പോസ് മാർ യൗസേബിയോസ്, ബോംബെ ഭദ്രാസനസഹായ മെത്രാനായ ഗീവറുഗീസ് മാർ കൂറിലോസ് എന്നിവർ ചേർന്നാണു ചാപ്പൽ കൂദാശ നടത്തിയത്.

കൂദാശാനന്തരം ബാലികാഗ്രാം ഗ്രൗണ്ടിൽ ചേർന്ന വൻ വാർഷിക സമ്മേളനത്തിൽ ഫീലിപ്പോസ് മാർ യൗസേബിയോസ് അധ്യക്ഷത വഹിച്ചു. മാർ ഒസ്താത്തിയോസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. മിഷൻ പ്രവർത്തനത്തിനു പുതിയ സഹസ്രാബ്ദത്തിൽ കൂടുതൽ ആളും അർത്ഥവും ആവശ്യമാണെന്നും ഇന്ത്യയിലെ ദരിദ്രജനലക്ഷങ്ങളുടെ ഉദ്ധാരണത്തിൽ ക്രൈസ്തവർ കൂടുതൽ ശ്രദ്ധിക്കണമെന്നും മെത്രാപ്പോലീത്ത പറഞ്ഞു. ഗീവറുഗീസ് മാർ കൂറീലോസിന്റെ 50–ാം ജന്മദിനം കൂടിയായിരുന്നതിനാൽ ആശംസകൾക്കുള്ള മറുപടിയും പ്രസംഗത്തിൽ നല്കി. കഷ്ടപ്പെടുന്ന കുട്ടികളുടെ ഉദ്ധാരണത്തിൽ അധികമായ സേവനം ചെയ്യാനില്ലെന്നും അദ്ദേഹം അനുസ്മരിപ്പിച്ചു.

ബാലികാഗ്രാം ഡയറക്ടർ അംഗമായ ജോസഫ് വെണ്ടറപ്പിള്ളി, വെരി. റവ. പി.എം. തോമസ് റമ്പാൻ, കെ.വി. മാമ്മൻ, മദർ സൂസന്ന, സിസ്റ്റർ സോഫിയ എന്നിവരും പ്രസംഗിച്ചു. കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു. ഫിലിപ്പ് റമ്പാൻ നേതൃത്വം നല്കുന്ന ബാലികാഗ്രാമിന്റെ പ്രവർത്തനങ്ങൾക്കു പുനെ, കിർക്കി മുതലായ സമീപ ഇടവകകളുടെയും വ്യക്തികളുടെയും നിർലോഭമായ സഹായസഹകരണത്തിന്റെ ശീതളച്ഛായയിലാണു ബാലികാഗ്രാം തഴച്ചുവളരുന്നത്.

## ദേവാലയ കൂദാശ

**ഏനാത്ത്:** പുതുതായി പണികഴിപ്പിച്ച താഴത്തുവടക്ക് സെന്റ് മേരീസ് ദേവാലയത്തിന്റെ കൂദാശകർമ്മം 1999 ആഗസ്റ്റ് മാസം 27, 28 തീയതികളിൽ നടത്തപ്പെട്ടു. പ. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് പരിപാടികൾക്ക് നേതൃത്വം നല്കി. ഇടവക മെത്രാപ്പോലീത്താ മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമനസ്സുകൊണ്ട് പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

## എഡിറ്റേഴ്സ് ഗിൽഡ്

കേരളത്തിലെ 28 ക്രൈസ്തവ പ്രസിദ്ധീകരണങ്ങളുടെ സംയുക്ത വേദിയായ എഡിറ്റേഴ്സ് ഗിൽഡ് താഴെപ്പറയുന്ന വിഭാഗങ്ങളിൽ അവാർഡുകൾ ഏർപ്പെടുത്തുന്നു. 1. മികച്ച നിലവാരം പുലർത്തുന്ന പ്രസിദ്ധീകരണം. (2) പ്രസിദ്ധീകരണങ്ങളിൽ വരുന്ന മികച്ച ലേഖനം (3) മികച്ച കവിത (4) മികച്ച കഥ (5) മികച്ച അഭിമുഖം ഈ അവാർഡുകൾ സ്പോൺസർ ചെയ്യുവാൻ താല്പര്യപ്പെടുന്നവർ എഡിറ്റേഴ്സ് ഗിൽഡിന്റെ സെക്രട്ടറിയുമായി താഴെപ്പറയുന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്. സ്ഥാപനങ്ങൾക്കും സംഘടനകൾക്കും തങ്ങളുടെ പ്രിയപ്പെട്ടവരുടെ ഓർമ്മ നിലനിർത്തുവാൻ വ്യക്തികൾക്കും അവാർഡുകൾ സ്പോൺസർ ചെയ്യാം.

പ്രൊഫ. മാത്യു കോശി പുന്നയ്ക്കാട് സെക്രട്ടറി, എഡിറ്റേഴ്സ് ഗിൽഡ്, പുന്നയ്ക്കാട് –689 652, ഫോൺ/ഫാക്സ്: 0473-314068, Email: kosh@md3.vsnl.net.in.

ആശംസകൾ!!!

# സന്തോഷ്

## ഫൈനാൻസിയേഴ്സ്

| പുനലൂർ | അഞ്ചൽ | പത്തനാപുരം | ആയൂർ | അടൂർ |
|---|---|---|---|---|
| ഫോൺ: 222760 | 273760 | 353154 | 293115 | 426050 |

നിക്ഷേപങ്ങളുടെ സുരക്ഷിതത്വത്തിനും, മിതമായ പലിശ നിരക്കിൽ സ്വർണ്ണപ്പണയത്തിനും, ചിട്ടി ഇടപാടുകൾക്കും

*With The Best Compliments from:*

**DR. P.T. RAJAN BABU**
**MBBS, MD. (PSYCHIAT.)**

# JAYABHARATHAM

**MENTAL HEALTH CENTRE**
**PUNALUR**



## നിയമിതനായി



ഇന്ത്യാ ബൈബിൾ സൊസൈറ്റി കേരളാ ഓക്സിലിയറി കോ-ഓർഡിനേറ്ററായി സി. ജോർജ്ജ് കൈപ്പട്ടൂർ നിയമിതനായി.

തുമ്പമൺ ഭദ്രാസന സുവിശേഷസംഘം വൈസ് പ്രസിഡന്റ്, കാൻഫെഡ് സംസ്ഥാന സെക്രട്ടറി, ഭാരത സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് പത്തനംതിട്ട ജില്ലാ ചെയർമാൻ, പത്തനംതിട്ട ക്രിസ്ത്യൻ ബുക്ക് ഡിപ്പോ പ്രസിഡന്റ്, ബൈബിൾ സൊസൈറ്റി വൈസ് പ്രസിഡന്റ്, വള്ളിക്കോട്ട് പഞ്ചായത്ത് ഗ്രാമവികസന സമിതി ചെയർമാൻ, ജില്ലാ ശിശുക്ഷേമസമിതി വൈസ് ചെയർമാൻ, കൈപ്പട്ടൂർ വൈ.എം.സി.എ. പ്രസിഡന്റ്, കൈപ്പട്ടൂർ ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പി.റ്റി.എ. പ്രസിഡന്റ്, ഇന്ത്യൻ നാഷണൽ കോൺഗ്രസ് വിചാർവിഭാഗ് ജില്ലാ പ്രസിഡന്റ്, മാർ ഗ്രീഗോറിയോസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ഗവേണിംഗ് ബോർഡ് മെമ്പർ എന്നീ വിവിധ നിലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ശ്രേഷ്ഠ അദ്ധ്യാപകർക്കുള്ള ദേശീയ അവാർഡും സംസ്ഥാന അവാർഡും ലഭിച്ച വ്യക്തിയുമാണ്.

## ഗാനം സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്, അടൂർ

മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധനാ സംഗീതം പരിശീലിപ്പിക്കുന്ന ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്കിന്റെ ശാഖ കൊല്ലം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ അടൂർ മാർ എപ്പിഫാനിയോസ് സെന്ററിൽ ആരംഭിച്ചു. ഇവിടെ നടത്തപ്പെടുന്ന ക്ലാസ്സുകൾ ആരാധനാ സംഗീതം (ഒരു വർഷം), സുറിയാനി സംഗീതം — എക്കാറാ (ഒരു വർഷം), സംഗീത ഉപകരണ പരിശീലനം എന്നിവയാണ്. ഡീക്കൻ സോലു കെ. രാജു കോ-ഓർഡിനേറ്ററായി പ്രവർത്തിയ്ക്കുന്നു. ക്ലാസ്സുകൾക്ക് നേതൃത്വം നല്കുന്നത് റവ. ഫാ. എം.പി. ജോർജ്, റവ. ഫാ. ജോയി വർഗ്ഗീസ്, റവ. ഫാ. റ്റൈറ്റസ് ജോൺ, റവ. ഫാ. വൈ. തോമസ്, റവ. ഡീ. തോമസ് പി. ജോൺ, റവ. ഡീ. എസ്.വി. മാത്യു, റവ. ഡീ. സോലു കെ. രാജു എന്നിവരാണ്.

## ബാലസമാജം വാർഷിക ക്യാമ്പ്

**ചെങ്ങന്നൂർ:** ഭദ്രാസന ബാലസമാജം വാർഷിക ക്യാമ്പ് കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രലിൽ ആഗസ്റ്റ് 21, 22 തീയതികളിൽ നടന്നു. "ഒരുമയോടെ ദൈവത്തെ സേവിക്കുക" എന്നതായിരുന്നു മുഖ്യചിന്താവിഷയം.

സമ്മേളനത്തിൽ ഇടവകവികാരി ഫാദർ തോമസ് കൊക്കപ്പറമ്പിൽ അദ്ധ്യക്ഷം വഹിച്ചു. ഫാദർ ദാനിയേൽ പുല്ലേലിൽ, ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഡീക്കൻ വി.ഐ. വിൽസൻ, സി.ഒ. മാത്യു യുവജനപ്രസ്ഥാനം കേന്ദ്ര ജോ: സെക്രട്ടറി ജേക്കബ് ഉമ്മൻ, ബാലികാസമാജം ഭദ്രാസന ജോ: സെക്രട്ടറി. റീനു എം.എസ്. എന്നിവർ ആശംസകൾ നേർന്നു.

## വൈദികചരമം

### റവ. ഫാ. പി.ജി. ജോർജ്ജ്



**പത്തനംതിട്ട:** കിഴക്കുപുറം പുലിമുഖത്തു പരേതനായ ഗീവറുഗീസ് കത്തനാരുടെ പുത്രനും ബഥേൽ അരമനപ്പള്ളിയുടെ മാനേജരും ബഥേൽ പത്രികയുടെ പത്രാധിപരുമായിരുന്ന റവ. ഫാ. പി.ജി. ജോർജ്ജ് (76) നിര്യാതനായി. ചെങ്ങന്നൂർ ഭദ്രാസന രൂപവൽക്കരണത്തിന് സമർത്ഥമായ നേതൃത്വം നല്കിയ ജോർജ്ജച്ചൻ ഭദ്രാസനത്തിന്റെ ആദിമകാല സെക്രട്ടറിയുമായിരുന്നു. കാലംചെയ്ത പുത്തൻകാവ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ പ്രമുഖ ശിഷ്യനായിരുന്ന ഫാ. ജോർജ്ജ് പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂൾ അദ്ധ്യാപകൻ, പുത്തൻകാവ് മെട്രോപ്പോലീറ്റൻ ഹൈസ്കൂൾ, കാർത്തികപ്പള്ളി സെന്റ് തോമസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ ഹെഡ്മാസ്റ്റർ എന്നീ നിലകളിൽ കഴിവുറ്റതും, നിസ്വാർത്ഥവുമായ സേവനം കാഴ്ചവച്ചു.

സംസ്കാരം അട്ടച്ചാക്കൽ മാർ പീലക്സിനോസ് ഓർത്തഡോക്സ് പള്ളിയിൽ. നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ്, തുമ്പമൺ ഭദ്രാസനാധിപൻ ഫീലിപ്പോസ് മാർ യൗസേബിയോസ്, ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ കാർമ്മികത്വത്തിലും നിരവധി വൈദികരുടെ സഹകരണത്തിലും നടത്തപ്പെട്ടു.

### ഫാ. തോമസ് തെക്കൻ



**വെളിയനാട്:** പുത്തൻപുരയ്ക്കൽ ഫാ. തോമസ് തെക്കൻ (70) നിര്യാതനായി. സംസ്കാരം വടയാപ്പറമ്പ് മാർ ബഹനാൻസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി.

വടയാപ്പറമ്പ് മാർ ബഹനാൻസ്, കാനായിക്കോടു സെന്റ് മേരീസ്, തുരുത്തിക്കര സെന്റ് ഗ്രീഗോറിയോസ്, കൊരട്ടി സീയോൻ സെമിനാരി, പടമുഗൾ സെന്റ് ജോൺസ് ബാപ്റ്റിസ്റ്റ് പള്ളികളിൽ പ്രവർത്തിച്ചിട്ടുണ്ട്. കൊച്ചി ഭദ്രാസന സെക്രട്ടറിയും, സഭാ മാനേജിങ് കമ്മിറ്റിയിലും വർക്കിങ് കമ്മിറ്റിയിലും അംഗവുമായിരുന്നു. ഭാര്യ: മുളന്തുരുത്തി പാവുടത്ത് ചാലപ്പുറത്ത് കുടുംബാംഗം ബേബി. മക്കൾ: ലീന, ജെസ്ലിൻ (ദുബായ്), അനിയൻ, ജെബി (കുവൈത്ത്), സെന്നി, സുനിൽ, നെവിൻ (സൗദി അറേബ്യ). മരുമക്കൾ: എം.ജി. മാത്തുക്കുട്ടി സാറാ, മിനി.

## ബാലികാ സമാജം വാർഷിക ക്യാമ്പ്

**തുമ്പമൺ:** ഭദ്രാസന ബാലികാ സമാജം ദ്വിദിന വാർഷിക ക്യാമ്പ് ഒക്ടോബർ 19, 20 തീയതികളിൽ തുമ്പമൺ മർത്തമറിയം മന്ദിരത്തിൽവച്ച് നടന്നു. 200-ലധികം പെൺകുട്ടികൾ സംബന്ധിച്ചു. അഭി. യൗസേബിയോസ് തിരുമേനി ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

*Best Compliments from,*

# ദാനിയേൽ മാർ പീലക്സീനോസ് സ്മാരക മന്ദിരം

## പത്തനംതിട്ട

(തുമ്പമൺ ഭദ്രാസനത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു സ്ഥാപനം)

**"മാർ ഗ്രീഗോറിയോസ് ശാന്തിനിലയം കൗൺസലിംഗ് സെന്റർ"**

ജീവിതത്തിന്റെ വിവിധ തുറകളിൽ ഉള്ളവർക്കായി ആശ്വാസവും, മാർഗ്ഗദീപവും പ്രത്യാശാഗോപുരവുമായി, എല്ലാ ചൊവ്വാഴ്ചയും വ്യാഴാഴ്ചയും, ശനിയാഴ്ചയും കൗൺസലിംഗ് ക്ലാസ്സുകൾ, രണ്ടാം ശനിയാഴ്ചകളിൽ പ്രത്യേകം സെമിനാറുകൾ, ചർച്ചാസമ്മേളനങ്ങൾ എന്നിവ വിജയകരമായി നടത്തിവരുന്നു.

**ഡയറക്ടർ – ഫാ. വി.എം. ഏബ്രഹാം**
ബേസിൽ അരമന, പത്തനംതിട്ട

## സെന്റ് തോമസ് ബുക്ക് ഡിപ്പോ

കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റിന് സമീപം
മാർ പീലക്സിനോസ് മെമ്മോറിയൽ ബിൽഡിംഗ്
പത്തനംതിട്ട, ഫോൺ: 320501

പള്ളികൾക്ക് ആവശ്യമായ വീഞ്ഞ്, വിവിധ സൈസിലുള്ള കുരിശുകൾ, മറുബഹാസ, അരുളിക്കാ, കുന്തിരിക്കം, മെഴുകുതിരികൾ, ധൂപക്കുറ്റി, കാസാസെറ്റ്, തക്സാ സ്റ്റാന്റ്, ചിത്തോല, വിരിക്കൂട്ട്, മുത്തുക്കുടകൾ, മെഴുകുതിരി, ശോശപ്പാ തുടങ്ങിയ എല്ലാ സാധനങ്ങളും മിതമായ നിരക്കിൽ ഇവിടെ നല്കിവരുന്നു.

മലങ്കര ഓർത്തഡോക്സ് ബുക്ക് സെന്റർ, എം.ജി.ഒ.സി.എസ്.എം., ബൈബിൾ സൊസൈറ്റി, മാവേലിക്കര സെന്റ് പോൾസ്, തിരുവല്ല സി.എസ്.എസ്., എറണാകുളം സെന്റ് പോൾസ്, കോട്ടയം സോഫിയാ സെന്റർ, ദീപിക ബുക്ക് ഹൗസ് തുടങ്ങിയ പ്രമുഖ പ്രസിദ്ധീകരണശാലകളുടെ പുസ്തകങ്ങൾ 10% കമ്മീഷൻ നല്കി കൊടുക്കുന്നു.

പുരോഹിതന്മാർക്ക് ആവശ്യമായ കാപ്പാ സെറ്റുകൾ, ശുശ്രൂഷാ കുപ്പായം മുതലായവയും യേശു ക്രിസ്തുവിന്റേയും, പരി. മാതാവിന്റേയും, പരിശുദ്ധന്മാരുടേയും ലാമിനേറ്റ് ചെയ്ത വിവിധ സൈസിലുള്ള മനോഹരമായ ചിത്രങ്ങളും മറ്റും വില്പനയ്ക്ക് തയ്യാറാക്കിയിട്ടുണ്ട്. എല്ലാവിധ ഡിസൈനുകളോടുകൂടി ക്രിസ്തുമസ് ന്യൂ ഇയർ കാർഡുകൾ മിതമായ നിരക്കിൽ നമ്മുടെ സ്റ്റോറിൽ ലഭ്യമാണ്.

**ഫാ. തോമസ് ജോൺസൺ**
സെക്രട്ടറി
ഫോൺ: 322724 (Res.) 320501 (Off.)



## പൗരോഹിത്യ രജതജൂബിലി

**തെങ്ങമം:** സഭാ മാനേജിംഗ് കമ്മറ്റി അംഗവും പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂൾ അദ്ധ്യാപകനും, തെങ്ങമം സെന്റ് മേരീസ് പള്ളി വികാരിയുമായ ഫാ. കെ. ടി. വർഗ്ഗീസിന്റെ പൗരോഹിത്യ രജത ജൂബിലി 1999 ഒക്ടോബർ 3-ാം തീയതി നടന്നു. അഭിവന്ദ്യ മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായ സമ്മേളനം ബഹു. കേരള നിയമസഭാ ഡപ്യൂട്ടി സ്പീക്കർ ശ്രീ. സി. എ. കുര്യൻ ഉദ്ഘാടനം ചെയ്തു.

തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., പത്തനംതിട്ട ജില്ലാ കളക്ടർ ടി. തങ്കപ്പൻ, ഫാ. കെ.എ. ഏബ്രഹാം, ശ്രീ. ഏ.കെ. തോമസ്, ഡോ. സാമുവൽ ചന്ദനപ്പള്ളി തുടങ്ങിയവർ പ്രസംഗിച്ചു.

## തിരുവല്ലാ സെൻട്രൽ കൺവൻഷൻ

രണ്ടായിരാമാണ്ടിലെ തിരുവല്ലാ സെൻട്രൽ കൺവൻഷൻ നടത്തിപ്പിന് ഭാരവാഹികളെ തിരഞ്ഞെടുത്തു. അഭി. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ തിരുവല്ലാ ബഥനി അരമനയിൽ മാർ ബസ്സേലിയോസ് ജൂബിലി സെന്ററിലാണ് തിരഞ്ഞെടുപ്പ് നടന്നത്.

റവ. ഫാ. വി.ജെ. ഉമ്മൻ പ്രസിഡന്റ്, റവ. ഫാ. കുര്യൻ ഡാനിയൽ ജന. സെക്രട്ടറി, ശ്രീ എം.ഡി. വർഗീസ് ട്രഷറാർ, വിവിധ കമ്മറ്റികൾക്ക് ചെയർമാൻമാരായി റവ. ഫാ. വർഗീസ് ചാക്കോ, റവ. ഫാ. കെ.എ. ഏബ്രഹാം, ശ്രീ. റ്റി.ജെ. ജോർജ്ജ്, ശ്രീ. ജേക്കബ് ഫിലിപ്പ്, റവ. ഫാ. കെ.വി. മാത്യു, ശ്രീ. ജോ ഇലഞ്ഞിമൂട്ടിൽ എന്നിവരെ തിരഞ്ഞെടുത്തു.

## വാജ്പേയി ഗവണ്മെന്റിന് പ. ബാവാ തിരുമേനിയുടെ ആശംസ

ഇന്ത്യയുടെ പതിമൂന്നാം ലോക്സഭയിലെ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ശ്രീ. അടൽ ബിഹാരി വാജ്പേയിയെ പ. ബാവാ തിരുമനസ്സു കൊണ്ട് അനുമോദിച്ചു. പ. ബാവാ തിരുമേനിയുടെ കത്തിൽ ഗവണ്മെന്റിന്റെ എല്ലാ പുരോഗമനപരമായ പ്രവർത്തനങ്ങൾ ക്കും മലങ്കര ഓർത്തഡോക്സ് സഭയുടെ പിന്തുണ വാഗ്ദാനം ചെയ്തു. ഭരണഘടന അനുശാസിക്കുന്ന എല്ലാ അവകാശ അധികാരങ്ങളും ജനങ്ങൾക്ക് പ്രത്യേകിച്ച് ന്യൂനപക്ഷങ്ങൾക്ക് നല്കണം എന്നും ബാവാ തിരുമേനി തന്റെ സന്ദേശത്തിൽ ഓർമ്മിപ്പിച്ചു. തന്റെ ഗവണ്മെന്റിനുള്ള അനുമോദനത്തിന് പ്രധാനമന്ത്രി നന്ദി രേഖപ്പെടുത്തി കത്തയയ്ക്കുകയുണ്ടായി.

## മോർ മൽക്കെ ബുക്ക്സ്റ്റാൾ കം പബ്ലിഷേഴ്സ്

തിരുവല്ലാ കാവുംഭാഗത്ത് തെക്കേപുത്തൻ പള്ളിയ്ക്കു സമീപം പള്ളിയുടെ ചുമതലയിൽ മോർ മൽക്കെ ബുക്ക്സ്റ്റാൾ കം പബ്ലിഷേഴ്സ് എന്ന സ്ഥാപനം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. സഭവക പ്രസിദ്ധീകരണങ്ങളും പള്ളിയാരാധനയ്ക്കുള്ള സാധനങ്ങളും കാസറ്റുകളും യുവജനപ്രസ്ഥാന ഫ്ളാഗും ഇവിടെ ലഭ്യമാണ്. ക്രിസ്തീയ പുസ്തകങ്ങൾ പബ്ലിഷ് ചെയ്തു കിട്ടാൻ ആഗ്രഹിക്കുന്ന എഴുത്തുകാർ ബന്ധപ്പെടുക.

## പിതാക്കന്മാരുടെ ഓർമ്മ

**നവംബർ 24**



സഭാ ജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 183-ാം ഓർമ്മ



ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 3-ാം ഓർമ്മ

കോട്ടയം പഴയ സെമിനാരി ചാപ്പൽ

## പൊതുയോഗവും തെരഞ്ഞെടുപ്പും

**കൊല്ലം:** കൊല്ലം ഭദ്രാസനത്തിന്റെ വാർഷിക പൊതുയോഗവും തെരഞ്ഞെടുപ്പും ഒക്ടോ. 20-ാം തീയതി ഭദ്രാസന മെത്രാപ്പോലീത്താ മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽകൂടി.

ഭദ്രാസന സെക്രട്ടറിയായി ഫാ. സി.ജോൺ പണിക്കരും കൗൺസിൽ അംഗങ്ങളായി ഫാ. ജോസഫ് ജോർജ്ജ്, ഫാ. ജേക്കബ് ജോൺ, പ്രൊഫ. ഒ. അലക്സാണ്ടർ, പ്രൊഫ. വർഗീസ് പേരയിൽ, റ്റി. സി. ബാബുക്കുട്ടി, ജോൺ ജേക്കബ് എന്നിവരും ശാസ്താംകോട്ട എം.റ്റി.എം. എം. ആശുപത്രി കമ്മറ്റിയിലേക്ക് ഫാ. അലക്സ് പി. സക്കറിയ, ഫാ. കോശി മാത്യു, ഫാ. ജിജു ജോൺ, അലക്സാണ്ടർ വൈദ്യൻ, മാത്യു ചെറിയാൻ, ബിനു ജോൺ, വർഗീസ് ജോർജ്ജ്, ജോൺസൺ ജോർജ്ജ്, അടൂർ സുഭാഷ് എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

സഭാ സെക്രട്ടറി ശ്രീ. എ. കെ. തോമസ് മുഖ്യ വരണാധികാരിയായിരുന്നു.

### പാവനസ്മരണയ്ക്ക്

4-ാം ചരമവാർഷികം
11-11-1999



**റവ. ഫാ. സി. മാത്യൂസ് (സോജനച്ചൻ)**
കണ്ണമത്ത് ഗ്രീൻവ്യൂ,
കൊടുവിള, കൊല്ലം
സന്തപ്ത കുടുംബാംഗങ്ങൾ

ഉദ്ഘാടനം
ഉടൻ പ്രതീക്ഷിക്കുക

# കരിക്കിനേത്ത്

ചങ്ങനാശ്ശേരി

വസ്ത്രവ്യാപാരരംഗത്ത് 60-ൽപരം വർഷത്തെ പാരമ്പര്യമുള്ള
കരിക്കിനേത്തിന്റെ പുതിയ സംരംഭം.

*Sister Concerns:*
കരിക്കിനേത്ത് തിരുവല്ല, പത്തനംതിട്ട, അടൂർ, കൈപ്പട്ടൂർ.
ഫോൺ: (0473) 350227 (Off.), 350164 (Res.)

പരിശുദ്ധ പരുമല തിരുമേനി
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.....

Shyni
Mosaic Industries
Perunna, Changanacherry - 686 102
Kerala, S. India

Phone 91-481
066:42566 (4 lines)
Factory: 420966
Res: 421166
Fax: 424366

Manufacturers of Mosaic Tiles,
Dealer's in flooring Materials

Suria Ads.

*Best Compliments From*

THOPPIL TRADERS
PANDALAM - 689501
Phone: 0473-450743
Pager: 9628-739241

*Dealers in:*
H.R. Mahendra, LPC,
Dhara, Polar Pump sets,
Star Flush Tank, C.P. Bathroom
Fittings.

# സൺഡേസ്കൂൾ വാർത്തകൾ

മുമ്പും യു.എ.ഇ. സൺഡേസ്കൂളുകളെപ്പറ്റി ഈ പംക്തിയിൽ പ്രശംസാപൂർവം പ്രസ്താവിച്ചിട്ടുണ്ട്. ഈ സെപ്തംബറിൽ സൺഡേസ്കൂളിനോടുബന്ധപ്പെട്ട മൂന്നു പരിപാടികളിൽ അവിടെ സംബന്ധിക്കുവാൻ എനിക്കു കഴിഞ്ഞു. (1) അബുദാബി, ദുബായ്, ഷാർജാ, റാസ് അൽക്കൈമ, അലെയിൻ എന്നീ അഞ്ചു സൺഡേസ്കൂളുകളിലെ ഹെഡ്മാസ്റ്റേഴ്സ് അദ്ധ്യാപകപ്രതിനിധികൾ എന്നിവരുടെ സമ്മേളനം (2) പ്രസ്തുത സൺഡേസ്കൂളുകളിലെ വിദ്യാർത്ഥികൾ പങ്കെടുത്ത സഹപാഠ്യമത്സരം. (3) അബുദാബി ഇടവകയിലെ അദ്ധ്യാപകർക്കും രക്ഷകർത്താക്കളും ഒരുമിച്ചുള്ള സമ്മേളനം.

സൺഡേസ്കൂൾ പ്രവർത്തനത്തിന് ആ ഇടവകകൾ സവിശേഷ പ്രാധാന്യം നല്കിയിട്ടുണ്ട് എന്ന് അഭിനന്ദനത്തോടെ അനുസ്മരിക്കുന്നു. ഒ.എസ്.എസ്.എ.ഇ.യുടെ പരിപാടികൾ അഭംഗുരം നടപ്പാക്കുന്നതിൽ അവർ ജാഗ്രതയുള്ളവരാണ്. അവിടുത്തെ ഇൻസ്പെക്ടർ ശ്രീ. ജേക്കബ് വറുഗീസ് പ്രത്യേകം അനുമോദനം അർഹിക്കുന്നു. തന്റെ ഔദ്യോഗിക കാര്യങ്ങൾക്കുശേഷം ലഭിക്കുന്ന മുഴുവൻ സമയവും സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്കായി അദ്ദേഹം നീക്കിവച്ചിരിക്കുന്നു. അദ്ധ്യാപകരും ഉന്നത ബിരുദങ്ങൾ ഉള്ളവരും അർപ്പണബോധമുള്ളവരുമാണ്.

**2. വാർഷികപ്പരീക്ഷ:** നവംബർ 21, 28 തീയതികളിൽ, കേന്ദ്രപരീക്ഷ, ബോർഡു തയ്യാറാക്കിയ ചോദ്യക്കടലാസ് അനുസരിച്ച് നടക്കുന്നതാണ്. ചോദ്യക്കടലാസ് പായ്ക്കറ്റുകൾ നവംബർ 13-ാം തീയതി സോണൽ മത്സരങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ ചുമതലപ്പെട്ടവരെ ഏല്പിക്കും.

**3. മത്സരപ്പരീക്ഷ:** ഡിസംബർ അവസാനത്തെ ശനിയാഴ്ച നടത്തുന്ന പതിവാണു നമുക്കുള്ളത്. എന്നാൽ ഈ പ്രാവശ്യം അവസാനത്തെ ശനിയാഴ്ച ക്രിസ്മസ് ദിനമാണ്. അതുകൊണ്ട് അതിനടുത്ത ശനിയാഴ്ചയായ ജനുവരി ഒന്നിന് മത്സരപരീക്ഷ നടത്താൻ മാത്രമേ നിർവാഹമുള്ളൂ.

ആ പരീക്ഷയ്ക്കുള്ള ഹാൾടിക്കറ്റ് നവംബർ 13-ാം തീയതി ഭദ്രാസനഡയറക്ടർമുഖാന്തിരം ഡി. ഇൻസ്പെക്ടറന്മാരെ ഏല്പിക്കും. ചോദ്യക്കടലാസ് പായ്ക്കറ്റുകൾ വിതരണദിവസം ഏതെന്ന് കേന്ദ്രത്തിൽനിന്ന് അറിയിക്കുന്നതാണ്. മത്സരപരീക്ഷകളുടെ ഫലം 2000 ഫെബ്രുവരി 15-ന് പ്രസിദ്ധീകരിക്കും.

ഉത്തരക്കടലാസ് പുനഃപരിശോധനയ്ക്കുള്ള അപേക്ഷകൾ ഹെഡ്മാസ്റ്റർ മുഖാന്തരം ഡയറക്ടർ ജനറലിന് അയയ്ക്കണം. പുനഃപരിശോധനയുടെ ഫലം ഭദ്രാസന ഡയറക്ടറെ അറിയിക്കും. ഏപ്രിൽ 20-നകം ഫലം അറിഞ്ഞില്ലെങ്കിൽ ഡയറക്ടർ ജനറലിന്റെ ഓഫീസുമായി ഹെഡ്മാസ്റ്റർ ബന്ധപ്പെടേണ്ടതാണ്.

**4. ശിശുവകുപ്പിലെ കുട്ടികൾക്ക് പുസ്തകം:** ഒന്നാംക്ലാസ്സിൽ ചേരുന്നതിനു പ്രായമാകാത്ത കുട്ടികൾക്കായി ഒരു ക്ലാസ്സ് 2000-ാമാണ്ട് മുതൽ തുടങ്ങുന്നതാണ്.

**5. അദ്ധ്യാപകപരിശീലനക്ലാസ്സ്:** കൊല്ലം, ഇടുക്കി എന്നീ ഭദ്രാസനങ്ങളിലെ അദ്ധ്യാപകപരിശീലന ക്യാമ്പുകൾ ഒക്ടോ. 18 മുതൽ 20 വരെ തീയതികളിൽ നടന്നു. തിരുവനന്തപുരം ഭദ്രാസനത്തിലെ ക്യാമ്പ് പാലവിള സെന്റ് സ്റ്റീഫൻസ് സ്കൂളിൽ വച്ച് ഒക്ടോ. 17 മുതൽ 20 വരെ നടന്നു.

പ്രസ്തുത ഭദ്രാസനത്തിലെ ഹെഡ്മാസ്റ്ററന്മാരുടെയും അദ്ധ്യാപകപ്രതിനിധികളുടേയും ഏകദിന സമ്മേളനം കുളത്തുപ്പുഴ സെന്റ് ജോർജ് പള്ളിയിൽവച്ച് സെപ്തം. 26-ാം തീയതി നടന്നു. എപ്പിഫാനിയോസ് തിരുമേനി നേതൃത്വം നല്കി. കേന്ദ്ര ഓഫീസിൽനിന്ന് പബ്ലിക്കേഷൻസ് ഓഫീസർ കെ.വി. തോമസച്ചൻ അതിൽ സംബന്ധിച്ചു.

**6. ഓഫ്സെറ്റ് പ്രസ് തല്ക്കാലം വാങ്ങിക്കുന്നില്ല:** സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ വകയായി ഓഫ്സെറ്റ്പ്രസ് വാങ്ങിക്കാൻ കഴിഞ്ഞ വാർഷിക പൊതുസമ്മേളനം തീരുമാനിച്ചതാണ്. എന്നാൽ ദേവലോകം കാതോലിക്കേറ്റ് ഓഫീസിൽനിന്ന് കാതോലിക്കേറ്റ് പ്രസ്സിനുവേണ്ടി ഓഫ്സെറ്റ്പ്രസ് വാങ്ങിക്കാൻ നടപടി സ്വീകരിച്ച സാഹചര്യത്തിൽ നമ്മുടെ പദ്ധതി തല്ക്കാലം നടപ്പാക്കേണ്ടതില്ല എന്നു തീരുമാനിച്ചു. പ്രസുവാങ്ങിക്കുന്ന കാര്യം അറിയിച്ചപ്പോൾ സൺഡേസ്കൂൾ പ്രവർത്തകർ അതിൽ കാണിച്ച ഉത്സാഹവും പ്രോത്സാഹനവും നന്ദിപൂർവ്വം സ്മരിക്കുന്നു.

*ഫാദർ ടി.ജെ. ജോഷ്വാ*
*ഡയറക്ടർ ജനറൽ*

1ST DEATH ANNIVERSARY
28-10-1999



Easo Andrews (Kunjumon)
Oolamackal, Vazhoor

*Inserted by:*
Wife & Children

## പുതിയ നൂറ്റാണ്ടിന് വരവേല്പ്

ഒട്ടധികം വിഭവങ്ങളുമായി

# മലങ്കരസഭ വാർഷിക പതിപ്പ്

## 2000 ജനുവരി ലക്കം

*ലേഖനങ്ങൾ, കഥകൾ, കവിതകൾ, കാർട്ടൂണുകൾ*
*തുടങ്ങിയ രചനകൾ*
*നവംബർ 30–നകം കിട്ടിയിരിക്കണം*

നിങ്ങളുടെ കോപ്പി ഉറപ്പുവരുത്തുക

പരസ്യ നിരക്കുകൾ

| | |
|---|---|
| Back Cover | 12,000 |
| Front inside | 7,000 |
| Back inside | 6,000 |
| Full Page | 3,000 |
| Half Page | 2,000 |
| Quarter | 1,500 |
| Minimum | 1,000 |
| 8x5 cm (1/8 size) | |

***മലങ്കരസഭ*** ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക മുഖപത്രം

## MATRIMONIAL

ദൈവഭക്തിയും ഇടത്തരം സാമ്പത്തികശേഷിയുമുള്ള പുരാതന ഓർത്തഡോക്സ് കുടുംബത്തിലെ (44 വയസ്സ്, ഇരുനിറം 162 സെ.മീ. ഉയരം) വിദ്യാഭ്യാസ യോഗ്യത ബിരുദാനന്തര ബിരുദം, കവി, നോവലിസ്റ്റ്, ഗാനരചയിതാവുമായ യുവാവിന് അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

*വിലാസം:* Box No. 244,
Malankara Sabha,
Devalokam, Kottayam686 038


GOLD ◆ DIAMOND ◆ BIRTH STONES

# PALATHRA FASHION
JEWELLERS

*We Craft your Dreams. In Gold.*

| PATHANAMTHITTA | ALLEPPEY | PUNALUR |
|---|---|---|
| Ph: 322517 | Ph: 251109 | Ph: 222849 |

Our Sister Concerns in Pathanamthitta:

# PALATHRA WATCHES

*For Watches, Clocks, Timepieces, Straps etc.*

TITAN HMT SHIVAKI LAMEX WESTAR VGUARD AJANTA JAYCO HIRSCH

Palathra Buildings, Central Junction, Pathanamthitta,
Phone: (0473) 322517

# PALATHRA TOURS & TRAVELS

*For your International and Domestic Air Travel*

Palathra Buildings, Ist Floor, Central Junction, Pathanamthitta.
Phone: (0473) 322517, 321517. Fax: 0473-321517

**We Understand travel Well ..... And You Even Better**

Licence No. 475, 11th April 1946. Registered No. KL KTM-38
THE MALANKARA SABHA
CATHOLICATE OFFICE, KOTTAYAM-686 038

# മൂന്നാം ഓർമ്മ പെരുന്നാൾ

8-11-1999



പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ
മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ

Printed and Published by Fr. T.G. Zacharia for Orthodox Viswasa Paripalana Samithy, Kottayam at the Catholicate Press, Kottayam-38. Chief Editor Rev. Dr. Jacob Kurian.
Price Rs. 7.50